A.K.C.C. BULLETIN

Vol. 15 | JULY 1964 | No. 7



ചങ്ങനാശ്ശേരിയിൽ നടന്ന ദേവാലയധ്വംസന പ്രതിഷേധയോഗത്തിൽ
സംബന്ധിച്ച വിവിധ ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട
അഭിവന്ദ്യ തിരുമേനിമാരും പ്രസംഗകരും.

ഇടത്തുനിന്ന വലത്തോട്ട്:— തിരുമേനിമാർ: (മുൻനിരയിൽ) റൈറ്റ് റവ. ഡോ. പത്രോണി (കോഴിക്കോട്), മാർ സെബാസ്റ്റ്യൻ വയലിൽ (പാലാ), മാർ മാത്യു കാവുകാട്ട് (ചങ്ങനാശ്ശേരി), പ. കാതോലിക്കാബാവാ (ഉൽഘാടകൻ), മാർ ക്ലിമീസ് (അദ്ധ്യക്ഷൻ), ബനഡിക്ട് മാർ ഗ്രിഗോറിയോസ് (തിരുവനന്തപുരം).

പിൻനിരയിൽ:—മാർത്തോമ്മാ മെത്രാപ്പോലീത്താ മാത്യൂസ് മാർ അത്തനാസിയൂസ്, സി. എസ്. ഐ. ബിഷപ്പ് റൈറ്റ് റവ. എം. എം. ജോൺ, മാത്യൂസ് മാർ ഇവാനിയോസ് (കോട്ടയം മഹാഇടവക മെത്രാപ്പോലീത്താ), റൈറ്റ് റവ. ഡോ. ജറോം ഫെർണാണ്ടസ് (കൊല്ലം), സക്കറിയാസ് മാർ അത്തനേഷ്യസ് (തിരുവല്ലാ).

പ്രസംഗകർ:— (മുൻനിര) മിസ്സിസ് ആനി കെ. തയ്യിൽ, (പിൻനിര) മെ: വി. കെ. കുര്യൻ, ഹസ്സൻഗനി എം.എൽ.എ., പി. സി. ഏബ്രഹാം (ഏ.കെ.സി.സി. പ്രസിഡണ്ട്), ഡിക്കോസ്റ്റ (ലത്തീൻ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട്).

**"United We Stand,-
Divided We Fall"**

വായനക്കാർ എഴുതുന്നു

കാർട്ടൂൺപംക്തി തുടങ്ങണം

സർ,

നമ്മുടെ ബുള്ളറിന്റെ കെട്ടും മട്ടും വളരെ നന്നായിട്ടുണ്ട്. ഒന്നു രണ്ടു ന്യൂനതകളുള്ളതു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. അതായതു് മറ്റുള്ള മാസികകളെല്ലാം മാസത്തിന്റെ ആരംഭത്തിൽ പുറത്തു വരുമ്പോഴും നമ്മുടെ ബുള്ളറിൻ മാസാവസാനമോ, അടുത്ത മാസമോ ആണു് സാധാരണ കിട്ടാറുള്ളതു്. പിന്നെ വേറൊന്നു് എല്ലാ weekly കളിലും മാസികകളിലും ഉള്ളതുപോലെ നമ്മുടെ ബുള്ളറിനിലും ഒരു കാർട്ടൂൺ പംക്തി തുടങ്ങുന്നതു് മാസികയുടെ പ്രചുര പ്രചാരത്തിനു് സഹായിക്കുമെന്നാണു് എനിക്കു തോന്നുന്നതു്.

അപ്പച്ചൻ ആറുമാനൂർ

മാസികയുടെ കെട്ടും മട്ടും മാറിവരുന്നതു കാണുന്നതിൽ സന്തോഷമുണ്ടു്. ഒരു പേരില്ലാത്തതു വലിയ കുറവാണു്. 'സ്നേഹദൂതൽ' എന്നോ മറ്റോ ഒരു പേരിടണം. എല്ലാ വിജയങ്ങളും നേർന്നുകൊള്ളുന്നു.

എം. എ. ജോസഫ്

മുതുപുന്നയ്ക്കൽ, തീക്കോയി.

Dear and Respected Editor,

I am very much pleased with the A.K.C.C Bulletin. I think that it will become an influential magazine.

I wish all success,

Yours Sincerely,

T.O.P. Mevelloor.

St Joseph'sApostolic Seminary

Alwaye North p. O;

Dear Sir,

—We have already sent our mite towards the maintenance of your magazine. We shall try to send somethihg more later on.

Above, all we appreciate your exeellent venture and pray to Our Lord for all prosperity and progress May God bless you and all your collaborators

With many thanks, best wishes, and kind regards,

Rev. Fr. Ephrem, OSB

Sylvestro-Benedictine congregation N Wynad

മോട്ടോർയാത്രയും ഛർദ്ദിയും

— ജോജ്ജു് അന്തീക്കാട്ടു് —

നാം എല്ലാവരും മോട്ടോർ വാഹനങ്ങളിൽ സഞ്ചാരികളാണു്. എന്നാൽ ചിലർ മോട്ടോർ സഞ്ചാരത്തെ വെറുക്കുന്നു. കാരണം ചോദിച്ചാൽ അവർ മൗനം ഭജിക്കുന്നു. എങ്കിലും പോകേണ്ടിടത്തു് പോകേണ്ട ആവശ്യത്തിനാൽ അവർ നിർബന്ധിതരായി യാത്ര തുടരുകയും ചെയ്യുന്നു. അങ്ങനെയുള്ളവർ വാഹനങ്ങളിൽ കയറിയാലുടൻ ഛർദ്ദി തുടങ്ങുകയായി. കൂടെയുള്ളവർ അവിടംമുതൽ പരിഹാസവും അഭിപ്രായവും തുടങ്ങുകയായി. ഈ ഒരു കാരണംകൊണ്ടു് പലരും മോട്ടോർയാത്ര നിറുത്തിവയ്ക്കാൻ തയ്യാറാവുന്നു. ഇതിനെപ്പറ്റി പലരും പല വിധത്തിലും വ്യാഖ്യാനിക്കാറുണ്ടു്. പിത്തമെന്നും, വാഹനയാത്ര ആദ്യമായതുകൊണ്ടാണെന്നും. പക്ഷേ അതിൽ അധികം വാസ്തവമുണ്ടോ എന്നു് തോന്നുന്നില്ല. മുൻപറഞ്ഞ ഛർദ്ദിക്കുവേണ്ടി ഇപ്പോൾ ഒരുതരം ഗുളിക തയ്യാറായി ഇംഗ്ലീഷ് മരുന്നുകടയിൽ വരുന്നുണ്ടു്. പക്ഷേ ഈ മരുന്നു എല്ലാ കടകളിലും ഉള്ളതായി അറിവില്ല. നല്ല ഫലസിദ്ധിയുള്ളതാണു് ആ മരുന്നു്. ഉപയോഗക്രമം യാത്രയ്ക്കു ഒരു മണിക്കൂർ മുൻപും, ചില നിമിഷങ്ങൾ മുൻപും ഓരോ ഗുളിക ഭക്ഷിച്ചു് ഒരു ഗ്ലാസു് വെള്ളം പുറമെ കുടിക്കുക എന്നതാണു്. മുൻപറഞ്ഞ ഛർദ്ദി എങ്ങനെ വരുന്നുഎന്നു് നമുക്കു നോക്കാം. നാം ഭക്ഷിക്കുന്ന ഭക്ഷണം ആമാശയത്തിൽ ചെന്നപാടെ ദഹിക്കുന്നില്ല. അല്പാല്പമായിട്ടാണു് ദഹിക്കുന്നതു്. ഭക്ഷണം കഴിഞ്ഞയുടനെ യാത്ര തുടരുന്നതുകൊണ്ടും, നമ്മുടെ ഭക്ഷണശേഖരമായ ആമാശയത്തിനു് ചലനം സംഭവിക്കുന്നതുകൊണ്ടും, ഛർദ്ദിക്കുമെന്ന ഭീതികൊണ്ടും, ഛർദ്ദിയുണ്ടാകാം. ഇതിനു് പ്രകൃതിദത്തമായി പലതും നിർദ്ദേശിക്കുന്നു. ചെറുനാരങ്ങാ മണക്കുക, പറങ്കിമാവിന്റെ ഇല ചവച്ചു് നീരു് ഇറക്കുക, ചെമ്പുനാണയങ്ങളുടെ കറ ഭക്ഷിക്കുക. ഇതെല്ലാം ഒരു നാടൻ ചികിത്സ മാത്രമാണു്. ഫലസിദ്ധി വളരെ അപൂർവ്വമാണു്. മുൻപറഞ്ഞ ചികിത്സകളെയെല്ലാം പരാജയപ്പെടുത്താൻ യുക്തിപൂർവ്വമായ ഒരു ചികിത്സയുണ്ടു് ശ്രദ്ധിക്കുക:—

യാത്ര തുടരുന്നതിനു് (മോട്ടോർ വാഹനങ്ങളിൽ) നാലുമണിക്കൂറുകൾക്കകം ഘനമുള്ള ഭക്ഷണം ഒന്നും കഴിക്കരുതു്. മധുരം തീരെ വർജ്ജിക്കുക. ഇരുപതു് മൈലിനു മുന്നു ഓറഞ്ചുവീതം കരുതുക. ഞാൻ ഛർദ്ദിക്കുകയില്ലെന്നു് ധൈര്യത്തോടുകൂടി വാഹനങ്ങളുടെ സൈഡു് സീറ്റിൽ ഇരിക്കുക. മുൻവശത്തെ സീറ്റിന്റെ ചാരിയിൽ കാൽമുട്ടുകൾ ഊന്നി അല്പം പിറകോട്ടു ചാഞ്ഞു കിടക്കുന്ന വേളയിൽ ശരീരഘടനയ്ക്കോ, ആമാശയത്തിനോ, ഇളക്കം തട്ടാത്തവിധത്തിൽ വേണം ഇരിക്കുവാൻ. മുൻപറഞ്ഞ രീതിയിൽ ചെയ്തിട്ടും ഛർദ്ദി വരുന്നുണ്ടെങ്കിൽ മുന്നറിയിപ്പായി ചില കാരണങ്ങൾ ശ്രദ്ധിക്കുക—

ദുർസ്വാദോടുകൂടി ഒരുതരം ദ്രാവകം വായിൽ വരുന്നു; വയറ്റിൽ വല്ലാത്തൊരുപ്രയാസംതോന്നും. ഈവക കാരണങ്ങൾ കാണുമ്പോൾ മുൻപറഞ്ഞ ഓറഞ്ചു് പൊളിച്ചു് ഓരോ അല്ലിയായി വായിലിട്ടു ചവച്ചു് സാവധാനത്തിൽ നീരു ഇറക്കുക. നീരു അല്ലാതെ ഉച്ചിഷ്ടം ഭക്ഷിക്കരുതു്. ഛർദ്ദി തുടങ്ങിയശേഷം ഓറഞ്ചു ഭക്ഷിക്കരുതു്. ബസ്സുയാത്രയിൽ ഛർദ്ദിയുള്ള ഓരോരുത്തരും പരീക്ഷിച്ചു് ഫലമറിയുക.

പത്രാധിപക്കുറിപ്പ്

എ. കെ. സി. സി. ബുള്ളറിൻ

കത്തോലിക്കാ സമുദായത്തിന്റെയും അതിന്റെ സുശക്ത സംഘടനയായ എ. കെ. സി. സി. യുടെയും അഭിമാനാർഹമായ ഒരു പ്രസിദ്ധീകരണമാണല്ലോ എ. കെ. സി. സി. ബുള്ളറിൻ. ഒരു വർഷക്കാലമായി കോൺഗ്രസ്സിന്റെ മുഖപത്രമായ ബുള്ളറിൻ പരിഷ്കരിച്ചു പ്രസിദ്ധീകരിച്ചു വരികയാണ്. സഭയ്ക്കും സമുദായത്തിനും നേരിട്ടുകൊണ്ടിരിക്കുന്ന ദുരവസ്ഥകളിൽ ബുള്ളറിൻ ചെയ്യുന്ന സേവനം ഒന്നു പ്രത്യേകമാണ്. ബഹുമുഖരംഗങ്ങളിൽ ധീരമായ നിലപാടെടുത്തു് ധീരധീരം പോരാടുന്ന കത്തോലിക്കാകോൺഗ്രസ്സ് അതിനേറ്റതായ ആഹ്വാനങ്ങളും നിർദ്ദേശങ്ങളും യഥാകാലം സമുദായാംഗങ്ങളിലും ഉന്നത തലങ്ങളിലും എത്തിച്ചുകൊടുക്കുന്നതിൽ കിണഞ്ഞു പരിശ്രമിക്കുന്നു. കെ. കോൺഗ്രസ്സ് ചെയ്യുന്ന സേവനങ്ങളും അതു മുഖാന്തിരം നേടുന്ന നേട്ടങ്ങളും ബഹുജനങ്ങളിൽ ഒരുന്നതാഭിപ്രായം നേടുകയുണ്ടായി. കേരളത്തിലെ കത്തോലിക്കരുടെയും മറ്റും ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടപ്പോൾ സംഘടനയും ബുള്ളറിനും എടുത്ത നിലപാടു് ആർക്കും ഒരിക്കലും വിസ്മരിക്കാവുന്നതല്ല. അങ്ങനെ കേരള കത്തോലിക്കരെ ഒരേ സ്വരത്തിലും വീക്ഷണത്തിലും സാസ്കാരിപ്പിക്കാൻ ബുള്ളറിൻ പ്രസിദ്ധീകരണം ഉതകുമെന്നും ഉതകുമെന്നുമാണു് ഞങ്ങളുടെ ദൃഢമായ വിശ്വാസം.

ബുള്ളറിൻ വരിക്കാരായി ചേരുന്നതിൽ സമുദായാംഗങ്ങൾ കാണിക്കുന്ന നന്മനസ്സു് ഞങ്ങൾ പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാന്യ വായനക്കാർ ബുള്ളറിനെപ്പറ്റി നിരവധി നല്ല അഭിപ്രായങ്ങളാണു പ്രകടിപ്പിച്ചുകാണുന്നതു്. ആധുനികാവതരണരീതികളും നവീനവിഷയങ്ങളും ബുള്ളറിനെ മോടിപിടിപ്പിക്കുന്നു.

സമുദായത്തിലെ പല സാഹിത്യകാരന്മാരും കലാവിഭവങ്ങൾ നൽകി ബുള്ളറിനെ പരിപോഷിപ്പിക്കുവാൻ മുന്നോട്ടു വന്നിട്ടുണ്ടു്. സാഹിത്യരസം തുളുമ്പുന്ന സംഭാവനകളും ബുള്ളറിനിൽ അണിനിരത്തുന്നതു സംഘടനയ്ക്കും സമുദായത്തിനും നല്ലൊരു ഭൂഷണമായിരിക്കും.

സ്ത്രീകളും വളരെ ചുരുക്കമായേ രംഗത്തുവരുന്നുള്ളൂ. അതുപോരാ. എല്ലാ രംഗങ്ങളിലും പുരുഷന്മാരോടൊപ്പം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സഹോദരികളും എന്തുകൊണ്ടു ഈ പ്രവർത്തനമണ്ഡലങ്ങളിൽ വിമുഖതയും നിരുത്സാഹവും പ്രകടിപ്പിക്കുന്നു? ബുള്ളറിൻ പ്രസിദ്ധീകരണത്തിനും വരിക്കാരെ ചേർക്കുന്നതിലും നല്ലനല്ല ലേഖനങ്ങൾ തയ്യാറാക്കുന്നതിലും നിങ്ങളുടെ വിലയേറിയ പങ്കു് നിങ്ങൾ തന്നെ നിർവ്വഹിക്കുക. ബുള്ളറിന്റെ നിലവാരം ഉയർത്തുന്നതിലും കൂടുതൽ വരിക്കാരെ ചേർക്കുന്നതിലും വായനക്കാരെയും ലേഖകന്മാരെയും പ്രോത്സാഹിപ്പിക്കുന്നതിലും ബഹു. വൈദികരും കന്യാസ്ത്രീകളും കടപ്പെട്ടവർ തന്നെ.

എല്ലാ പള്ളികളിലും കന്യകാമഠങ്ങളിലും, കത്തോലിക്കാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ബുള്ളറിൻ എത്തിച്ചുകൊടുക്കുകയുണ്ടായി. 'ഒരു കുടുംബത്തിനു് ഒരു ബുള്ളറിൻ' എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു പ്രസിദ്ധീകരണം ആരംഭിച്ചതുതന്നെ. എന്നാൽ, ഒരു ഒരുകുട്ടർ സ്വാഗതാർഹമായ ഒരു സ്വീകരണം അതിനു നൽകിയില്ല. പക്ഷെ ഇന്നത്തെ സ്ഥിതി അതല്ല. ഇപ്പോൾ സഹൃദയരായ നമ്മുടെ സമുദായാംഗങ്ങളിൽ നിന്നും കാണുന്ന സന്മനോഭാവം നമുക്കേവർക്കും പ്രത്യാശയും വളരെ സന്തോഷത്തിനും വകനൽകുന്നു. പലരും വരിസംഖ്യയിനത്തിലുള്ള കുടിശികയും

ഈ ലക്കത്തിൽ

	പേജ്
പത്രാധിപക്കുറിപ്പുകൾ	3
അനുഭവങ്ങളുടെവെളിച്ചത്തിൽ പഠിക്കേണ്ടതായ ചിലപാഠങ്ങൾ	4
അടുത്തുവരുന്നതിരഞ്ഞെടുപ്പിൽ കത്തോലിക്കരുടെനിലപാടു്	5
എ.കെ.സി.സി. ജയ്! ജയ്!	7
ആരോഗ്യപംക്തി	8
മതവിശ്വാസികളെ കൂടുതൽ ആശങ്കാധീനരാക്കുന്നു	9
ശ്മശാനചട്ടങ്ങൾക്കു് കെ.കോൺഗ്രസിന്റെ ആക്ഷേപം	10
കൈരളിയിലെ കാര്യക്കാർ	12
ദുർബുദ്ധികളുണ്ടായാൽ ഏതു നല്ല നിയമത്തെയും ദുർവിനിയോഗിക്കും	14
കേഴുക പ്രിയ നാടേ	15
വിദ്യാർത്ഥികളും മതപഠനവും	16
തൊഴിലാളിയും മുതലാളിയും	17
സംഘടനാക്കാര്യം	19
ബനഡിക്ടൻസഭ കേരളത്തിൽ	26
സ്നേഹവും കാരുണ്യവും	28
കത്തോലിക്കാകോൺഗ്രസ് ശക്തിപ്പെടുത്തുവാൻ	29
മാത്തപ്പന്റെ മാനസാന്തരം	30
ബോംബെയിലേക്കുള്ള തീർത്ഥാടനം	31
വിദ്യാഭ്യാസമുള്ളമ്മമാർ ഇന്നത്തെ ആവശ്യം	22
അനുഗ്രഹത്തിന്റെ പുത്രി	34

അയച്ചുതരുവാൻ തുടങ്ങിയിട്ടുണ്ട്. ചിലർ ഇന്നും കുടിശികക്കാരായി നിലകൊള്ളുന്നതിൽ നിർവ്യാജമായ ഖേദം ഉണ്ട്. പ്രസിദ്ധീകരണച്ചെലവുകൾ കൂടിയിരിക്കുന്ന ഇക്കാലയളവിൽ ബുള്ളറിൻ അച്ചടിപ്പിക്കുന്നതിനും ലേഖകന്മാർക്കു പ്രതിഫലം നൽകി പ്രോത്സാഹിപ്പിക്കുന്നതിനും, ഓരോ മേൽവിലാസക്കാരനും എത്തിച്ചുകൊടുക്കുന്നതിനും പണം വേണം. മാന്യ വരിക്കാരുടെ ശ്രദ്ധയെ ഇക്കാര്യത്തിലേയ്ക്കു ക്ഷണിക്കുന്നതിൽ ക്ഷമിക്കുമല്ലോ.

നിർഭാഗ്യവശാൽ ചില ന്യൂനതകൾ ബുള്ളറിനിൽ സ്ഥാനം പിടിക്കുവാൻ ഇടയായി. വായനക്കാരിൽ പലർക്കും ബുള്ളറിനോടു് അല്പം നീരസം ഉണ്ടായി എന്നു പ്രകൃതത്തിൽ ഗ്രഹിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ഈ വസ്തുത മനസ്സിലാക്കിയയുടനെ അത്തരം തെറ്റുകളിൽനിന്നും വിരമിക്കുവാൻ സാധിച്ചുവെന്നുള്ള പരമാർത്ഥം സന്തോഷപുരസ്സരം ക്ഷമാപണസഹിതം അറിയിക്കുവാൻ ആഗ്രഹമുണ്ട്.


നാളതുവരെയുള്ള ബുള്ളറിൻ പ്രസിദ്ധീകരണം കൊണ്ടു നമ്മുടെ സമുദായത്തിനും സംഘടനയ്ക്കും വിലപ്പെട്ട നന്മകൾ പലതും ചെയ്യുവാൻ സാധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇത്തരുണത്തിൽ വിസ്മരിക്കുക സാദ്ധ്യമല്ല. മേലിലും അതിനേറെതായ ചുമതല വേണ്ടവണ്ണം നിർവ്വഹിക്കുമെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. നീതിക്കു വേണ്ടി സ്വരമുയർത്തുവാനും പ്രശ്നങ്ങൾക്കു പരിഹാരം കാണുവാനും ഉപകരിക്കുന്ന ഒരു പടവാൾ തന്നെയായിരിക്കും ബുള്ളറിൻ.

സഹൃദയരായ സമുദായാംഗങ്ങൾ എല്ലാവരും ബുള്ളറിന്റെ വരിക്കാരായി ചേർന്നും വരിസംഖ്യയായ 3. ക.യും, കൈതരുന്ന സംഭാവനകളും അയച്ചുതന്നു് ബുള്ളറിൻ പ്രസിദ്ധീകരണത്തെ അങ്ങേയറ്റം വിജയിപ്പിക്കുവാൻ മുന്നോട്ടു വരണമെന്നു ഒരിക്കൽകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

അനുഭവങ്ങളുടെ വെളിച്ചത്തിൽ പഠിക്കേണ്ടതായ ചില പാഠങ്ങൾ

കേരളത്തിൽ നടക്കുന്ന ദുസ്സഹമായ ദേവാലയധ്വംസനങ്ങൾ—അതിൽ സർക്കാർ അവലംബിച്ചുകാണുന്ന നയം—അധികാരസ്ഥാനങ്ങളിലിരിക്കുന്നവരും സമുദായാംഗങ്ങളും കണക്കിലെടുക്കേണ്ട കാര്യങ്ങൾ *

പി. സി. ഏബ്രഹാം ബി.എ.ബി.എൽ.
(അ. കേ. ക. കോൺ. പ്രസിഡണ്ടു്)



നീറുന്ന ഹൃദയത്തോടും താങ്ങാനാവാത്ത അപമാനത്തോടും കൂടിയാണു് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നതു്. നമുക്കേറ്റം വിലപ്പെട്ട വി. കർബ്ബാന വരെ അവഹേളിക്കപ്പെട്ടുന്നതാണു് ഈ സ്ഥിതിവിശേഷത്തിനു കാരണം.

സർക്കാരിന്റെ അനാസ്ഥ

ഹീനമായ ഈ നടപടികൾക്കെതിരെ മതിയായ നടപടികൾ ഇതേവരെ ഗവ: നടത്തിയിട്ടില്ല. ഈ അനാസ്ഥ നമ്മെ കൂടുതൽ വേദനപ്പെടുത്തുന്നു. ഹൃദയവേദനയിൽ പുളഞ്ഞു നാം പ്രതിഷേധസ്വരമുയർത്തുമ്പോൾ ആരോടാണു ഇതിനു പ്രതിഷേധിക്കേണ്ടതു് എന്നു മുഖ്യമന്ത്രി പുഛസ്വരത്തിൽ ചോദിക്കുന്നതു കേട്ടാൽ നാം കഴിവില്ലാത്തവരും നമ്മുടെ പ്രതിഷേധം വിലയില്ലാത്തതുമാണെന്നും ഇതാരും വകവയ്ക്കാൻ പോകുന്നില്ല എന്നുമാണു് ഭാവമെന്നു തോന്നിപ്പോകും. കാഷ്മീരിൽ അടുത്ത കാലത്തു സംഭവിച്ചതു് ഞാൻ ഓർത്തുപോകുന്നു. നബിയുടെ വി. കേശം കാണാതെയായി. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ ഇളകി. കേരളത്തിലെ സ്ഥിതിയോ?

---

* ദേവാലയാക്രമണങ്ങളെ പ്രതിഷേധിക്കുവാൻ ഒല്ലൂരിൽ ചേർന്ന യോഗത്തിലെ അദ്ധ്യക്ഷപ്രസംഗം.

കത്തോലിക്കാകോൺഗ്രസ് ഹെഡാഫീസിൽനിന്നും അറിയിക്കുന്നതു്

ഇപ്പോഴത്തെ വക്കിംഗ് കമ്മറ്റിയുടെ കാലാവധി 1964 ഒക്ടോബറിൽ അവസാനിക്കുന്നതാണു്. നിയമാനുസരണം തെരഞ്ഞെടുപ്പു നടത്തി പ്രതിനിധിഫീസ് സഹിതം, വിവരം കേന്ദ്രാലയത്തിലറിയിച്ചിട്ടുള്ള പ്രതിനിധികൾക്കും ഉപകൃത്തുക്കൾക്കും വോട്ടവകാശം ഉണ്ടായിരിക്കും. ഏതെങ്കിലും ശാഖ നിയമാനുസരണം തെരഞ്ഞെടുപ്പു നടത്തി പ്രതിനിധികളുടെ പേരുവിവരം കേന്ദ്രാലയത്തിലെത്തിക്കാത്തതായി ഉണ്ടെങ്കിൽ ആഗസ്റ്റു 15—നകമെങ്കിലും തെരഞ്ഞെടുപ്പുനടത്തി പ്രതിനിധിഫീസ് സഹിതം ഹെഡാഫീസിൽ വിവരം അറിയിക്കേണ്ടതാണു്,

(ജനറൽ സെക്രട്ടറി)
കെ. എം. ജോസഫ്
ബി. എ. ബി. എൽ.

അവമാനത്തിനു പുറമേ ദുസ്സഹമായ അവഹേളനം. ഇതിനു കാരണം നാം തന്നെ. ജനാധിപത്യത്തിന്റെ പേരിൽ നമ്മുടെ വ്യക്തിത്വം അന്ധമായി നാം അടിയറ വച്ചു. നമ്മുടെ അവിവേകംകൊണ്ടു് ഈ തലമുറയ്ക്കും വരാനിരിക്കുന്നതലമുറയ്ക്കുംവലിയ കെടുതി നാം ഉണ്ടാക്കിവച്ചു. നമ്മുടെ വിശ്വാസവും പൗരാവകാശവും സംരക്ഷിക്കുന്നതിനു ഇനിയെങ്കിലും ബോധപൂർവ്വം ശ്രദ്ധിക്കണം.

നമ്മുടെ എം. എൽ. എ. മാർ

കഴിവും സാമർത്ഥ്യവുമുള്ള വ്യക്തികളും നമ്മുടെ ഇടയിലുണ്ടു്. അത്തരക്കാരെ നിയമസഭയിൽ അയച്ചിട്ടുമുണ്ടു്. സമുദായത്തിന്റെ മതപരവും സാമൂഹ്യവുമായ താല്പര്യങ്ങളും യഥാവിധി സംരക്ഷിക്കുവാൻ അവർ ബാദ്ധ്യസ്ഥരാണു്. സമുദായം ആ ചുമതല അവരെ ഏല്പിച്ചതാണു്. പക്ഷെ ഇതു അവർ വിസ്മരിച്ചതുപോലെ തോന്നിപ്പോകുന്നു. ദിവ്യകാരുണ്യം സക്രാരിയിൽനിന്നു വലിച്ചെറിയപ്പെടുന്നു. ഈ ഒരൊറ്റ സംഗതി മതി കത്തോലിക്കരായ എം. എൽ.എ.മാരെ ഇരുത്തി ചിന്തിപ്പിക്കുവാൻ. അവരുടെ രാഷ്ട്രീയകൂപ്പായം വലിച്ചു ദൂരെ എറിഞ്ഞു് ദൈവത്തെയും സമുദായത്തെയും സേവിക്കുന്നതിനു ഉഗ്രവ്രതമെടുക്കുന്നതിനു് പ്രേരിപ്പിക്കുവാൻ, സമുദായത്തിന്റെ മനോവേദന അവരിൽ വേണ്ടത്ര ചലനം സൃഷ്ടിക്കുന്നില്ല. നമുക്കു അവരോടു ക്ഷമിക്കാം. അവക്കുവേണ്ടി പ്രാർത്ഥിക്കാം.

ക്ഷമയ്ക്കും അതിരുണ്ടു്

ക്ഷമയ്ക്കും ഒരതിരുണ്ടു്. തന്റെ പിതാവിന്റെ ആലയത്തെ അശുദ്ധമാക്കിയവരുടെ നേരെ ക്രിസ്തു ചാട്ടവാറെടുത്തു. വേണ്ടിവന്നാൽ നമ്മളും അതു ചെയ്യേക്കാം. ഒന്നു നാം നിശ്ചയിക്കണം. ഇത്തരം ഒരു ദുരവസ്ഥ ആവർത്തിക്കാൻ ഇനി ഇടയാക്കരുതു്. ദൈവത്തിൽ വിശ്വസിക്കുന്നവർക്കും സമുദായത്തോടും കൂറും സ്നേഹവും ഉള്ളവർക്കുമേ ഇനി നാം വോട്ടു നൽകാവൂ. നമ്മുടെ പ്രതിനിധികളും നമ്മെ ഭരിക്കുന്നവരും ജനങ്ങൾക്കും സമുദായത്തിനും നമ്മുടെ മതത്തിനും വിശ്വാസത്തിനും ഉതപ്പുണ്ടാക്കുന്നവർ ആയിരിക്കരുതു്.

മാർഗ്ഗം ഉണ്ടാവണം

ഫ്രാൻസിലെ ഒരു പ്രസിദ്ധ കത്തോലിക്ക രാഷ്ട്രീയ പ്രവർത്തകൻ പറഞ്ഞിട്ടുള്ള ഒരു തത്വം നിങ്ങളെ ഓർമ്മിപ്പിക്കട്ടെ. തെരഞ്ഞെടുപ്പുകളിൽ കത്തോലിക്കർ മനസ്സാക്ഷിയെവഞ്ചിക്കാത്തവിധം സ്വീകരിക്കേണ്ട നയങ്ങളെപ്പറ്റി സഭയ്ക്കു ഹൈരാർക്കിക്കും ഉപദേശങ്ങൾ നൽകാം. ഹൈരാർക്കിയുടെ ഉപദേശമാണു് നമ്മുടെ മനസ്സാക്ഷിക്കു് പ്രചോദനം നൽകേണ്ടതു്. പക്ഷെ ഹൈരാക്കിയുടെ ഉപദേശം നടപ്പിലാക്കുന്നതിനു വേണ്ടി വഴികൾ പ്രസിദ്ധീകരിക്കേണ്ടതും അതു വിജയിപ്പിക്കേണ്ടതും അൽമായരുടെ മാത്രം ചുമതലയാണു്. ഇന്നത്തെ ചുറ്റുപാടുകളിൽ നമ്മുടെ വോട്ടുകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗം നാം കണ്ടുപിടിക്കണം. എല്ലാ കത്തോലിക്കരും മൗലികമായ കാര്യങ്ങളിൽ ഐകരൂപ്യമുള്ളവരും ഒരു സമീപനം സ്വീകരിക്കേണ്ടതും അടിയന്തിരാവശ്യമാണു്. ഇതു സാധിക്കണമെങ്കിൽ കത്തോലിക്കാകോൺഗ്രസ്സു് ശക്തമാകണം. ഓരോ ഇടവകയിലും കത്തോ: കോൺഗ്രസ്സു് ശാഖകൾ സംഘടിപ്പിച്ചേ മതിയാവൂ. ഈ സംഘടന സമുദായാംഗങ്ങൾക്കു സുചിന്തിതവും സ്വീകാര്യവുമായ അഭിപ്രായം നിർദ്ദേശിച്ചുകൊടുക്കണം. ഈ വിഷയത്തിൽ ഹൈരാക്കിയുടെ സഹകരണനിർദ്ദേശങ്ങൾ നമുക്കു് ഒഴിച്ചുകൂടാത്തതാണു്. കത്തോലിക്കാ കോൺഗ്രസ്സു് ശക്തവും സുസംഘടിതവുമാണെങ്കിൽ ഹൈരാക്കിയും സംഘടനയും നൽകുന്ന ആധികാരികമായ നിർദ്ദേശം സമുദായത്തിലെ ഓരോ അംഗവും സ്വീകരിക്കും. കരുത്തും തന്റേടവും സേവനസന്നദ്ധതയുമുള്ള യുവജനങ്ങൾ അവരുടെ എല്ലാ കഴിവുകളും ഈ അത്യാവശ്യകാര്യത്തിനു വേണ്ടി വിനിയോഗിക്കുമെന്നും ആത്മാർത്ഥമായി ഞാൻ പ്രാർത്ഥിക്കുന്നു. പക്ഷെ രാഷ്ട്രീയവും സാമൂഹ്യവുമായി മാത്രം കത്തോലിക്കാ കോൺഗ്രസ്സു് പ്രവർത്തിച്ചാൽ മതിയാവുകയില്ല. നിരീശ്വരതത്വങ്ങൾക്കു് ഇന്നത്തെ തലമുറ പലപ്പോഴും ഇരയാകുന്നു. ആഴ്ചവട്ടത്തിലൊരിക്കൽ പള്ളിയിൽ നടത്തുന്ന പ്രസംഗംകൊണ്ടു് നിരീശ്വരപ്രസ്ഥാനത്തെയും മതവിരുദ്ധപ്രവണതകളെയും തടയുവാൻ സാദ്ധ്യമല്ല. അൽമായസംഘടനകളും കൂടെക്കൂടെയുള്ള യോഗം ചേർന്നു് നമ്മുടെ യുവജനങ്ങൾക്കു വേണ്ടത്ര ജ്ഞാനവും ദൈവവിശ്വാസവും നൽകുന്നതിനു ശ്രമിക്കണം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനവും നമുക്കു ഏറ്റവും ആരാധ്യവുമായ വി. കുർബ്ബാന അവഹേളിക്കപ്പെടുന്നതുപോലെയുള്ള അനുഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ നാം നടപടികൾ സ്വീകരിക്കണം. അധികം താമസിയാതെ ഒരു പുതിയ മന്ത്രിസഭ നമ്മുടെ സംസ്ഥാനത്തു നിലവിൽ വരും. ഇന്നത്തെ ഗവർമ്മെൻറിൽ നമ്മെ പ്രതിനിധീകരിക്കുന്നവർ യോഗ്യന്മാരും കഴിവും സാമർത്ഥ്യവുമുള്ളവരുമാണു്. എന്നിരുന്നാലും കത്തോലിക്കാകോൺഗ്രസ്സിന്റെ ഓരോ ശാഖയും ഈ കാര്യത്തെപ്പറ്റി ആലോചിക്കുന്നതിനു ഓരോ ഇടവകയിലും കരിശ്രുപള്ളിസീമകളിലും യോഗങ്ങൾ വിളിച്ചുകൂട്ടണം. ശാഖ ഇല്ലാത്ത സ്ഥാനങ്ങളിൽ ശാഖ സ്ഥാപിക്കണം. നമ്മുടെ ന്യായമായ ആവലാതികൾ പ്രധാന മന്ത്രിക്കും കേന്ദ്ര ആഭ്യന്തരമന്ത്രിക്കും കോൺഗ്രസ്സു് പ്രസിഡണ്ടിനും അയയ്ക്കണം. നമ്മുടെ പ്രതിനിധികൾ നമ്മുടെ വിശ്വാസം ആർജ്ജിക്കുന്നവർ ആയിരിക്കണമെന്നു് അവരെ ബോദ്ധ്യപ്പെടുത്തണം, ഒരു ന്യൂനപക്ഷമായ നാം വിവേകപൂർവ്വം രാഷ്ട്രീയം കൈകാര്യം ചെയ്യണം.

സ്ഥാപനങ്ങൾക്കും ചിലചില്ല്വറ സൗകര്യങ്ങൾക്കും വേണ്ടി മൗലികങ്ങളായ അവകാശങ്ങൾ കുറെ കൊല്ലങ്ങളായി നാം ബലികഴിക്കാറുണ്ടു്. ഇതിന്റെ ഉത്തരവാദിത്വം അധികാരസ്ഥാനങ്ങളിലിരിക്കുന്ന എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ഉണ്ടെന്നുള്ള വസ്തുതയും തുറന്നു പറയാൻ മടിക്കുന്നില്ല. ഈ പോക്കിനു ഒരു പൂർണ്ണവിരാമമിടേ

*അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ കത്തോലിക്കരുടെ നിലപാട്

(അറയ്ക്കൽ ജെ. ആൻറണി)

കോൺഗ്രസ് ഗവണ്മെൻറിൻറെ അഞ്ചുകൊല്ലത്തെ ഭരണത്തിനുശേഷം ഒരു തെരഞ്ഞെടുപ്പ് ആഗതമാവുകയാണ്, കേരളത്തിൽ. അടുത്തുവരുന്ന തിരഞ്ഞെടുപ്പ കേരളത്തിൻറെ രാഷ്ട്രീയ ഭാവിയിൽ വളരെയധികം സ്വാധീനംചെലുത്തുമെന്നുള്ളതു തീർച്ചയാണ്. ഗ്രൂപ്പുമത്സരംകൊണ്ട് താറുമാറായ കോൺഗ്രസ്സും ഇടതും വലതുമായ കമ്യൂണിസ്റ്റുകാരും നാമാവശേഷമായ പി. എസ്. പി. യും, വർഗ്ഗീയസംഘടനയായ മുസ്ലീം ലീഗും രംഗത്തുണ്ട്. അതോടൊപ്പം 'ശങ്കർഭരണ'ത്തിൻറെ തിക്തഫലങ്ങളറിഞ്ഞ കത്തോലിക്കരും രംഗത്തിറങ്ങേണ്ടിവരും. കഴഞ്ഞു മറിഞ്ഞ കേരളത്തിലെ രാഷ്ട്രീയ പശ്ചാത്തലത്തിൽ കത്തോലിക്കർ എന്തു നിലപാട സ്വീകരിക്കണമെന്നതു് കത്തോലിക്കാ കേന്ദ്രങ്ങളിൽ ചിന്താവിഷയമായിരിക്കുകയാണ്.

കഴിഞ്ഞ കാലാനുഭവം

ഈയവസരത്തിൽ കഴിഞ്ഞ കാല രാഷ്ട്രീയത്തിൽ കത്തോലിക്കനുണ്ടായഅനുഭവങ്ങൾ സ്മരിക്കുന്നതു് അനുചിതമായിരിക്കുണ്ടതു സഭയുടെയും സമുദായത്തിൻറെയും അടിയന്തിരമായ ചുമതലയായിത്തീർന്നിരിക്കുകയാണ്.

വീട്ടുവീഴ്ച്ച കയില്ല

മതപരമായ കാര്യങ്ങളിൽ വിട്ടുവീഴ്ച്ച നമുക്കു വഴിയില്ല. ഇന്നുള്ളതിൽ ഏറ്റവും സ്വീകാര്യവും ശക്തവുമായ പാർട്ടി കോൺഗ്രസാണെന്നുള്ളതു് വിസ്മരിച്ചുകൊണ്ടല്ല ഇക്കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതു് എന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

കയില്ല. ഇരുപത്തിയെട്ടു മാസത്തെ കമ്യൂണിസ്റ്റുഭരണം, കത്തോലിക്കർക്കു് കുറെ രക്തസാക്ഷികളെ നേടിക്കൊടുത്തു. പിന്നെ അധികാരത്തിൽ വന്ന ''കത്തോലിക്കരുടെ പാർട്ടിയായ'' കോൺഗ്രസ് ഗവണ്മെൻറും കത്തോലിക്കനെ ദ്രോഹിക്കാനേ ശ്രമിച്ചുള്ളൂ. സെമിത്തേരിപ്രശ്നവും, ചുരുളികീരിത്തോട്ടപ്രശ്നവും, പള്ളിപൊളിപ്പൻ പ്രസ്ഥാനവുമെല്ലാം അതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാം, അങ്ങനെ സ്വന്തം വികാരങ്ങൾ വ്രണപ്പെട്ട കത്തോലിക്കർ രാഷ്ട്രീയമായ ഒരു നിരാശയോടെയാണ് അടുത്ത തിരഞ്ഞെടുപ്പിലേക്കു നീങ്ങുന്നതു്.

എങ്കിലും അടുത്ത തിരഞ്ഞെടുപ്പിൽ കത്തോലിക്കർക്കു് പ്രത്യേക താല്പര്യമുണ്ട്. കാരണം, വിമോചനസമരത്തിൻറെ ജീവനാഡികളായ കത്തോലിക്കരുടെ നേരേ, അവർ കൂടി അത്യുദ്ധാനം ചെയ്ത് അധികാരത്തിൽ കൊണ്ടുവന്ന പാർട്ടി അവഗണനയും അവഹേളനവുമാണ് കാണിച്ചതു്. കീരിത്തോട്ടിലെ പാവപ്പെട്ട സഹോദരരെ പെരുവഴിയിലേക്കിറക്കിവിട്ടപ്പോഴും അങ്കമാലിയിലെ രക്തസാക്ഷികളും സ്വർഗ്ഗത്തിലിരുന്നു് കണ്ണീരുപൊഴിച്ചു കാണും; തങ്ങളുടെ രക്തത്തിൽ മന്ത്രിക്കസേരയുറപ്പിച്ചവരാണല്ലോ ഇങ്ങനെ ചെയ്യുന്നതെന്നോർത്തു്. അവരുടെ കണ്ണുനീർ തോരണമെങ്കിൽ അവരെ രക്തസാക്ഷികളാക്കിയ സമുദായം ഇതിനെതിരെ പ്രതിഷേധിച്ചാൽ പോരാ; ഇതാവർത്തിക്കാതിരിക്കാൻ അടുത്ത തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കുകയും വേണം.

കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളിലായി പ്രസിദ്ധരായ, പ്രഗത്ഭരായ പല നേതാക്കളുമുണ്ട്. എന്നാൽ ഇവർ കത്തോലിക്കാസമുദായത്തെ പ്രതിനിധാനം ചെയ്യുന്നുണ്ടോ? ഇല്ലെന്നുവേണം പറയാൻ. അവരുടെ രാഷ്ട്രീയ പാർട്ടിയുടെ നയങ്ങൾക്കനുസരിച്ച്—അതു കത്തോലിക്കരെ ദ്രോഹിക്കുന്നതാണോ എന്നു നോക്കേണ്ട കാര്യം അവക്കില്ല—(കത്തോലിക്കാ സമുദായമല്ലല്ലോ അവരുടെ പ്രസിദ്ധിക്കു കാരണം)—പ്രവർത്തിക്കുകമാത്രമേ നിവർത്തിയുള്ളൂ. മറിച്ച് അതിനെതിരായ നിലപാട് സ്വീകരിച്ചാൽ അതു് രാഷ്ട്രീയമായ ഒരു 'ആത്മഹത്യയാണെന്നു' അവർ വിശ്വസിക്കുന്നു. അതുകൊണ്ടല്ലേ ചില സന്ദർഭങ്ങളിൽ കത്തോലിക്കാ എം. എൽ. എ. മാരെ കുറ്റംപറയേണ്ട ഗതികേടു് കത്തോലിക്കർക്കുണ്ടാകുന്നതു്. എന്താണിതിനു കാരണം? കേരളത്തിലെ കത്തോലിക്കാസമുദായത്തിനു് വ്യക്തമായ ഒരു രാഷ്ട്രീയനിലപാടില്ല. കമ്യൂണിസ്റ്റുകാരനെ തോല്പിക്കാൻ നടക്കുന്ന ബദ്ധപ്പാടിൽ അവനുള്ളതെല്ലാം 'കോൺഗ്രസ്സി'നു് അടിയറവെക്കേണ്ടി വരുന്നു. ഇതു ശരിയല്ലേ എന്നു സമുദായനേതൃത്വം ശാന്തമായി ആലോചിച്ചുനോക്കണം.

മറ്റുള്ളവർക്കാകാം

രാഷ്ട്രീയമായി ഒരു നിലപാടു് സമുദായത്തിനു് ആവശ്യമില്ലെന്നും അതു തനി വർഗ്ഗീയതയാണെന്നും ആക്ഷേപിച്ചേക്കാം. എന്നാൽ നായർ നായരുടെ അവകാശം പിടിച്ചുവാങ്ങുന്നതു വർഗ്ഗീയതയല്ല. ഈഴവൻ സ്വന്തം സമുദായത്തിൻറെ ഉയർച്ചയ്ക്കുവേണ്ടി ഭരണകാര്യത്തിൽ കൈയ്യിടുന്നതും വർഗ്ഗീയതയല്ല. കത്തോലിക്കൻ വാതുറന്നു മിണ്ടിയാൽ, അതു ക

ത്തോലിക്കന്റെ മാത്രം കാര്യമല്ലെങ്കിൽകൂടി അതു വർഗ്ഗീയതയാകും! വാസ്തവത്തിൽ 'അതു വർഗ്ഗീയമാണു്'' 'ഇതു വർഗ്ഗീയമാണു്'' എന്നു പറയുന്നവരാണു് യഥാർത്ഥ വർഗ്ഗീയവാദികൾ. വേറൊരാളെ വർഗ്ഗീയവാദി എന്നു മുദ്രകുത്തുന്നവനാണു് സാക്ഷാൽ വർഗ്ഗീയ വാദി. കാരണം അവനു മാത്രമേ ഈ വർഗ്ഗീയത കാണാൻ കണ്ണുള്ളൂ.

അപ്പോൾ കത്തോലിക്കാ എം. എൽ. എ. മാരെ കുറ്റം പറഞ്ഞതുകൊണ്ടോ 'വടക്കനച്ചനെ വർഗ്ഗീയവാദിയായി മുദ്രകുത്തിയതുകൊണ്ടോ കത്തോലിക്കന്റെ അവകാശങ്ങൾ നേടിയെടുക്കാൻ സാദ്ധ്യമല്ല. അതിനു് കത്തോലിക്കൻ അവന്റെ യഥാർത്ഥ സംഘടിത കഴിവു കാണിച്ചുകൊടുത്തേ പറ്റൂ. അതിനു പറ്റിയ ഒരു നിലപാടായിരിക്കണം കത്തോലിക്കർ അടുത്ത തെരഞ്ഞെടുപ്പിൽ സ്വീകരിക്കേണ്ടതു്.

എന്തായിരിക്കണം ആ നിലപാടു്? അതു കണ്ടുപിടിക്കാൻ കുറെ പ്രയാസമുണ്ടു്. 'എലിയെ തോല്പിച്ചു് ഇല്ലം ചുടാൻ സാദ്ധ്യമല്ല' കോൺഗ്രസ്സുകാരെ തോല്പിച്ചു് കമ്യൂണിസ്റ്റുകാരെ ജയിപ്പിക്കാൻ സാദ്ധ്യമല്ല. പിന്നെ എന്തു നിലപാടു സ്വീകരിക്കും? സങ്കീർണ്ണതകൾ ചുറ്റിപ്പിണഞ്ഞുള്ള ഒരു പ്രശ്നമാണതു്. അപ്പോൾ മനസ്സിൽ ചില ചോദ്യങ്ങൾ ഉയർന്നു വരുന്നു. കോൺഗ്രസ്സിനെ എതിർക്കാമോ? കമ്യൂണിസ്റ്റുപാർട്ടിയൊഴിച്ചു് മറ്റേതെങ്കിലും പാർട്ടിക്കു് വോട്ടുചെയ്യാമോ? അതോ വീണ്ടും കോൺഗ്രസിന്റെ ഷൂസിനടിയിൽ കിടന്നു ചവിട്ടുകൊള്ളണമോ?

കമ്മ്യൂണിസം ശത്രുതന്നെ

ഒരു കാര്യം തീർച്ച, കത്തോലിക്കരുടെ ശത്രുവാണു് കമ്മ്യൂണിസം. അതോടൊപ്പംതന്നെ കോൺഗ്രസ് ദൈവത്തിന്റെ പാർട്ടിയുമല്ല. കോൺഗ്രസ് ദൈവത്തെ നിഷേധിക്കുന്നില്ലായിരിക്കാം, പക്ഷെ അതുകൊണ്ടുമാത്രം ആ പാർട്ടിയെ വിശ്വസിക്കുക എന്നുവെച്ചാൽ കോൺഗ്രസ് നമുക്കുചെയ്ത ഉപദ്രവങ്ങളെയെല്ലാം ഉപകാരമായിക്കാണണം. അതു സാദ്ധ്യ

സമൂഹഗാനം

എ.കെ.സി.സി. ജയ്! ജയ്!

(റോസക്കുട്ടി കാപ്പൻ)

എ. കെ. സി. സി. ജയ്! ജയ്!
മുന്നണിസേന ജയ്! ജയ്!
ക്രിസ്തുപതാക ജയ്! ജയ്!

1 സഹജരെ! നമ്മളം അണിയണിയായി
അണയണമിന്നീ മുന്നണിയിൽ,
ക്രിസ്തുമഹേശൻ കരമലർനീട്ടി
അരുളുകയാണൊരു മണിദീപം.
അരുളുക . . . എ. കെ. . .

2 വിശ്വാസത്തിൻ പൊൻമണിദീപം
ഹൃദയതലത്തിൽ മിന്നുകയായ്,
ഒരു നവജീവൻ നേടുകവേണം
കേരളതനയർ പുളകിതരായ്.
കേരള . . . എ. കെ. . .

3 അഖിലരുമൊന്നായ് ദൈവമഹത്വം
പാടിവരുന്നൊരു ശുഭസുദിനം
ആഗതമാകാൻ കരളുകുളർന്നു്
സമുദിതരായ്നാമണയേണം
സമുദിത . . . എ. കെ. . .

4 കുരിശിൽ ജയമുടി ചൂടിയക്രിസ്തു
ആത്മരഥത്തിൽ കുടികൊള്ളാൻ
ലോകംമുഴുവൻ നാഥനുനേടാൻ
ധീരതയോടെ പൊരുതേണം.
ധീരത . . . എ. കെ . . .

5 മധുരമനോഹരനേശുമഹേശൻ
മഹിമകലർന്നിറയും ജഗദീശൻ
മാടിവിളിക്കും സ്നേഹസ്വരൂപൻ
പൊഴിയുകയാണാ മധുമൊഴികൾ!
പൊഴി . . . എ. കെ . . .

6 ത്യാഗസുഗന്ധസുശോഭിതകുസുമം
ജീവിതപാതയിൽ വിതറുകനാം
അങ്ങനെ നമ്മുടെ സേവനകഥകൾ
അവനിയിലെങ്ങും ഫലമണിയും.
അവനി . . . എ. കെ . . .

7 വേദനയിൽ പുതുപുഞ്ചിരിയമൃതം
പകരണമെന്നും സഹൃദയരായ്
പള്ളിതകർക്കും സോദരർപോലും
ക്രൈസ്തവസ്നേഹം നുകരേണം
ക്രൈസ്തവ . . . എ. കെ . . .

8 പടയണിയായ് നാം നീങ്ങണമെന്നും
പടവാളായ് കുരിശണിയുകനാം
പാരിൽ പാവനജനതതിയായ് നാം
പാടണമെന്നും ''ജയ് ക്രിസ്തു''.
പാടണ . . . എ. കെ . . .

മല്ല. പക്ഷെ വീണ്ടും ഇതുപോലൊരു ഭരണംവന്നാൽ കത്തോലിക്കർ സ്വയം കമ്മ്യൂണിസത്തിലേയ്ക്കു വഴുതിപ്പോകാനേ ഉപകരിക്കൂ.

കോൺഗ്രസിനോടെതിർക്കാൻ മുസ്ലിംലീഗുപോലെ ഒരു വർഗ്ഗീയ സംഘടന രൂപീകരിക്കാമോ? അതു പാടില്ലെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കാരണം അതു നമ്മെ പരിഹാസ്യരാക്കും.

വർഗ്ഗീയമല്ലാത്ത, 'കർഷകത്തൊഴിലാളിപാർട്ടി'യെ ശക്തിപ്പെടുത്തിയാലോ? സ്വീകാര്യമായ ഒരു നിർദ്ദേശമാണതു്. പക്ഷെ അതു് ഏതെങ്കിലുംതരത്തിൽ കമ്മ്യൂണിസ്റ്റുകാരെ സഹായിച്ചാലോ? അപ്പോഴും അതും വർജ്ജ്യം തന്നെ. നമുക്കു കുറെ കഷ്ടതകളും സഹിക്കേണ്ടിവന്നാലും കമ്മ്യൂണിസം വിജയിക്കാനനുവദിച്ചുകൂടാ.

കത്തോലിക്കർക്കു ചെയ്യാവുന്ന ഒരു കാര്യമുണ്ട്. കഷ്ടപ്പെടുന്നവരുടെ കണ്ണീരൊപ്പി കമ്മ്യൂണിസത്തെ നിർമ്മാർജ്ജനംചെയ്യാൻ ശ്രമിക്കുക. ഇന്നത്തെ കോൺഗ്രസ്ഭരണം കാണുമ്പോഴും പലർക്കും തോന്നാറുണ്ട്; ഇതിലും ഭേദം കമ്മ്യൂണിസ്റ്റുഭരണമാണെന്ന്. അതു ശരിയല്ല. കമ്മ്യൂണിസ്റ്റുകാരുടെ തനിനിറം നാം കണ്ടതാണ്. ഇരുപത്തിയെട്ടുമാസംകൊണ്ടു് അവർ ചമച്ച അരക്ഷിതം നാം ദർശിച്ചതാണ്.

സ്ഥലകാലങ്ങൾ നോക്കുക

ഇങ്ങനെ നോക്കിയാൽ കത്തോലിക്കർക്കു കേരളമൊട്ടാകെ ഒരു നയം രൂപീകരിക്കുക സാദ്ധ്യമല്ല. പിന്നെ കരണീയമായിട്ടുള്ളതു് ഓരോ നിയോജകമണ്ഡലത്തിലും അവിടെയുള്ള പ്രത്യേക ചുറ്റുപാട കണക്കിലെടുത്തുകൊണ്ടു് ആ മണ്ഡലത്തിനു് ഒരു നയം രൂപീകരിക്കുക എന്നതാണ്. ഓരോ മണ്ഡലത്തിലും കമ്മ്യൂണിസ്റ്റുകാരൻ ജയിക്കാത്തസ്ഥിതിവിശേഷം സംജാതമാക്കണം. ചിലപ്പോൾ കോൺഗ്രസ്സിനെ എതിർത്തു് പി. എസ്പിയെ അനുകൂലിക്കേണ്ടിവരും. എങ്ങനെ വന്നാലും കമ്മ്യൂണിസം ജയിക്കരുതു്. കഴിയുമെങ്കിൽ സമുദായത്തിന്റെ വികാരങ്ങളറിയാത്ത കോൺഗ്രസ്സിനെ തോല്പിക്കാനും ശ്രമിക്കാം. പക്ഷെ അങ്ങനെ ശ്രമിക്കുമ്പോൾ കമ്മ്യൂണിസ്റ്റുകാരൻ ജയിക്കാൻ അതു് ഇടനൽകരുതു.

ഓരോ മണ്ഡലത്തിലും ഇതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ് ശാഖകളും മുൻകൈ എടുക്കണം. അതാതു മണ്ഡലങ്ങളിലെ എ.കെ.സി.സി ശാഖാ പ്രതിനിധികളും ചേർന്നു് ഉചിതമായ തീരുമാനമെടുക്കണം. തനി രാഷ്ട്രീയക്കാർ പറയുന്ന അഭിപ്രായത്തിനു് അധികം വില കല്പിക്കേണ്ടതില്ല. അങ്ങനെ സ്വീകരിക്കപ്പെടുന്ന തീരുമാനം നമ്മുടെ ജനങ്ങളെ അറിയിക്കുകയും അതിനനുസരണമായി പ്രവർത്തിക്കാൻ പ്രേരിപ്പിക്കുകയും വേണം.

ഒന്നും ദൈവത്തിന്റെ പാർട്ടിയല്ല

അതുപോലെ തിരഞ്ഞെടുപ്പു സമീപിക്കുമ്പോഴും 'ദൈവത്തിന്റെ പാർട്ടിക്കു്'' വോട്ടനൽകണമെന്നുള്ള സംയുക്താഹ്വാനങ്ങളൊന്നും ആദ്ധ്യാത്മികനേതൃത്വം പുറപ്പെടുവിക്കേണ്ടതില്ല. ചുരുളിയിലേയും കീരിത്തോട്ടിലേയും പാവങ്ങളെ തെരുവുതെണ്ടികളാക്കാൻ 'ദൈവത്തിന്റെ പാർട്ടി' തീരുമാനിച്ചപ്പോഴും ഒരു സംയുക്ത പ്രസ്താവനയും കണ്ടില്ല. അതിനെതിരായി കേരളത്തിലെ വൈദികമേലദ്ധ്യക്ഷന്മാർ ശക്തിയായ ഒരു പ്രതിഷേധ പ്രസ്താവന ഇറക്കി, അതിനൊരുമ്പെട്ടവരെ പിന്തിരിപ്പിക്കാതിരുന്നിട്ടു് വോട്ടഭ്യർത്ഥിക്കാൻ തുനിയുന്നതു് യുക്തിസഹജമല്ല.

നിയോജകമണ്ഡലങ്ങളോറും എ. കെ. സി. സി തിരഞ്ഞെടുപ്പു കമ്മറ്റികളും രൂപീകരിച്ചു്, ചുറ്റുപാടുകളും ചർച്ചചെയ്തു്, ഉചിതമായ തീരുമാനങ്ങളും കൈക്കൊണ്ടു്, നടപ്പിൽ വരുത്തുന്നപക്ഷം അവസരസേവകരും സ്വാർത്ഥമതികളായ വിരോധികളും അധികാരക്കമ്പക്കാരും തോറ്റമ്പിപ്പോകും. അടുത്ത ഭരണത്തിലെങ്കിലും കത്തോലിക്കർക്കു് സൈര്യം കിട്ടും

---

* 'അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ കത്തോലിക്കരുടെ നിലപാടു്'' എന്ന വിഷയത്തെപ്പറ്റി നടന്ന ഉപന്യാസമത്സരത്തിൽ നിയുക്തകമ്മറ്റിയുടെ തീരുമാനമനുസരിച്ചു് ഒന്നാം സമ്മാനത്തിനർഹമായ ലേഖനം.

ആരോഗ്യപംക്തി

മഞ്ഞപ്പിത്തം

വേണ്ടത്ര ശ്രദ്ധിച്ചില്ലെങ്കിൽ അപകടകരമായി തീരുന്നതാണ്. കരളിനു ബാധിച്ചു് അസുഖം വർദ്ധിക്കുന്നു. രക്തത്തിൽനിന്നു പിത്തനീരു വേർതിരിക്കാൻ സാധിക്കാതെവരുമ്പോഴാണ് മഞ്ഞപ്പിത്തമുണ്ടാകുന്നു. കണ്ണിന്റെ വെള്ളമിഴിക്കു് മഞ്ഞനിറമുണ്ടാകുന്നു. നഖം, മുഖം, മലം, മൂത്രം ഇവയെല്ലാം മഞ്ഞനിറം കലരുന്നു. രോഗത്തിന്റെ അവസാനസമയത്തു് ദേഹം മുഴുവൻമഞ്ഞനിറമായി തീരും. ആരംഭത്തിൽ മലബന്ധം അല്ലെങ്കിൽ അതിസാരം, രാവിലെ ക്ഷീണം, വയറിനു് ഘനം, പനി ഇവയുണ്ടായിരിക്കും. രോഗം കഠിനതരമാകുമ്പോൾ വിയർപ്പു മഞ്ഞനിറമായി തീരുന്നു.

ശരീരത്തിനു ക്ഷീണം അഗ്നിമാന്ദ്യം വയറുവേദന. ശ്വസനഗതി കുറഞ്ഞു് മിനിട്ടിൽ 7, 8പ്രാവശ്യം മാത്രമായി കുറയുന്നു.

ഉപ്പു്, പുളി, ലഹരിപദാർത്ഥങ്ങളും ഉപേക്ഷിക്കണം. പനിയും വയറിളക്കവുമില്ലെങ്കിൽ പഴവർഗ്ഗം ഉപയോഗിക്കാം. ശ്രദ്ധജലം ധാരാളം ഉപയോഗിച്ചാൽ നല്ലതു്. പനി ഇല്ലെങ്കിൽ തണുത്ത വെള്ളത്തിൽ കുളിക്കാം.

ചില പ്രധാനപ്പെട്ട ഔഷധങ്ങൾ

ചെല്ലിഡോണിയം 6.

ഈ രോഗത്തിനു് ഏറ്റവും അധികം ഉപയോഗിക്കുന്ന ഔഷധം. വലത്തുഭാഗത്തു (തോളംപലകയുടെ) വേദന, മഞ്ഞനിറത്തിൽ മൂത്രം. കണ്ണിന്റെ വെള്ള്യ്ക്കു് മഞ്ഞനിറം, കളിമണ്ണുനിറത്തിൽ മലം.

മൈറിക്കാസെറിഫെറ 3.


തലവേദന, ജലദോഷം, നാക്കിൽ മഞ്ഞപ്പൂപ്പു്, മന്ദഗതിയിലുള്ള നാഡി, ഇരുണ്ടമൂത്രം, വിശപ്പില്ലാതെവരിക ഇവയ്ക്കു് ഇതു് ഉപയോഗിക്കാം.

എ കെ സി സി ബുള്ളറ്റിൻ

മതവിശ്വാസികളെ കൂടുതൽ ആശങ്കാധീനരാക്കുന്ന

കെ. കോൺഗ്രസ് ജനറൽസെക്രട്ടറി ശ്രീ കെ. എം. ജോസഫ് ബി.എ.ബി.എൽ. പുറപ്പെടുവിക്കുന്ന പ്രസ്താവന

കഴിഞ്ഞ മാർച്ചുമാസം 20–ാം തീയതി കൽ ദേവാലയവും സിമിത്തേരിയും ആക്രമിക്കപ്പെട്ടതി



നുശേഷം ഗവമ്മെണ്ടുഭാഗത്തുനിന്നും ദേവാലയാക്രമണങ്ങളെ തടയുന്നതിനു് സ്വീകരിച്ച എന്നു പറയുന്ന നടപടികളെ അപര്യാപ്തമായിരുന്നുവെന്നു് ഇതിനകം കേരളത്തിലെ ഒട്ടുമിക്ക പത്രങ്ങളും പല സംഘടനകളും ദൈവവിശ്വാസികളായ മാന്യന്മാരും പ്രസ്താവിച്ചിട്ടുണ്ടു്. ജൂൺമാസം 20–ാം തീയതി, ദേവാലയധ്വംസനത്തെ തടയുന്നതിനുള്ള നടപടികളെ സ്വീകരിച്ചിട്ടുണ്ടെന്നു് മുഖ്യമന്ത്രി ഒരു പത്രസമ്മേളനത്തിൽ വെളിപ്പെടുത്തി.

മുഖ്യമന്ത്രിയും
പത്രസമ്മേളനവും

ജൂൺമാസം മദ്ധ്യത്തോടുകൂടി കേന്ദ്രത്തിൽനിന്നും ദേവാലയധ്വംസനങ്ങളെസംബന്ധിച്ചു് ചില നടപടികളെ സ്വീകരിച്ചിട്ടുണ്ടെന്നും പത്രങ്ങളിൽ വന്നു. മുഖ്യമന്ത്രിയുടെ പത്രപ്രസ്താവനയ്ക്കുശേഷം ദേവാലയധ്വംസനം നടത്തിയതിന്റെപേരിൽ കുറെ മുൻ കുറവാളികളെ അറസ്റ്റുചെയ്യുകയുണ്ടായി. ജൂലൈ ആദ്യവാരത്തിൽ ദേവാലയധ്വംസനത്തെപ്പറ്റി അന്വേഷിക്കുന്നതിനു നിയുക്തനായ കേന്ദ്ര ഇൻറലിജൻറാഫീസർ കേന്ദ്രത്തിനു സമർപ്പിച്ചുവെന്നു പറയുന്ന റിപ്പോർട്ടിലെ വസ്തുതകളും പത്രങ്ങളിൽ വന്നു. ദേവാലയധ്വംസനങ്ങളും ആരംഭിച്ചകാലത്തു് ഗവമ്മെൻറുഭാഗത്തുനിന്നും ഉണ്ടായ പ്രസ്താവനകളും ദേവാലയധ്വംസകർക്കു് ആക്രമണത്തിനു് കൂടുതൽ സൗകര്യമുണ്ടാക്കി എന്നും ഈ റിപ്പോർട്ടുകളിൽ ഉണ്ടായിരുന്നു. ഇതിനെത്തുടർന്നാണെന്നു തോന്നുന്നു, ജൂലൈ 8–ാംനു- മുഖ്യമന്ത്രി ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടിയതു്. ഈ സമ്മേളനത്തിൽവച്ചു് 1960 മുതൽ 64 വരെ നടന്ന ദേവാലയധ്വംസനങ്ങളുടെ കണക്കും അതിൽ പിടിക്കപ്പെട്ട പ്രതികളുടെ വിവരവും വെളിവാക്കി. ഒരു പത്രപ്രതിനിധിയുടെ ചോദ്യത്തിനുത്തരമായി 64–നുമുൻപു നടന്നിട്ടുള്ള ധ്വംസനങ്ങളും നേർച്ചപ്പെട്ടികകുകളായിരുന്നുവെന്നും ഇപ്പോഴാകട്ടെ, വിശ്വാസ്യവസ്തുക്കളും സ്ഥിതിചെയ്യുന്ന സ്ഥാനങ്ങളും നശിപ്പിക്കപ്പെടുന്നുണ്ടെന്നും അതുകൊണ്ടാണു് ഇവയുടെപിന്നിൽ രാഷ്ട്രീയമുണ്ടെന്നു സംശയിച്ചതെന്നും മുഖ്യമന്ത്രി വെളിപ്പെടുത്തി. ഇക്കൊല്ലത്തെ ദേവാലയധ്വംസനങ്ങളിൽ പിടിക്കപ്പെട്ടവരിൽ മിക്കവരും മുൻ കുറവാളികളാണെന്നും അവർതന്നെ മിക്കവാറും ഒരു ജയിലിൽ കിടന്നവരാണെന്നും മുഖ്യമന്ത്രി വിശദമാക്കി. മുൻ കുറവാളികളെ ശ്രദ്ധാലോചനചെയ്തു് പള്ളികളെ ആക്രമിച്ചുവെന്നു് വിശ്വസിക്കാൻ നിവൃത്തിയില്ല.

സംയുക്തയോഗം

മുഖ്യമന്ത്രിയുടെ മുൻപറഞ്ഞ പത്രസമ്മേളനത്തിനുശേഷവും ദേവാലയാക്രമണങ്ങളിൽ പ്രതിഷേധിച്ചും യഥാർത്ഥ കുറവാളികളെ കണ്ടുപിടിക്കണമെന്ന ഭൃത്തിക്കുന്നതുമായ പല പ്രമേയങ്ങളും കേന്ദ്രസ്റ്റേറ്റു ഗവമ്മെണ്ടുകളുകൾക്കു് പല സ്ഥലങ്ങളിൽനിന്നും അയച്ചുകൊടുത്തിട്ടുണ്ടു്. ഇക്കഴിഞ്ഞ 12–ാംനു- എറണാകുളത്തു് കെ. പി. സി. സി, എകുസിക്യൂട്ടീവിന്റെയും പാർലമെൻറിപാർട്ടി എകുസി

ചാമോമില്ല 12.

കോപം, ഭയം എന്നീകാരണങ്ങളുകൊണ്ടു് ഉണ്ടാകുന്ന തിനു്. വയറുവേദന, കുഞ്ഞുങ്ങൾക്കു പ്രത്യേകം ഫലിക്കും.

അക്കോണയിറ്റം 30.

പനിയോടുകൂടി ആരംഭത്തിൽ ഉപയോഗിക്കുക.

മെർക്കുസോലം 30.

ശക്തിയായ വിയർപ്പു്, വായിൽനിന്നും വെള്ളം ഒലിക്കുക, പനി, നാക്കിൽ പൂപ്പു്, വായുനാറ്റം, ദേഹത്തു ചൊറിച്ചിൽ.

നകുസുവോമിക്ക 30

വയറുവേദന, മലബന്ധം, പിത്തവെള്ളം ഛർദ്ദി.

സംഫർ 30.

മലബന്ധം, ത്വക്കു് രോഗം. ആരംഭത്തിൽ ഇതിന്റെ 200–ാമത്തെ ആവർത്തിപ്പു് കൊടുത്ത ശേഷം മറ്റു മരുന്നുകളും ഉപയോഗിച്ചാൽ നല്ലതായിരിക്കുമെന്നു് ഒരു അഭിപ്രായമുണ്ടു്. ഉറക്കക്കുറവും, ദേഹം ചൊറിച്ചിലും ഉള്ളവർക്കു് നല്ലതു്.

കൂടാതെ താഴെപ്പറയുന്ന ഔഷധങ്ങളും ലക്ഷണചിത്രം നോക്കി ഉപയോഗിക്കാം.

Plelia 1, Digitalis, Hydrastis, Phosphorus, Arsenic Alb, Lachesis

മരുന്നുകളും 3 മണിക്കൂർ ഇടയിട്ടു് ഉപയോഗിക്കാം. രോഗലക്ഷണത്തിനു കുറവു കണ്ടാൽ സമയം അകലമിട്ടു് മരുന്നു് ഉപയോഗിക്കണം.

—ഡോ. റവി. കെ. ജോസു്,
(ഹോമിയോപ്പതി)

കൃട്ടീവിന്റെയും സംയുക്തയോഗം നടന്നു. മുഖ്യമന്ത്രി ദേവാലയാക്രമണത്തെക്കുറിച്ചും ഇതുവരെ പിടിക്കപ്പെട്ടിട്ടുള്ള കേസുകളെസംബന്ധിച്ചും യോഗത്തിൽ ഒരു വിവരണം നൽകിയെന്നും കെ. പി: സി. സി. പ്രസിഡണ്ട് ശ്രീ കെ. സി. എബ്രാഹവും സെക്രട്ടറി ശ്രീ കെ. എം. ചാണ്ടിയുംകൂടി ഒരു പത്രസമ്മേളനത്തിൽ വെളിപ്പെടുത്തുകയുണ്ടായി. 1960 മുതൽ ഇതുവരെയുള്ള ദേവാലയാക്രമണകേസുകളും പരിശോധിച്ചാൽ ഈവർഷം ദേവാലയധ്വംസനങ്ങളും താരതമ്യേന കുറവാണെന്നും കൂടുതൽ കേസുകളും തെളിയിക്കപ്പെട്ടിട്ടുണ്ടെന്നും അവർ അവകാശപ്പെട്ടു. ഈ പത്രസമ്മേളനറിപ്പോർട്ട് കണ്ടപ്പോഴാണ്, ഇതിനുമുമ്പു നടന്ന കെ. പി. സി. സി. യോഗത്തിൽ ശ്രീ കെ. എം. മാത്യു ദേവാലയധ്വംസനത്തെ അസ്പദീകരിച്ചു കൊണ്ടുവന്ന ഒരു പ്രമേയം ചില സാങ്കേതികതടസ്സങ്ങൾ പറഞ്ഞു് മാറ്റിവെക്കുകയുണ്ടായതിന്റെ പൊരുൾ എനിക്കു മനസ്സിലായതു്. ക്രൈസ്തവരായ കെ. പി. സി. സി.എക്സിക്യൂട്ടീവിലെയും പാർലമെൻററി പാർട്ടിയിലെയും അംഗങ്ങളും ജനാധിപത്യവാദികളായ മറ്റു സ്നേഹിതരും മുഖ്യമന്ത്രിയുടെ ഈ പ്രസ്താവനയ്ക്കു് എങ്ങനെ സമ്മതംമൂളിയെന്നു മനസ്സിലാകുന്നില്ല.

ജനങ്ങളെ ഭയവിഹ്വലരാക്കുന്നു

ജൂൺ 12—ാംനു- ചങ്ങനാശേരിയിൽ പതിനായിരക്കണക്കിനാളുകളും പ്രാർത്ഥനാനിരതരായി ഒരു പരിഹാരജാഥ നടത്തി സെൻറ് ബെക്മൻസ് കോളേജങ്കണത്തിൽ സമ്മേളിച്ചു. ഈ സമ്മേളനത്തിൽ കേരളക്കരയിലെ എല്ലാ ക്രൈസ്തവവിഭാഗങ്ങളെയും പ്രതിനിധീകരിച്ചു് വൈദികരും മെത്രാന്മാർ സന്നിഹിതരായിരുന്നു. അക്രൈസ്തവരായ പ്രാസംഗികരും ഈ യോഗത്തിൽ പ്രസംഗിച്ചു. ഈ മഹായോഗം ഉൽഘാടനംചെയ്തതു് പരിശുദ്ധ ഔഗൻ പ്രഥമൻ കാതോലിക്കാബാവാ തിരുമേനിയായിരുന്നു. ദേവാലയാക്രമണം മതവിശ്വാസികളെസംഭ്രാന്തരാക്കിയിട്ടുണ്ടെന്നും ജനങ്ങളുടെ ഭീതിയെ ശമിപ്പിക്കുന്നതിനു് ഗവമ്മെൻറ് ഇതുവരെ വേണ്ടതു ചെയ്തിട്ടില്ലെന്നും പൈശാചികമായ ദേവാലയാക്രമണങ്ങളെസംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനകളും കണക്കും ജനങ്ങളെ കൂടുതൽ ഭയവിഹ്വലരാക്കുന്നുണ്ടെന്നും യോഗത്തിൽ പ്രസംഗിച്ച തിരുമേനിമാർവ്യക്തമാക്കുകയുണ്ടായി. ചങ്ങനാശേരിയോഗത്തിനു് രാഷ്ട്രീയചായ ആരോപിക്കുവാൻ മുഖ്യമന്ത്രിക്കോ കെ. പി. സി. സി. ക്കോ സാധിക്കുകയില്ല. ആ യോഗത്തിൽ സ്വീകരിച്ച പ്രമേയങ്ങളും ഈ രാജ്യത്തെ ബഹുലക്ഷം ജനങ്ങളും ക്കും സ്വീകാര്യവുമാണ്. പക്ഷെ 12—ാംനു-യിലെ കെ. പി. സി. സി. എക്സിക്യൂട്ടീവിന്റെയും പാർലമെൻററി എക്സിക്യൂട്ടീവിന്റെയും തീരുമാനങ്ങളും പത്രങ്ങളിൽ കണ്ടപ്പോഴും ഈ രാജ്യത്തെ മതവിശ്വാസികളെ കൂടുതൽ ആശങ്കാധീനരാക്കിയിരിക്കുകയാണു്. കേരളകോൺഗ്രസിന്റെ ഔദ്യോഗികനേതൃത്വവും കേരളാഗവമ്മെണ്ടും ദേവാലയധ്വംസനവിഷയത്തിൽ ഇപ്പോഴും ഒരു അലംഭാവമനഃസ്ഥിതിയാണു് അവലംബിക്കുന്നതെന്നു് വളരെ വ്യക്തമാണു്. ദേവാലയധ്വംസനപ്രതിഷേധയോഗങ്ങളിൽ ഗവമ്മെൻറിന്റെ നടപടികളെ വിമർശിച്ച കോൺഗ്രസ്പ്രവർത്തകർക്കുതാക്കീതുനൽകണമെന്നും വേണ്ടിവന്നാൽ അച്ചടക്കനടപടികളും അവരുടെ മേൽ സ്വീകരിക്കണമെന്നും കെ. പി. സി. സി. യോഗത്തിൽ തീരുമാനിക്കപ്പെട്ടതായും റിപ്പോർട്ടുണ്ട്.

ഭവിഷ്യത്തുകൾക്കു ഇടയാക്കരുതു

ഇതിന്റെയെല്ലാം ആകെത്തുക ദേവാലയധ്വംസനം അവസാനിപ്പിക്കുന്നതിനും യഥാർത്ഥ കുറവാളികളെ വെളിച്ചത്തു കൊണ്ടുവരുന്നതിനും കേരളാഗവമ്മെണ്ടും കോൺഗ്രസ്സിന്റെ ഔദ്യോഗിക നേതൃത്വവും വേണ്ടത്ര ഉത്സാഹം പ്രദർശിപ്പിക്കുകയില്ലെന്നു മാത്രമാണു്. മതേതരരാഷ്ട്രമായ ഭാരതത്തിൽ ഒരു മതന്യൂനപക്ഷത്തിന്റെ മതാനുഷ്ഠാനങ്ങൾക്കു് വേണ്ട സംരക്ഷണം നൽകേണ്ട ചുമതല ഭരണകക്ഷിക്കും ഗവമ്മെൻറുകൾക്കുമുണ്ടു്. ഒരു പൊതുതിരഞ്ഞെടുപ്പു് ആസന്നമായിരിക്കുന്ന ഈ അവസരത്തിൽപോലും നാലുമാസക്കാലമായി പ്രണിതഹൃദയരായി കഴിയുന്ന ക്രൈസ്തവലക്ഷങ്ങളുടെ വികാരങ്ങളെ കൂടുതൽ വേദനപ്പെടുത്തുകയും ക്രൈസ്തവരെ അവഹേളിക്കുകയും ചെയ്യുന്നതു് പല ഭവിഷ്യത്തുകൾക്കും ഇടയാക്കാവുന്നതാണു്. ജനാധിപത്യവഴക്കങ്ങളെയും പാരമ്പര്യങ്ങളെയും അപകടത്തിലാക്കുന്ന പ്രവണത കേരളാഗവമ്മെൻറിനും കോൺഗ്രസ് പാർട്ടിക്കും ചേർന്നതല്ല.

ശ്മശാനചട്ടങ്ങൾക്കു് കത്തോലിക്കാ കോൺഗ്രസിന്റെ ആക്ഷേപം

പബ്ലിക്കു്ഹെൽത്തു് ആക്ടിൻകീഴിൽ കേരളഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ശ്മശാനചട്ടങ്ങൾക്കു് അഖിലകേരളകത്തോലിക്കാകോൺഗ്രസ് ഉന്നയിച്ചിരിക്കുന്ന ആക്ഷേപത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു

The Working Committee of the All Kerala Catholic Congress raises the following objections and makes the following suggestions to the rules under the Travancore—Cochin Public Health Act 1955, published in the Kerala Gazette No. 21 dated 26th May 1964.

1. Rule 82. This is ultra vires. Nuisance is defined in Section 2 (27) of the Act. "Any premises in such a state as to be . . . . . a nuisance" under S. 39(1), has to come within the definition of nuisance given in S. 2(27). That burial of the dead by itself does

not constitute a nuisance is laid down by a Division Bench of the Kerala High Court (Vide 1964 K. L. T. 15 at 18). There is also the high authority of Manual of Public Health and Hygiene by Currie and Mearns that burial of dead bodies is not damaging to health.

2. Therefore it is beyond the rule making powers conferred by the Act to frame a rule, 82(1) (a) and (b), that burial or cremation ground situated within 300 feet of a residential house or of any source of drinking water supply is a nuisance within S. 39.

3. The distance of 300 feet from residential houses, especially as regards burial grounds, is purely sentimental and will vary from person to person.

4. The draft rules published under the same Act in Kerala Gazette of 1-12-1959 did not contain any provision regarding the proximity to source of drinking water supply, much less to a distance of 300 feet of burial or cremation grounds.

5. The Dy. Director of Public health has remarked in his letter dated 20-5-1963 in connection with the location of cemetery in Thykal attached to the parish church there that, "Normally pollution of water supply does not take place from any source beyond 50ft." Even this is not supported by any scientific data.

6. There is no authority either hygienic or legal to frame a rule that burials of dead bodies within 300 feet or even of 200ft. of any source of drinking water supply is injurious to health. This rule of 300 or 200ft. distance for burials of dead bodies to drinking water supply seems to be an invidious and unjustifiable distinction when it is seen,

(i) that in rule 49 it is only laid down that, "No cess-pool shall be situated within 20 ft. of any well or 60 ft. of any spring or stream of water from which water is drawn or likely to be drawn for domestic purposes";

(ii) that in Rule 53 it is only laid down that "No soakage pit with pervious bottom shall be constructed within 50 ft. of a well";

(ii) that in rule 68 (b) regarding privy it is only laid down that, "It shall be situated at a distance of not less than 10 feet from any well, spring or stream of water used or likely to be used by men for drinking or for the manufacture of drinks for use of men"; and

(iv) that in Rule 75 (iii) it is only laid down that Bore-hole Latrines "shall be situated at a distance of not less than 40 ft. from any well, spring or stream of water used or likely to be used by men for drinking or domestic purposes".

7. It is laid down in the proviso to Rule 82 (1) (a) "that such a burial or burning ground situated in any urban or semi-urban area shall not be deemed to be a nuisance if the Health Officer certifies that the health of the residents of the locality will not be prejudicially affected." This cannot be justified on principle as burial and burning grounds which are injurious to health or otherwise nuisance to rural population can be equally so to urban population. This, therefore, is only an exception on considerations of expediency. Morever, this is only about residential houses.

8. No such exemption is provided for to Rule 82 (1) (b) in the case of sources of drinking water supply between rural and urban areas.. This rule about drinking water supply can only be with reference to burials as cremation and can have no bearing to under ground percolation ressulting in pollution of water. Therethe absence of any provision for exemption makes it all the more difficult for the Christians and the Muslims to open burial grounds. That this rule affects the Christians and the Muslims can be seen from the wording. It is not burial or cremation as such that is sought to be controlled. It is "buriall or cremation ground" that is declared a nuisance. It is the Christians and the Muslims who bury their dead in grounds set apart for the purpose and attached to churches and mosques.

9. The same is the case with the existing burial and burning grounds which are exempted. If burial and burning grounds are a nuisance there cannot be any difference between the existing grounds and those that may come into existence hereafter.

10. It may be noted that Kerala is the most thickly populated State in India and it will be almost impossible to establish burial and burning grounds beyond 300 feet of residential houses and even of drinking water supply. Law is for the convenience of the people and legislation shall not be harassing and oppressive, all the more so, under a democratic system of Government.

11. Instead of prescribing such unreasonable limitations, rules for minimising the so-called nuisance mamy be framed. If the sight of a grave or tomb or of the burning of a dead body is annoying to some it can be prevented by the provision for putting up high walls all round such grounds. Furnaces with chimnies may be insisted upon in crematoria to prevent the nuisance of smoke from the burning bodies to the neighbours.

12. Burials and cremations have never been considered as nuisance but as social obligations which the living owe their dead. A Full Bench of the Travancore High Court presided by the Chief Justice Mr. T. M. Krishnaswamy Iyer held that burials and cremations are "a social and moral and religious duty that one generation owes to the deceased human

ബ്രസീൽ കോഫി



BRAZIL COFFEE WORKS

T. B. ROAD, KOTTAYAM

കൈരളിയിലെ കാര്യക്കാർ

— ആർ. സി. വരിക്കയിൽ —

കേരള സാഹിത്യത്തിന്റെ മലയാളമലർവാടിയുടെ ഉടമകളും കാര്യക്കാരും ആരാണെന്ന സംശയിക്കാനില്ല. ആരുകൂടെ ആവരണം എന്നേ പ്രശ്നമുള്ള. കത്തോലിക്കരും അക്കൂട്ടത്തിൽ വേണം എന്ന നാമെല്ലാം പറയും. കേരള സാഹിത്യത്തിന്റെ ഏണിപ്പടികം കയറിയിറങ്ങുമ്പോം മേലേത്തലപ്പിലെങ്ങും നമ്മുടെ ആളുകളെ അധികം കാണാറില്ല. മാത്രമോ? അക്രൈസ്തവസാഹിത്യകാരന്മാർ ഇടയ്ക്കും തലയ്ക്കും കത്തോലിക്കരെ നന്നായി കളിയാക്കാറുമുണ്ട്. മാസ്റ്റർ മുണ്ടശ്ശേരിയേപ്പോലെ കൊഴിഞ്ഞുവീണ കത്തോലിക്കരുടെ ശരങ്ങളോ, കൂട്ടത്തൽ വേദനാജനകമാണ്. (ശ്രീ.മുണ്ടശ്ശേരി ഈയിടെ കത്തോലിക്കനായോ എന്ന വായനക്കാർ തീരുമാനിച്ചുകൊള്ളുക. ദൈവം മനുഷ്യന്റെ സൃഷ്ടിയാണ് എന്ന് വാദിച്ച ഗ്രന്ഥകർത്താവായ മുണ്ടശ്ശേരിയേയാണ് ഇവിടെ വിവക്ഷിക്കുന്നത്.) ഇവക്കെല്ലാമെതിരേ തലയുയർത്തിനിന്ന പറയുവാനും നമ്മുടെ നേതാവിനെ അലൗകികഭംഗിയോടെ അവതരിപ്പിക്കുവാനും ആളുകം വേണം. അൽമേനികം മതിയോ അതോ വൈദികർ കൂടി വേണമോ എന്നതു് വീണ്ടും പ്രശ്നമാകുന്നു.

ആരും മതിയാകുന്നില്ല

ഓടി മറിഞ്ഞ കാലസന്ധികം നോക്കിയാൽ അല്ലായ്മക്കാർ, തിരുസഭയിലെ സ്ഥാനക്രമങ്ങളിൽ പ്രത്യേകിച്ചൊന്നും സ്വീകരിക്കാത്തവർ, കൈരളിയിൽ ഒരു പ്രാതിനിദ്ധ്യം നേടുവാൻ പര്യാപ്തരായിട്ടില്ല. കേരള കത്തോലിക്കരുടെ സാമുദായികപശ്ചാത്തലമല്ലേ അതിനു കാരണം എന്നു സംശയിക്കണം. സ്വസ്ഥമായിരുന്നു വായിച്ചും കുറിച്ചും പോകുവാൻ കട്ടക്കയത്തിനു പോലും സമയമില്ലായിരുന്നല്ലോ. കർഷകവൃത്തി അല്ലായ്മക്കാരെ ഞരുക്കിയപ്പോം വിദേശികളുടെ ഭരണം വൈദികരെയും സ്വല്പം തടഞ്ഞു. സ്വയിനിലും പോർച്ചുഗലിലും ജനിച്ചവരുടെ കീഴിൽ പട്ടത്തിനു പഠിച്ചിരുന്നവർ മലയാളസാഹിത്യത്തിലെങ്ങനെയാണ മേൽക്കോയ്മ നേടുക. ലത്തീനും സുറിയാനിയും ലത്തീനിലുള്ള ശാസ്ത്രങ്ങളും പഠിച്ചിരുന്ന അന്നത്തെ വൈദികവിദ്യാർത്ഥികം മലയാളം പഠിക്കുവാൻ സാവകാശം തീരെ കുറവായിരുന്ന തീർച്ച. അല്പായ്മക്കാക്ക് ദൈവവിജ്ഞാനീയവും വശമായിരുന്നില്ല.

വല്ലതുമൊന്നു കുറിക്കേണ്ടി വന്നാൽ വേറൊരു ഗതികേടും പ്രത്യക്ഷപ്പെട്ടിരുന്നു. പാശ്ചാത്യഭാഷയിൽ പഠിച്ച ഒരാശയത്തിനു പൗരസ്ത്യഭാഷയിൽ പറ്റിയ പദം കണ്ടെടുക്കണം. അതൊരു നിസ്സാരകാര്യമല്ല. ഓരോ സംസ്കൃതപദത്തിനും പിറകിൽ ഭാരതീയ ദർശനമുണ്ട്. ലത്തീൻ സുറിയാനിപദങ്ങൾക്കു പിറകിൽ ക്രൈസ്തവ വിജ്ഞാനീയവും, ഈവക സിദ്ധാന്തങ്ങളിലും വ്യാകരണങ്ങളിലും പഠിപ്പില്ലാത്ത ഒരാം വിയർക്കാതെ ഗതിയില്ല. രണ്ടും കല്പിച്ചു വല്ലതും പറഞ്ഞവർ, ‘,വചനിച്ചു’’, ‘‘വന്ദകന്മാരുടെ രാജ്ഞി’’ തുടങ്ങിയവ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെ, ക്രൈസ്തവസാഹിത്യം കെട്ടിപ്പടുക്കുന്നതിൽ വൈദികരും ഒരുപോലെ പരാജയപ്പെട്ടു.

ഇന്നത്തെ പോക്ക്

വിവിധ മേഖലകളിൽ സ്വാതന്ത്ര്യവും സാവകാശവും ലഭിച്ചതോടെ നാം മുന്നോട്ടുനീങ്ങുന്നുണ്ട്. പക്ഷേ, വൈദികരും അവൈദികരും രണ്ടു പടവിലാണു നീങ്ങുന്നതെന്നുമാത്രം. ഭാഷാപരിജ്ഞാനവും സാഹിത്യവാസനയും കൂടുതലുള്ളതു് അല്പായ്മക്കാക്കാണ്. മലയാളത്തിൽ വ്യാകരണത്തെറ്റുകൂടാതെ പ്രസംഗിക്കുന്ന വൈദികർ അത്യപൂർവമായിട്ടെങ്കിലും സെമിനാരിയിൽ ചേരുമ്പോം മുതൽ സുറിയാനി, ലത്തീൻ, ഗ്രീക്ക, ഹീബ്രൂ, ഫ്രെഞ്ചു, ജർമ്മൻ തുടങ്ങിയ വിദേശ ഭാഷകം തന്നെ കൈകാര്യം ചെയ്യുപോന്നതിന്റെ പരിണിതഫലം മാത്രമാണതു്. ഇവർ പൊട്ടന്നെ സാഹിത്യസൃഷ്ടിയിലേയ്ക്കു കടന്നാൽ വായനക്കാക്ക് രുചികേടു സൃഷ്ടിക്കുമെന്നതു തീർച്ചയാ

---

habitations of a prior generation". Chief Justice Mr. Earle of England has observed as follows in Cavary V. Lidbetter (E. R. Vol. 122 p. 25. 27) a case arising out of burial.

"It seems to me that the affairs of life in a dense neigh-bourhood cannot be carried on with out mutual sacrifices of comfort; and that in all actions for discomfort the law must regard the principle of mutual adjustment: and the notion that the degree of discomfort which might sustain an action under such circumstances is as the notion that if the act complained of was done in a convenient time and place, it must therefore be justified. whatever was the degree of annoyance that was occasioned thereby.

A Bench of the Madras High Court has observed as follows in Queen Empress V. Saminadha Pillai I. L. R. (1896) 19 Madras 464:

"When persons entitled to use a particular spot dedicated for the communal purpose of tcremation, use it for that purpose in a manner neither unusual nor calculated to aggravate *the inconveniences necessarily incident to such an act as it is generally performed in this country,* they cannot be convicted of a public nuisance on the ground that their act caused material annoyance and discomfort to persons near the place".

It is therefore prayed that these rules may not be passed as it will be harassing to the Christians and the Muslims who generally bury their dead.

Yours faithfully,
General Secretary,
All Kerala Catholic Congress.
Ernakulam,
3 July, 1964.

ണ്. ബ. വടക്കേൽ അച്ചനെപ്പോലെ ലബ്ധപ്രതിഷ്ഠരായ ഭാഷാപടുക്കൾ അടുത്ത കാലംവരെ നോക്കിയാൽ തീരെക്കുറവായിരുന്നു. അങ്ങേവശത്തേ. ദർശനത്തിലും ദൈവവിജ്ഞാനീയത്തിലും കാലുറക്കാത്ത അവൈദീകർ, ഭാഷാസ്വാധീനവും കൊണ്ടുവല്ലതുമൊക്കെ എഴുതിത്തള്ളുന്നു. ശ്രീ. ലൂവെയിൽ പി. റവി. ചാക്കോയേപ്പോലെ ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നവരധികമില്ലല്ലോ. ഇംഗ്ലീഷ്' മറ്റു വിദേശഭാഷകളിൽ സ്വാധീനമുള്ള അല്പായ്മക്കാരെത്രയുണ്ട്. ഇംഗ്ലീഷ് മാത്രം പഠിച്ചതുകൊണ്ടു് ദർശനവും ദൈവവിജ്ഞാനീയവും കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന കാലം ഇനിയും വന്നിട്ടില്ല താനും. പിന്നെ ഏതാണു പുരോഗമനപാത?.

ഇനിയും വേണ്ടതു്

ഭാഷമാത്രമുള്ള അല്പായ്മക്കാരും, ശാസ്ത്രം മാത്രമുള്ള വൈദീകരും കുറേക്കൂടി ബുദ്ധിമുട്ടാതെ തരമില്ല. ദർശനാദിശാസ്ത്രങ്ങൾ പഠിക്കുവാൻ അല്പായ്മക്കാർ കുറേക്കൂടി മുന്നോട്ടു വരണം. എന്നാലേ, ആധികാരികമായി ക്രൈസ്തവജനതയോടും, അവരുടെ പ്രതിനിധികളായി ഇതരമതസ്ഥരോടും സംസാരിക്കുവാൻ സാദ്ധ്യമാകൂ. വിദേശഭാഷകളും കുറേക്കൂടി അഭ്യസിക്കണം. ജർമ്മൻ, ഫ്രഞ്ചു് എന്നീ ഭാഷകളിലാണു്, ദർശനവും, ദൈവവിജ്ഞാനീയവും പുതുനാമ്പുനീട്ടുന്നതു്. അവയുടെ ഏകദേശതർജ്ജമകളേ ഇംഗ്ലീഷിൽ ലഭിക്കൂ— അതും, ചിലതിന്റേതുമാത്രം. പുസ്തകം പുറത്തിറങ്ങിയിട്ടു് ദശാബ്ദങ്ങൾക്കുശേഷവും. നമ്മുടെ നോവലുകളും നാടകങ്ങളും ഇത്ര മുരടിച്ചുപോകുന്നതെന്തുകൊണ്ടാണു്? ഇംഗ്ലീഷിൽ നിന്നല്ലാതെ ആശയങ്ങളെടുക്കുവാൻ കഴിയാത്തതുകൊണ്ടുതന്നെ. കമ്മ്യൂണിസ്റ്റുകാർ റഷ്യൻഭാഷയിൽ നിന്നു സംഗ്രഹങ്ങളായും തർജ്ജമകളായും ധാരാളം പുതുചിന്തകളിറക്കുന്നുണ്ടു്. നമ്മുടെ അല്പായ്മക്കാർ ജർമ്മനും ഫ്രഞ്ചും ഇറാലിയനും പഠിച്ചാൽ ക്രൈസ്തവസാഹിത്യത്തിന്റെ ഒരു പുതിയലോകം തന്നെ കാണാം. 'ബണ്ണ്ടിത്തായുടെ സംഗീതം' പോലെ പല ഗ്രന്ഥങ്ങളും ജർമ്മനിൽനിന്നു ഫ്രഞ്ചിലേക്കു ചാടി, വീണ്ടും ഇംഗ്ലീഷിലേക്കു മറിയുന്നതുവരെ നാം നോക്കിയിരിക്കുന്നതു പരിതാപകരമാണു്. വദേശത്തുപോയി ഈ ഭാഷകളും അവയിലവതരിയ്ക്കുന്ന ശാസ്ത്രങ്ങളും പഠിക്കുവാൻ ഇന്നത്തെ കേരളകത്തോലിക്കരിൽ കുറെയധികം പേർക്കു സാധിക്കും. കത്തോലിക്കാകോൺഗ്രസ് പരിശ്രമിച്ചൽ വളരെക്കൂടുതൽ കഴിയും.

വൈദീകന്റെ സ്ഥാനം

വൈദികൻകൂടാശപരികർമ്മം ചെയ്യുന്നതിനു് ഒന്നാമതു ശ്രമിക്കണം, അതുപേക്ഷിച്ചിട്ടു് ഏതുരംഗത്തേക്കു പാഞ്ഞുകയറിയാലും വിമർശിക്കപ്പെടുകയും ചെയ്യണം. പക്ഷേ, കൂടാശപരികർമ്മം കൊണ്ടുമാത്രം കഴിയേണ്ട പരിതസ്ഥിതിയല്ല കേരളത്തിൽ ഇന്നുള്ളതു്. മലയാളികൾക്കു് അവരുടേതായ വൈദീക വിദ്യാഭവനങ്ങൾ ഇന്നുണ്ടല്ലോ. അവിടെ ശരിക്കു ബുദ്ധിമുട്ടിയാൽ ശാസ്ത്രങ്ങളുടെകൂടെ ഭാഷയും നന്നായി പഠിക്കാം. ഒരു അല്പായ്മക്കാരനു് വായനശാലയിൽ പോയിരുന്നു പഠിക്കുവാൻ എത്രയോ 'വിലക്കുകൾ' ഉണ്ടു്! അവയൊന്നും വിവരിക്കണമെന്നുതോന്നുന്നില്ല. വൈദിക വിദ്യാർത്ഥിയുടെ ജീവിതം സാമാന്യം പറഞ്ഞാൽ സുഖവും സൗകര്യവും നിറഞ്ഞതാണു്. ഉണ്ണാനും ഉടുക്കുവാനും വേണ്ടി അവർ ബുദ്ധിമുട്ടുന്നില്ല. ആ നിലയ്ക്കു സമുദായസേവനത്തിനു വലിയ കടമയുണ്ടു്. അതു നിർവ്വഹിക്കുന്നില്ലെങ്കിൽ വലിയൊരപരാധംതന്നെ ആയിരിക്കും. നമ്മുടെ അല്പായ്മക്കാർ ദർശനവും ദൈവവിജ്ഞാനീയവും ഒക്കെ പഠിച്ചുകഴിയുമ്പോഴും ഈ കടമ കുറെ കുറയും. അതുവരെ ശരിക്കു പ്രയത്നിക്കേണ്ട കടമ വൈദീകരാവുന്നവർക്കുണ്ടു്.

വിമർശനത്തിന്റെ മുമ്പിൽ

സാഹിത്യസേവനം കേരള വൈദീകനു് ഇന്നൊരു കടമയാണു്. ആ കടമ, കൈകടത്തലായി വ്യാഖ്യാനിക്കപ്പെട്ടാൽ നമ്മുടെ സമുദായത്തിന്റെ ബൗദ്ധിക നിലവാരം ഇനിയും ഉയരാനുണ്ടു് എന്നേ അർത്ഥമുള്ളൂ. സ്ഥാനപ്പേരുകൾ കാട്ടി വണക്കം 'യാചിക്കുന്നതു ഭംഗിയല്ലതന്നെ. അവിടെയും തെറ്റിദ്ധാരണ വലിഞ്ഞുകയറിയാൽ സാവധാനം വഴികാണിച്ചു ഇറക്കിവിടുകതന്നെ. ആരാധനക്രമങ്ങളുടെ സമയത്തല്ലാതെ ഔദ്യോഗികവസ്ത്രം പോലും ധരിക്കുന്നതു് ആദരകാംക്ഷയായി ചിലർ വ്യാഖ്യാനിക്കുന്നു. എഴുതുന്നിടത്തെല്ലാം റവ. ഫാദർ വയ്ക്കാത്തതിനുവേറൊരു കൂട്ടർ ശകാരിക്കുന്നു.

പറഞ്ഞുവന്നതു് ഒന്നുകൂടി ആവർത്തിക്കുന്നു. കത്തോലിക്കർ വൈദികരാകട്ടെ, അവൈദികരാവട്ടെ ഇന്നു് കൈരളിയിൽ കാര്യക്കാരായിട്ടില്ല. രണ്ടു കൂട്ടരും പരിശ്രമിക്കാതെ അടുത്തെങ്ങും നമ്മുടെ സമുദായത്തിനു് സാഹിത്യമണ്ഡലത്തിൽ പ്രാതിനിദ്ധ്യം ലഭിക്കുവാനും പോകുന്നില്ല. ഇന്നത്തെ നിലപാടിൽ വൈദികർക്കു സാഹിത്യസേവനത്തിനു കൂടുതൽ കഴിവും കടമയുമുണ്ടു്. അതൊരു ദുർമ്മോഹമായി വ്യാഖ്യാനിക്കുന്നവർ, മെല്ലേ ആശയം മാറ്റിക്കൊള്ളും.

—0—

വരിക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്കു്

വരിസംഖ്യ ഇനത്തിൽ കുടിശികവരുത്തിയിട്ടുള്ളവർ ഉടനെ ഒരു വർഷത്തെ വരിസംഖ്യയായ 3രൂ. വീതം അടച്ചു് കുടിശിക തീർത്തു സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

എഡിറ്റർ

ദുർബുദ്ധികളുണ്ടായാൽ ഏതു നല്ല നിയമത്തെയും ദുർവിനിയോഗിക്കും

ശ്മശാനചട്ടങ്ങളിലെ ചില വ്യവസ്ഥകൾ ഇതിനുദാഹരണം– ഇവയ്ക്കു ശാസ്ത്രീയാടിസ്ഥാനം പറയുന്നില്ല, ആവശ്യകത കാണുന്നുമില്ല

(ഇ. പി. വർഗീസ് എം.എ.ബി.എൽ.)

തിരുക്കൊച്ചി വിഭാഗത്തു ഇന്നും പ്രാബല്യത്തിലിരിക്കുന്ന 1955–ലെ പബ്ളിക്ക് ഹെൽത്തു് നിയമം അനുസരിച്ചു ശ്മശാനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ഏതാനും ചട്ടങ്ങൾ കേരളാഗവണ്മെൻറു 26–5–64–ലെ 21–ാം നമ്പർ കേരളാഗസറ്റിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു.

അകല വ്യവസ്ഥ

മൃതശരീരങ്ങൾ കുഴിച്ചിടുന്നതിനേയും ദഹിപ്പിക്കുന്നതിനേയും പറ്റിയുള്ള വ്യവസ്ഥകൾ ഈ ചട്ടങ്ങളിൽ 7–ാംഅദ്ധ്യായം 82–ാം ചട്ടത്തിലാണു്. ആൾതാമസമുള്ള വീടുകളുടെ 300 അടിക്കുള്ളിൽ മൃതശരീരങ്ങൾ കുഴിച്ചിടുന്നതിനോ ദഹിപ്പിക്കുന്നതിനോ ഉള്ള സ്ഥലങ്ങൾ ന്യൂയിസൻസായി ഗണിക്കപ്പെടുമെന്നതാണു് ഒരു വ്യവസ്ഥ എന്നാൽ പട്ടണങ്ങളിൽഉള്ള ഈവിധ സ്ഥലങ്ങൾ അവിടങ്ങളിലെ താമസക്കാർക്കു ഹാനികരമല്ലെന്നു ഹെൽത്തു് ഓഫീസർ അഭിപ്രായപ്പെട്ടാൽ ആ സ്ഥലങ്ങളെ ന്യൂയിസൻസായി പരിഗണിക്കയില്ലെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. കുടിക്കുന്ന വെള്ളക്കെട്ടിൽ നിന്നും 300 അടിക്കുള്ളിലുള്ള ഈവിധ സ്ഥലങ്ങളും ന്യൂയിസൻസായി ഗണിക്കപ്പെടും. എന്നാൽ അവ 200 അടിക്കുള്ളിൽമാത്രമാണെങ്കിൽ അവ ഹെൽത്തു ആഫീസരുടെ അഭിപ്രായമനുസരിച്ചു് ന്യൂയിസൻസായി ഗണിക്കപ്പെടാതിരിക്കാവുന്നതാണു് എന്നൊരു വ്യവസ്ഥയും കൂടിയുണ്ടു്. ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന കാലത്തു് നിലവിലുള്ള ഈ വിധ ശ്മശാനസ്ഥലങ്ങൾക്കു ഈ ചട്ടങ്ങൾ ബാധകമാകുന്നതല്ലെന്നുംകൂടി വ്യവസ്ഥയുണ്ടു്.

ശാസ്ത്രീയാടിസ്ഥാനമില്ല

കുടിക്കുന്ന വെള്ളത്തിൽ നിന്നും 300 അടിയെന്നോ 200 അടിയെന്നോ ഉള്ളതിൻെറ കാരണം ശവക്കുഴിയിൽനിന്നുമുള്ള അടിയൊഴുക്കുകൊണ്ടു മൃതശരീരം അഴുകിയുണ്ടാകുന്ന അണുക്കളും വെള്ളത്തിൽ കലരുമെന്നതായിരിക്കുമല്ലൊ. ഇതിനു ശാസ്ത്രീയമായ യാതൊരു അടിസ്ഥാനവുമില്ല. ശവം അടക്കുന്നതു വെള്ളനിരപ്പിനു മുകളിലായിരിക്കും. എന്നുതന്നെ അല്ല ശരീരം അഴുകിഉണ്ടാകുന്ന അണുക്കൾ 300 അടി എന്നതു 50 അടിപോലും അകലെ ഭൂമിയുടെ അടിയിൽകൂടി സഞ്ചരിക്കുകയില്ല. മൃതശരീരങ്ങൾ കുഴിച്ചുമൂടുന്നതു ആരോഗ്യത്തിനു ഹാനികരമായിരിക്കുമെന്നു ഇന്നേവരെയും ശാസ്ത്രീയമായി സ്ഥാപിച്ചിട്ടില്ല. ഇതിനെ ആസ്പദമാക്കി കേരള ഹൈക്കോടതിയുടെ ഒരു ബഞ്ചു തൈക്കൽകേസ്സിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടു്. ഒരു മുൻകരുതൽ എന്ന നിലയിൽപ്പോലും 50 അടിയിൽകൂടുതലായ ഒരു അകലം കുടിക്കുന്നവെള്ളവും ശവസംസ്കാരസ്ഥലവും തമ്മിൽ വേണമെന്നു ഇന്നേവരെ കേരളത്തിലെ ഹെൽത്തു് ഉദ്യോഗസ്ഥന്മാർ പറഞ്ഞിട്ടില്ല. തൈയ്യൽകേസിൽ ഹെൽത്തു്ഡെപ്യൂട്ടി ഡയറക്ടർ പോലും ഈ 50 അടി അകലമേ അഭിപ്രായപ്പെട്ടുള്ള ആ നിലയ്ക്കു ഈ 300 അടി അകലം ചട്ടത്തിൽചേർത്തിരിക്കുന്നതിൻെറ പൊരുൾ വൈദ്യശാസ്ത്രീയമോ രാഷ്ട്രീയമോ ഏതെന്നു മനസ്സിലാകുന്നില്ല. ഏതായാലും ശാസ്ത്രീയമല്ല. കേരളനിയമസഭയ്ക്കു നിയമസഭയിൽ ഭൂരിപക്ഷമുള്ളതുകൊണ്ടു ഏതും നിയമമാക്കാമെന്നതല്ലെ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്; ഇതിനു തൽക്കാലം പരിഹാരമുണ്ടാക്കേണ്ടതു നിയമസഭാംഗങ്ങളാണു; വിദൂരമല്ലാത്ത ഭാവിയിൽ ഇവിടത്തെ പാർട്ടിഭ്രാന്തില്ലാത്ത വോട്ടർമാരും.

ഇതോടുകൂടിയുള്ള മറ്റു ചട്ടങ്ങളിൽ അഴുക്കുകുഴികളും, കക്കൂസുകളും മുതലായവയ്ക്കു് വെള്ളക്കെട്ടിൽ നിന്നു 20 മുതൽ 30വരെ അടി അകലമേ നിർദ്ദേശിച്ചിട്ടുള്ളൂ എന്നതും ശ്മശാനത്തെ സംബന്ധിച്ചു ഇത്രവലിയ ദൂരം നിർദ്ദേശിച്ചതു ഒരു പ്രത്യേകതയാണെന്നു വ്യക്തമാക്കുന്നു. ഈ ചട്ടം ശവസംസ്കാരം മതാചാരമായ ക്രൈസ്തവ മുസ്ലീംസമുദായങ്ങൾക്കു് മാത്രമേ ബാധകമാകാൻ സാദ്ധ്യതയുള്ള ദഹിപ്പിക്കുന്നതും കുടിക്കുന്ന ജലാശയവുമായി ബന്ധമുണ്ടാകുവാൻ സാദ്ധ്യതയില്ലല്ലോ. അതിനാൽ കക്കൂശവും യാതൊരു നീതിന്യായവും കൂടാത്തതുമായ ഈ നിബന്ധന ഇവിടത്തെ മതന്യൂനപക്ഷങ്ങളെ ബുദ്ധിമുട്ടിക്കുവാൻ മാത്രമായുള്ളവയാണു്.

ആവശ്യമാ കാരണമോ ഇല്ല

വീടുകളിൽ നിന്നും 300അടി അകലമെന്നുള്ളതു യാതൊരു ആരോഗ്യപരമായ കാരണങ്ങളാലുമല്ല ചിലക്കു ശ്മശാനങ്ങളുടെ സാമീപ്യം അസഹ്യമായി തോന്നുമെന്നതിനെമാത്രം ആസ്പദമാക്കി യാണു ഈ ചട്ടം ഉണ്ടാക്കിയിരിക്കുന്നതു്. ഓരോരുത്തർക്കും

ഓരോതരം ഈർഷ്യയും തൃപ്തികേടും അസൗകര്യങ്ങളും തോന്നിയേക്കും. ഇതിന്റെയെല്ലാം ഒരു ജി. സി. എം. ആയിരിക്കാം ഈ 300 അടി. ഇതു തൈക്കൽകേസ്സിൽ കോടതി സ്വീകരിക്കുവാൻ വിസമ്മതിച്ചതും അവസാനമായി ഹെൽത്തു് ഓഫിസർ ഉപേക്ഷിച്ചതുമാണു്. ഇപ്പോഴ ഇതു ചട്ടമാക്കുവാൻ ശ്രമിക്കുന്നതു അശേഷം ഉത്തമവിശ്വാസമില്ലാത്ത ഒരു നിയമനിർമ്മാണമാണു്. സാധൂകരിക്കത്തക്ക കാരണമോ ആവശ്യമോ ഇതിലില്ലെന്നുമാത്രമല്ല ജനനിബിഡത അധികമായിരിക്കുന്ന കേരളത്തിൽ ഇതു പ്രയോഗികവുമല്ല.

ശവസംസ്ക്കാരമോ ശവദഹനമോ അല്ല ഈചട്ടംമൂലം വിഷമകരമാക്കുന്നതു്. ശവസംസ്ക്കാരത്തിനൊ ദഹനത്തിനൊ ആയി പ്രത്യേക സ്ഥലമുണ്ടാക്കുന്നതിനെയാണു് നിയന്ത്രിക്കുന്നതു്. ചട്ടം 82 (1) ഇപ്രകാരമാണു്. ''താഴെ പറയുന്ന സ്ഥലങ്ങൾ ന്യായിസൻസായി പരിഗണിക്കപ്പെട്ടും. (a) ആംതാമസമുള്ള വീടിന്റെ 800 അടിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ഒരു ശവസംസ്ക്കാരസ്ഥലമോ ശവദഹനസ്ഥലമോ'' അതിനാൽ പ്രത്യേക സ്ഥലത്തു ശവസംസ്ക്കാരം ചെയ്യുന്നവരെയാണു് ഇതു ബാധിക്കുന്നതു്; അതായതു് ശവസംസ്ക്കാരത്തിനായി പ്രത്യേക സ്ഥലങ്ങൾ ഉണ്ടാക്കുന്ന ക്രൈസ്തവരേയും മുസ്ലിംങ്ങളെയും.

ജനിക്കാനും മരിക്കാനും വയ്യെന്നവരും

ഇതിൽനിന്നും ഒരു കാര്യം വിശദമാകുന്നു. ഭരണക്രമവും ഭരണഘടനയും എത്ര വിശേഷമായാലും അതു നടത്തുവാൻ ഭരമേല്പിക്കപ്പെടുന്നവർ നീതിബോധമുള്ളവരും നിഷ്പക്ഷരുമല്ലെങ്കിൽ ഏതു ഡമോക്രസിയും ഏതു മൗലികാവകാശ പ്രഖ്യാപനവും നിരർത്ഥകമാക്കുവാൻ സാധിക്കും. ജനകീയ ജനാധിപത്യത്തെപ്പറ്റിയും അതിൽ വിശ്വസിക്കുന്നപാർട്ടികളെപ്പറ്റിയും കണ്ണുമടച്ചു പ്രശംസിക്കുന്നവൻ അല്പമൊന്നു ചിന്തിച്ചാൽ കൊള്ളാം. അതിന്റെ പ്രവർത്തനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവരെ ആശ്രയിച്ചായിരിക്കും അതിന്റെ ഗുണാനുഭവത്തിന്റെ വലിയ ഭാഗമെന്നും ഏതു ഭരണക്രമത്തെയും ഏതു നല്ല നിയമത്തെയും ദുരുപയോഗിക്കുവാൻ ദുർബുദ്ധികൾക്കു സാധിക്കുമെന്നു കൂടി നാം ഓർമ്മയിൽ വച്ചിരിക്കേണ്ടതുണ്ടു്. ഇങ്ങനെ ഒരു വിവേചനയും കൂടാതെ ''കുറിച്ചു'' ന്യായംസ്വീകരിച്ചാൽ ജനിക്കാനും മരിക്കാനും പ്രായാസമുണ്ടാകുന്ന പരിതസ്ഥിതികളും

കേഴുക പ്രിയ നാടേ

– ജോസഫ് കുരോപ്പട –

കേഴുകയാണിന്നുഭാരതമക്കൾ, സർവ്വം
താഴുകയാണുകണ്ണീർക്കടലിൽ, ''ചാച്ചാ'' പോയി
പത്രത്തിൽവാർത്തകണ്ടസ്തംഭിച്ചുനിന്നുപോയി
ഇത്രവേഗംനെഹ്റുജിപിരിഞ്ഞതോർത്തുമക്കൾ
ജനനിസ്സ്വയിജീവിച്ചോരാവീരസുതനെ
കനിവില്ലാതെവിധിഹാവേഗംമോഷ്ടിച്ചല്ലോ.
മക്കളിനിയും 'ചാച്ചാ' തന്നുടെശബ്ദംകേൾക്കാ—
ഉൾക്കാമ്പഖിലംനീറിതന്നെപുലമ്പിടേണം
സമാധാനംകൈത്തിരിനീട്ടാനാരുണ്ടിനിയും?
തമസ്സാണെങ്ങുംലോകംകുണ്ടിൽവീഴാൻപോകുന്നു.
പറന്നയന്നാവെള്ളിപ്രാവുമഹോന്നതന്റെ
കരങ്ങളിലായ്—നമ്മേനോക്കിപുഞ്ചിരിയ്ക്കുന്നു.
'പഞ്ചശീല' തത്വത്തെമാറാരെക്കാട്ടി, ദുഷ്ടർ
നെഞ്ചുംനേരേയാക്കിയനമ്മുടെനെഹ്റുപോയി
നൂറാണ്ടായ്നീണ്ടനിന്നപാരതന്ത്ര്യംതകർക്കാ—
നൂറുമായ്ശ്രമംചെയ്ത, ഭാരതവീരപുത്രാ!
ആയിരത്തെനയിച്ചുംകൊണ്ടിരുമ്പഴിപൂകി
തായതന്നഭിമാനംവീണ്ടെടുത്ത, രത്നമേ!
പഞ്ചവർഷപദ്ധതികൊണ്ടുപുരോഗതിതൻ
മഞ്ചലാക്കിമാറിനീആർഷഭാരതോർവ്വിയെ
ദാമോദരവാലിയുംഭക്രോനംഗൽകെട്ടുംനിൻ
ക്ഷേമരാഷ്ടത്തിൻപുണ്യകോവിലുകളാണല്ലോ.
അഭയാർത്ഥിജനതകളസംഖ്യംവന്നതും
അഭയംപ്രാപിച്ചതുംനിൻകാരുണ്യംകൊണ്ടല്ലോ.
ചീനർതൻകൊലവിളിമാമലയുമ്പുറത്തും
മാനസ്സത്തിലുംനിന്നുമുഴങ്ങുന്നീനേരത്തു
എന്തിനയ്യോതാതാനീമക്കളെവെടിഞ്ഞിട്ടു
ഗന്ധർവ്വനാട്ടിലേയ്ക്കുഴന്നെള്ളവാൻകാരണം?
''കർഷകനേറപാടത്തിലലിഞ്ഞലിഞ്ഞുചേർന്നേ''
ഹർഷമെനിയ്ക്കുള്ളെന്നു''കാട്ടിനീ; എത്രസ്നേഹം!
''ചാരംപോലുംവെയ്ക്കേണ്ടസ്മാരകമൊന്നുംവേണ്ട.
ഭാരതമെന്നേറസ്വന്തംതറവാടെന്നു''ചൊല്ലി
പതിനേഴുകൊല്ലങ്ങൾഭരിച്ചിട്ടുംക്ഷീണിച്ചു—
കുഴഞ്ഞില്ലാദ്ദേഹം! നെഹ്രുഅഭിവാദനം!
''ഇൻഡ്യയെകണ്ടെത്തിയജനലക്ഷനേതാവേ!
ഇന്ദ്രസമാനമങ്ങുദിച്ചുയരുംനഭസ്സിൽ
ഹൃത്തടെനിൻചരിത്രംസിരതന്നിൽചന്നിണ—
മൊത്തുചേർന്നടരാട്ടംഞങ്ങൾവിജയിച്ചിട്ടും
അതുകണ്ടുനിന്നാത്മാസായുജ്യത്തിലെത്തട്ടെ
അതിന്നായ്ഞങ്ങൾ—മക്കൾപ്രതിജ്ഞചെയ്വുചാച്ചാ!

*വിദ്യാർത്ഥികളും മതപഠനവും

(ലളിത കണ്ണന്താനം ചെങ്ങന്നൂർ)

"തൊട്ടിലാട്ടുന്ന കരംതന്നെ വിഷ്ണുപത്തെ ഭരിപ്പതും." അങ്ങനെയെങ്കിൽ തൊട്ടിലിൽ കിടക്കുന്ന ഓരോ ശിശുവുമാണല്ലോ നാളത്തെ ലോകത്തിന്റെ ഭാഗധേയത്തെ നിർണ്ണയിക്കുന്നതു്. ഭാവിലോകത്തിന്റെ വളർച്ചയും തളർച്ചയും അവനെയാശ്രയിച്ചാണത്രെ ഇരിക്കുന്നതു്. ഇങ്ങനെയുള്ള ഒരു ശിശുവിന്റെ സ്വഭാവത്തെ ഏതുവിധത്തിലാണു് കരുപിടിപ്പിക്കേണ്ടതു്? ഏതു വിധത്തിലുള്ള വിദ്യാഭ്യാസമാണു് അവനു് നൽകേണ്ടതു്? വെറും സ്കൂൾ വിദ്യാഭ്യാസംകൊണ്ടു് മതിയാകുമോ? ഇവയ്ക്കെല്ലാം ശരിയായ സമാധാനം കണ്ടേതീരൂ.

വളരെ വിദൂരം

മനുഷ്യനിലുള്ള കായികവും, മാനസികവും, ആദ്ധ്യാത്മികവുമായഎല്ലാ മാനുഷികവൈശിഷ്ട്യങ്ങളെല്ലാം ആവിഷ്കരിക്കുകയെന്നതാണല്ലോ യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. എന്നാൽ ഇന്നത്തെ വിദ്യാഭ്യാസരീതികൊണ്ടു് ഇതെല്ലാം സാധിക്കുന്നുണ്ടെന്നു പറയുവാൻ തരമില്ല. യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ മൗലിക തത്വത്തിൽനിന്നും ഇന്നത്തെവിദ്യാഭ്യാസം വളരെ വിദൂരത്തിലാണു്. എന്നാൽ ഒരുകാര്യം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു കത്തോലിക്കാ വിദ്യാർത്ഥിക്കു് പ്രസ്തുത വിദ്യാഭ്യാസത്തിനു പുറമേ മതപഠനവും കിട്ടേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ തരത്തിലുള്ള വിദ്യാഭ്യാസംകൊണ്ടു് അവനൊന്നുമാകുന്നില്ല. ഒരു കത്തോലിക്കാവിദ്യാർത്ഥിക്കു് ഒരു അകത്തോലിക്കാവിദ്യാർത്ഥിയിൽ നിന്നും മെച്ചമായ രീതിയിൽ പരിശീലനം നൽകേണ്ടതാണു്. അങ്ങനെയുള്ള പരിശീലനം സ്വീകരിക്കുവാനുള്ള കടമയും, അവകാശവും അവനുണ്ടു്. ഇങ്ങനെ നോക്കുമ്പോഴും മതപഠനം ഒരു വിദ്യാർത്ഥിക്കു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത സംഗതിയാണെന്നു് വന്നുകൂടുന്നു.

ഒരു കത്തോലിക്കന്റെ ജീവനാഡി അവന്റെമതമാണു്. അവന്റെ മതത്തെക്കുറിച്ചു് അവനു് ശരിയായ പരിജ്ഞാനം ഉണ്ടായേതീരൂ. മതപഠനത്തിന്റെ കേന്ദ്രസ്ഥാനം ക്രിസ്തുവാണല്ലോ. ക്രിസ്തുവിനെപ്പറ്റി കൂടുതലായി അറിയുകയെന്നതാണല്ലോ മതപഠനത്തിന്റെ ലക്ഷ്യവും മതപഠനംകൊണ്ടു ഒരു വിദ്യാർത്ഥിക്കു് ക്രിസ്തീയാത്മാവിനെയോടുകൂടി സാഹചര്യങ്ങളെ വീക്ഷിക്കുവാനുള്ള കരുത്തു കിട്ടുന്നു. ഒരു കത്തോലിക്കാവിദ്യാർത്ഥി, കത്തോലിക്കാ വിദ്യാലയത്തിൽ, കത്തോലിക്കരായ അദ്ധ്യാപകരുടെ കീഴിൽ, കത്തോലിക്കാ അന്തരീക്ഷത്തിൽ വിദ്യ അഭ്യസിക്കുകയാണെങ്കിൽ അവന്റെ സ്വഭാവരൂപീകരണത്തിൽ അതു് വളരെയധികം സ്വാധീനം ചെലുത്തുന്നതാണു്. അതുകൊണ്ടുതന്നെയാണല്ലോ കത്തോലിക്കാ തിരുസഭ ഈ വിഷയത്തിൽ കൂടുതൽ നിഷ്കർഷ പ്രദർശിപ്പിക്കുന്നതും.

വിത്തുകളുടെ ഉപമ

മതപഠനം കുട്ടികൾക്കു് ചെറുപ്പം മുതൽതന്നെ നൽകേണ്ടതാണു്. ചെറുപ്പത്തിൽ കിട്ടുന്ന ആശയങ്ങൾ കുട്ടിയുടെ വെണ്മയേറിയ മനസ്സിൽ നന്നായി വേരുറച്ചുപോകുന്നതാണു് ചെറുപ്പത്തിലെ നൽകുന്ന മതപഠനംകൊണ്ടു് ലഭ്യമാകുന്നതു്. പ്രായമാകുമ്പോഴേയ്ക്കും പലദുഷിച്ച ആശയങ്ങളും അവനിൽ കടന്നുകൂടിയേക്കാനിടയുണ്ടു്. പിന്നീടവനു് ശരിയായ മതപഠനം നൽകിവരുന്നതിലും സുഖകരമാണല്ലോ ചെറുപ്പത്തിലെതന്നെ മതപഠനം നൽകുന്നതു്. കർത്താവുതന്നെ ഒരു ഉപമവഴിയായി ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. "ഒരു വിതക്കാരൻ വിതയ്ക്കുവാൻ പുറപ്പെട്ടു. വിതച്ചപ്പോൾ കുറച്ചു് വഴിയരികിൽ വീണു. പക്ഷികൾ വന്നു് അവ തിന്നുകളഞ്ഞു. വേറെ ചിലതു് മണ്ണിനു് ആഴമില്ലാതിരുന്ന പാറപ്പുറത്തു് വീണു. മണ്ണിൽ അധികം താണുപോകാതിരുന്നതിനാൽ അവ ഉടനെ മുളയെടുത്തു പൊങ്ങി. പക്ഷെ, സൂര്യൻ ഉദിച്ചുയർന്നപ്പോൾ ചൂടുതട്ടി വാടി വരണ്ടു വീണുപോയി. കുറേ വിത്തുകൾ മുൾപ്പടർപ്പിനുള്ളിൽ വീണു. മുള്ളുകളുടെ വളർന്ന അവയെ ഞെരുക്കിക്കളഞ്ഞു. അവയും വിളഞ്ഞില്ല. ശേഷിച്ചവ നല്ല നിലത്തുവീണു. അവ മുളപൊട്ടി തഴച്ചു വളർന്നു. മുപ്പതും, അറുപതും, നൂറുമേനി വിളവു തന്നു. ചെവിയുള്ളവർ കേൾക്കട്ടെ." ഈ ഉപമവഴിയായി കർത്താവിതു വ്യക്തമാക്കുന്നുണ്ടല്ലോ. മുൾപ്പടർപ്പിനുള്ളിൽ വീണ വിത്തിനു സംഭവിച്ചതാണു് പ്രായമായശേഷം മതപഠനം നൽകുന്നതുകൊണ്ടു് കുട്ടികളുടെ കാര്യത്തിലും സംഭവിക്കുന്നതു്. ദുഷിച്ച പ്രവണതകൾ വളരെ പ്രബലപ്പെട്ടിരിക്കയാൽ നല്ല ആശയങ്ങളെ അവ ഞെരുക്കിക്കളഞ്ഞേക്കാനിടയുണ്ടു്. തന്മൂലം അതു ഫലം പുറപ്പെടുവിക്കാതെ പോകുന്നു. ചെറുപ്പത്തിലേ മതപഠനം നൽകേണ്ടതിന്റെ ആവശ്യകത ഇതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ

സൃഷ്ടിതാവായ മൈദവം സൃഷ്ടികർമ്മത്തോടുകൂടി എന്തായിരിക്കാംഉദ്ദേശിച്ചതു്? അഥവാ അവിടുന്നു നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശമെന്താണു്? ദൈവത്തെ അറിഞ്ഞു്, സ്നേഹിച്ചു്, സേവിച്ചു് ദൈവകല്പനകളനുസരിച്ചു്, ജീവിച്ചു്

സംജാതമാകുകതന്നെ ചെയ്യും.

ഈ ചട്ടങ്ങളെപ്പറ്റി മറ്റു പല ആക്ഷേപങ്ങളുംപറയുവാനുണ്ടു്. അവ ഓരോരുത്തരും ആലോചിച്ചാൽ കിട്ടുന്നവയാണു്. അതിനാൽ അവയെല്ലാം പ്രതിപാദിക്കുവാൻ തുനിയുന്നില്ല.

തൊഴിലാളിയും മുതലാളിയും

(ജി. സി. ടീലാർ)

മനുഷ്യരെ നാലു ഗണമായി തിരിക്കാം. തൊഴിലാളി, മുതലാളി, ധാരാളി, ഇരപ്പാളി കേരളത്തിലെ ഒരു ചിന്തകനാണ് ഈ അഭിപ്രായം പ്രകടിപ്പിച്ചതു്. വളരെ ആഴത്തിലേക്കു ചൂഴിഞ്ഞിറങ്ങുന്ന ഒരാശയമാണിതെന്നു് ഉപരിപ്ലവബുദ്ധികൾക്കു പോലുംതോന്നും. നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു നീ അപ്പം ഭക്ഷിക്കുക (ഉല്പത്തി.3. 19) എന്നു കല്പിച്ചു്, അവൻ എവിടെ നിന്നു എടുക്കപ്പെട്ടുവോ ആ മണ്ണിൽ അദ്ധ്വാനിക്കുവാൻവേണ്ടി ദൈവമായ കർത്താവു് ആദത്തെ ഏദൻതോട്ടത്തിൽനിന്നും പുറത്താക്കി. (ഉല്പത്തി3. 23) ഇതാണു് ആദ്യത്തെ കുടുംബനാഥനായ ആദത്തെപ്പറ്റി വേദപുസ്തകത്തിൽകാണുന്നതു്. ഏദൻ തോട്ടത്തിൽ കൃഷിചെയ്യുന്നതിനും അതിനെ സംരക്ഷിക്കുന്നതിനും കർത്താവായ ദൈവം മനുഷ്യനെ അവിടെ പാർപ്പിച്ചു; (ഉല്പത്തി 2. 15) എന്നും നാം വായിക്കുന്നു. നമ്മുടെ സാദൃശ്യത്തിലും ഛായയിലും നമുക്കു മനുഷ്യനെ ഉണ്ടാക്കാം. സമുദ്രത്തിലെ മത്സ്യങ്ങളുടെയും, വായുവിലെ പക്ഷികളുടെയും, ഭൂമിയിൽ കന്നുകാലികളുടെയും, സമസ്ത വന്യമൃഗങ്ങളുടെയും, ഇഴയുന്ന എല്ലാ ജന്തുക്കളുടെയുംമേൽ അവനു് ആധിപത്യമുണ്ടായിരിക്കട്ടെ. (ഉല്പത്തി 1. 26(

സമൃദ്ധിയുടെ നടുവിൽ

മുതലാളി മുതലുകളുടെ ഉടമസ്ഥൻ എന്നാണു സങ്കല്പം. ദൈവം മനുഷ്യനെ സൃഷ്ടിച്ചതു മുതലാളിയായിട്ടോ, തൊഴിലാളിയായിട്ടോ എന്നതു രസകരമായ ഒരു ചോദ്യമാണു്. തൊഴിൽ ചെയ്യുവാൻ ദൈവം ആദത്തെ മുതലാളിയാക്കി എന്നു പറയുന്നതായിരിക്കും ശരി. പക്ഷേ സമൃദ്ധിയുടെ നടുവിൽ കഴിഞ്ഞിരുന്ന ആദത്തിനു് തൊഴിലിനോടു താല്പര്യമേ ഉണ്ടായിരുന്നില്ല. അലസതയ്ക്കു ചുറ്റുമാണു് പാപത്തിലേക്കുള്ള നീർച്ചാലുകൾ പൊട്ടിപ്പുറപ്പെടുന്നതു്. അലസത ആദത്തേയും ഹവ്വായേയും പാപത്തിന്റെ പടുകുഴിയിൽ തള്ളിയിട്ടു. മുതലാളിത്തം അവസാനിപ്പിച്ചതായിരുന്ന അവർക്കു കിട്ടിയ ഒരു ശിക്ഷ. ജോലിചെയ്യു അല്പം സമ്പാ

മരണശേഷം സ്വർഗ്ഗഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടിയാണു് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതു്. സ്രഷ്ടാവായ ദൈവം ആദ്യമായി ഉദ്ദേശിച്ചിരിക്കുന്നതു് തന്നെ അറിയുകയെന്നതാണല്ലോ. തീർച്ചയായും അവിടത്തെ അറിയുകയാണെങ്കിൽ മാത്രമേ അവിടത്തെ സ്നേഹിക്കുവാനും, സേവിക്കുവാനും സാധിക്കുകയുള്ളു. ഒരുവനെയറിയാതെ എങ്ങനെയാണു് സ്നേഹിക്കുക? അവിടുത്തെ അറിയുവാനുള്ള ഏറ്റവും നല്ല ഉപാധി മതപഠനമാണു്. ഇങ്ങനെ നോക്കുമ്പോൾ മതപഠനം വിദ്യാർത്ഥിജീവിതത്തിലെ ഒരു ഐഛിക വിഷയമല്ല, പിന്നെയോ, ജീവൽപ്രശ്നമാണെന്നു് തെളിയുന്നു.

ആത്മീയഭർത്താക്കന്മാർ

എന്നാൽ മതപഠനത്തിൽ ഇന്നെല്ലാവരും വേണ്ടവിധത്തിൽ താല്പര്യം കാണിക്കുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. മാതാപിതാക്കൾ ഈ വിഷയത്തിൽ മക്കളെ ഉത്സാഹിപ്പിക്കേണ്ടതാണു്. കുട്ടികൾ മതപഠനത്തിൽ കാണിക്കുന്ന അനാസ്ഥ മാറ്റി ഈ വിഷയത്തിന്റെ പ്രാധാന്യം എത്രമാത്രമെന്നു് അവർക്കു് മനസ്സിലാക്കികൊടുക്കേണ്ടതു് മാതാപിതാക്കളുടെ ഗൗരവാവഹമായ കടമയാണെന്നു് അവർ ധരിച്ചിരിക്കേണ്ടതാണു്. സൃഷ്ടികർത്താവായദൈവം കുട്ടികളെ മാതാപിതാക്കളുടെ കരങ്ങളിൽ ഭരമേൽപ്പിക്കുമ്പോൾ അവരുടെ ഉദരപൂരണം മാത്രമല്ലല്ലോ ഉദ്ദേശിക്കുന്നതു്. അതോടൊടി കുട്ടികളുടെ ആത്മീയവും, ശാരീരികവുമായ ഭദ്രത അവർ മാതാപിതാക്കളുടെ നിയന്ത്രണത്തിലും, സംരക്ഷണത്തിലും, ആയിരിക്കുന്നിടത്തോളംകാലം ദൈവം അവരെ പൂർണ്ണമായി ഭരമേൽപ്പിക്കുകയാണു് ചെയ്യുന്നതു്. കുട്ടികളെ ഉത്തമകർത്തോലിക്കരായി വളർത്തുന്നതിൽ മാതാപിതാക്കൾ കാണിക്കുന്ന അനാസ്ഥ ഒരിക്കലും ക്ഷന്തവ്യമല്ല. സൗഭാഗ്യകരമായ ഐഹികജീവിതം കുട്ടികൾക്കു സമ്മാനിക്കുന്നതിനായി അക്ഷീണം പ്രയത്നിക്കുന്നതിനിടയിൽ കുട്ടികളുടെ സർവ്വപ്രധാനമായ ആദ്ധ്യാത്മിക കാര്യങ്ങളിൽ അവരുടെ ശ്രദ്ധ പലപ്പോഴും കുറഞ്ഞുപോകുന്നില്ലേയെന്നതു് സംഭ്രമജനകമായ ഒരു വസ്തുതയത്രേ.

നേതൃത്വം ശ്രദ്ധിക്കുന്നുണ്ടോ?

മതപഠനം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണെന്നിരിക്കേ നമ്മുടെ സഭാനേതൃത്വവും ഈ വിഷയത്തിൽ കാര്യക്ഷമമായും, ക്രിയാത്മകമായും, കാലാനുസൃതമായും പ്രവർത്തിച്ചു കാണുന്നില്ലെന്നുള്ളതു് ഖേദകരമാണു്. സ്കൂളുകൾ സ്ഥാപിച്ചു നടത്തുന്നതിന്റെ നൂറിലൊരംശം കാര്യക്ഷമത മതാദ്ധ്യയന രംഗത്തു് കാണിക്കുന്നില്ലെന്നു് വ്യസനസമേതം സമ്മതിച്ചേ തീരൂ. ഇതൊരു വലിയ വിപത്തിന്റെ നാന്ദിയാണെന്നു് പറയാതിരിക്കുവാൻ തരമില്ല. ചുരുക്കത്തിൽ മതപഠനം! അതു് വീണ്ടും ജനിച്ച ശിശുവിന്റെ വായിൽ നിത്യസത്യങ്ങളുടെയും, സ്വർഗ്ഗസൗഭാഗ്യത്തിന്റെയും നറുംപാൽ പകർന്നുകൊടുക്കുകയും, ദൈവരാജ്യത്തിനു് വീരന്മാരായ പോരാളികളെ പ്രദാനം ചെയ്യുകയുമാണു് ചെയ്യുന്നതു്. ഈ വസ്തുത മാതാപിതാക്കളും, കുട്ടികളും ഒരുപോലെ മനസ്സിലാക്കി ഈ വിഷയത്തിൽ കൂടുതൽ ഉത്സാഹം പ്രകടിപ്പിക്കുന്നതിനായി നമുക്കു തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയും, പരിശ്രമിക്കുകയും ചെയ്യാം.

---

* 'വിദ്യാർത്ഥികളും മതപഠനവും' എന്ന വിഷയത്തെ സംബന്ധിച്ചു നടത്തിയ ഉപന്യാസമത്സരത്തിൽ ഒന്നാംസമ്മാനത്തിനു് അർഹമായ ലേഖനം.

പ്രതീക്ഷിക്കുക!

അത്യന്തം രസകരവും വികാരോജ്ജ്വലവുമായ ഒരു നോവൽ

ശ്രീ ജോസഫ് മറ്റത്തിന്റെ

"ഓടിട്ട വീട്"

അടുത്തലക്കത്തിൽ പ്രസിദ്ധീകരണം ആരംഭിക്കുന്നു

ടിക്കണമെന്നു വന്നപ്പോഴും ആദ്യം ഒരു തൊഴിലാളിയായി മാറി എങ്കിലും തൊഴിലിൽ ആദ്യം അന്നഗ്രഹവും കണ്ടെത്തി.

ഭൂമി കിളച്ചുമറിച്ചു കൃഷി ചെയ്യുകയായിരുന്നു. ആദത്തിന്റെ തൊഴിൽ. കാടു മൂടിപ്പാട്ടം അദ്ദേഹം പാട്ടിക്കാണും. ഭൂമിയിൽ ജനങ്ങൾ വർദ്ധിച്ചപ്പോൾ തൊഴിലുകൾക്കു വിവിധത്വമുണ്ടായി. വെയിലും മഴയും ഏറ്റുവലഞ്ഞു ചെയ്യേണ്ട ജോലികൾ സാധാരണക്കാരന്റെ ചേരിയിൽ വന്നുനിന്നു. പക്ഷേ ഇപ്പോഴും സാധാരണക്കാരനും അതിനോടു കൂറില്ല. അമേരിക്കൻ പ്രസിഡണ്ടായിരുന്ന അബ്രാഹംലിങ്കൻ ഒരിക്കൽ ഈ വസ്തുത തുറന്നു സമ്മതിക്കുകയുണ്ടായി. "വെട്ടുകിളയും പണിയുമാകുമ്പോൾ, ജോലിക്കുള്ള എന്റെ ഉന്മേഷത്തിനു് ഉടവുതട്ടിയിരുന്നു. എങ്ങനെ തൊഴിൽ ചെയ്യണമെന്നു് എന്റെ അപ്പൻ എന്നെ പഠിപ്പിച്ചതാണു്. എന്നാൽ അതിനെ സ്നേഹിക്കുവാൻ അദ്ദേഹം എന്നെ പഠിപ്പിച്ചില്ല. വയലിൽ പണിചെയ്യുവാൻ എനിക്കിഷ്ടം തോന്നിയിരുന്നില്ല എന്നതു വാസ്തവമാണു്. വായിക്കുക, കഥ പറയുക, ഫലിതംപൊട്ടിക്കുക സംസാരിക്കുക ചിരിക്കുക ഇതിലൊക്കെ ഞാൻ വിരുതനായിരുന്നു."

ഏതുതൊഴിലും വിലമതിക്കപ്പെടുന്നു.

അമേരിക്കയിൽ ഇന്നു് ഏതു തൊഴിലും വിലമതിക്കപ്പെട്ടിട്ടുണ്ടു്. വിനീതങ്ങളെന്നു് ഒരിക്കൽ കരുതപ്പെട്ടിരുന്നതിനോടാണു് അമേരിക്കർക്കു് കൂടുതൽ പ്രതിപത്തിയെന്നു തോന്നുന്നു. തങ്ങളുടെ മക്കളെ മുതലാളിമാരാക്കി ഉയർത്തുവാനുള്ള സംരംഭം അമേരിക്കയിലെ കുബേരന്മാർ ഇപ്പോഴും നിറുത്തിവച്ചിരിക്കയാണു്. അമേരിക്കക്കാരെ തന്നെ ദീർഘദൃഷ്ടിയിൽ കണ്ടുകൊണ്ടായിരിക്കാം. പ്ലേറോ ഒരു കഥ പറയുന്നതു്. ഇതാണു് അദ്ദേഹത്തിന്റെ കഥ. പരലോകത്തിലെ അരുപികൾ ഒരിക്കൽ ലോകത്തിലേക്കു തിരിച്ചുവന്നു. അവരവക്കു പറ്റിയ ശരീരങ്ങളിൽ പ്രവേശിച്ചു പറ്റിയ ജോലിപെയ്യുവാനായിരുന്നു അവരുടെ വരവു്. ഏറ്റവും ഒടുവിൽ ട്രോജൻ യുദ്ധത്തിലെ വീരകേസരിയായിരുന്ന യൂളിസീസ് വന്നെത്തി. അദ്ദേഹം കണ്ടതെന്താണു്? നല്ല ശരീരങ്ങളിൽ ആവസിച്ചു് നല്ല ജോലികളെല്ലാം മറ്റുള്ളവർ എടുത്തു കഴിഞ്ഞിരിക്കുന്നു! ഇനി എനിക്കെന്തുണ്ടു് എന്നു ശോകാകുലനായി ചോദിച്ച യൂളിസീസ് കേട്ടതു് അശരീരി വാക്യമാണു് "ഏറ്റം മെച്ചമായതു താങ്കൾക്കായി വച്ചിരിക്കുന്നു. സാധാരണക്കാരന്റെ ശരീരം, സാധാരണക്കാരന്റെ തൊഴിൽ, സാധാരണക്കാരന്റെ കൂലിയും."

ഒരു മിഥ്യാധാരണയിലാണു കേരളീയർ കഴിഞ്ഞുകൂടുന്നതു്. സാധാരണക്കാരന്റെ ശരീരവും സാധാരണക്കാരന്റെ തൊഴിലും സാധാരണക്കാരന്റെ കൂലിയും തങ്ങൾക്കു പറ്റിയതല്ലെന്നു് അവർ വിചാരിക്കുന്നു. ഒന്നുകിൽ ഉയർന്ന ഉദ്യോഗം, അല്ലെങ്കിൽ ബീഡിവലിച്ചും ചായകുടിച്ചും ചീട്ടുകളിച്ചുല്ലസിച്ചും നടക്കുക. പണമുണ്ടാക്കാൻ മോഷണമാണവക്കൊരുവഴി. അതും ഫലപ്പെട്ടുന്നില്ലെങ്കിൽ ഒരു കമ്മ്യൂണിസ്റ്റ് ആകുക. അന്യന്റെ മുതൽ പിടിച്ചെടുത്തു വീതിക്കാമെന്നുള്ള കമ്മ്യൂണിസത്തിന്റെ വാഗ്ദാനം അവക്കു മധുരമനോഹരമാണു്.

എന്നാൽ ഏതെങ്കിലും തൊഴിൽ ചെയ്തു മാന്യമായും മിതമായും ജീവിക്കണമെന്നുള്ള ഉൽക്കർഷേച്ഛുക്കളുമുണ്ടു്. ധാരാളം അവരാണു് മുതലാളികളായി ഉയരുന്നതു്. പക്ഷേ മുതലാളി ഏതോ അനീതി പ്രവർത്തിക്കുന്നു എന്താണു് തൊഴിൽ ചെയ്യാൻ മനസ്സില്ലാത്തതിന്റെ ധാരണ. യാതൊരു ജോലിയും ചെയ്യാതെ അനീതിയും അക്രമവുമായി നടക്കുന്നവരെപ്പൊതുജന ദാസന്മാരായി വെള്ളയടിക്കുവാനും അവർ മടിക്കുകയില്ല. മുതലാളിമാരുടെ ഭംഗിയുള്ള ഭവനങ്ങളും, അവരുടെ എസ്റ്റേറ്റുകളിൽ തിങ്ങിവളരുന്ന ഫലവൃക്ഷങ്ങളും അലസന്മാരുടെ അസൂയയെ കുത്തിയിളക്കാറുണ്ടു്.

(തുടരും)

വംശസംഖ്യയും സംഭാവനയും അയയ്ക്കുന്നവർ

ബുള്ളറിൻവരിസംഖ്യയും സംഭാവനയും അയയ്ക്കുന്നവർ Editor, A.K.C.C. Bulletin, Nagampadom, Kottayam. എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണു്.

എഡിറ്റർ

സംഘടനാകാര്യം

വർക്കിംഗ് കമ്മിറ്റി യോഗം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി 30–5–64 ശനിയാഴ്ച വൈകിട്ട് 7.30–ന് പ്രസിഡണ്ട് ശ്രീ. പി. സി. ഏബ്രഹാം ബി. ഏ. ബി. എൽ–ന്റെ അദ്ധ്യക്ഷതയിൽ ഹെഡ്ഓഫീസിൽ സമ്മേളിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നു.

1. മെ. പി.സി. ഏബ്രഹാം, 2. ഇ. എം. ജോസഫ്, 3. എം. സി. ചാക്കോ, 4. ഇ. പി. വറുഗീസ്, 5. എൻ. എൽ. ജോസഫ്, 6. പോൾ ജെ. കൊണത്താപ്പള്ളി, 7. കെ. എം. ജോസഫ് (ജനറൽ സെക്രട്ടറി).

പ്രാർത്ഥനാനന്തരം ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചരമത്തിൽ അനുശോചിക്കുന്നതായ പ്രമേയം അദ്ധ്യക്ഷസ്ഥാനത്തുനിന്നും അവതരിപ്പിക്കുകയും സഭ മൗനമായി എഴുന്നേറ്റുനിന്ന് പരേതനായ നേതാവിനോടുള്ള ഭക്ത്യാദരവുകൾ പ്രകടിപ്പിക്കുകയും ചെയ്തു.

വർക്കിംഗ് കമ്മറ്റി യോഗത്തിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലെന്നും ആയതിലേയ്ക്ക് അവധി ആവശ്യപ്പെട്ടുകൊണ്ടും ശ്രീ. വി. ജെ. കുര്യൻ വള്ളവന്താനം അയച്ചിരുന്ന കത്ത് വായിച്ചു റിക്കാർഡു ചെയ്തു.

17–5–64–ൽ കൂടിയ വർക്കിംഗ് കമ്മറ്റി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി വായിച്ചതു യോഗം പാസ്സാക്കി.

പ്രതിനിധികളിൽനിന്നും ഓഫീസിൽ ലഭിച്ചിരുന്ന ചോദ്യങ്ങൾ വായിച്ച് അവയുത്തരം തയ്യാറാക്കി. പ്രതിനിധികൾ അയച്ചിരുന്ന പ്രമേയങ്ങളും യോഗത്തിൽ വായിക്കപ്പെട്ടു.

ദൈവാലയങ്ങളുടെ മേലുള്ള കയ്യേറ്റത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള വർക്കിംഗ് കമ്മറ്റിയുടെ പ്രമേയം പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കണമെന്നും തീരുമാനമെടുത്തു.

ബില്ലുകൾ പരിശോധിച്ചംഗീകരിച്ചു പാസ്സാക്കി. അനന്തരം കത്തുകൾ വായിച്ച് ചർച്ച ചെയ്ത് റിക്കാർഡു ചെയ്തു. സമയം അതിക്രമിച്ചതിനാൽ യോഗനടപടികൾ ഞായറാഴ്ച രാവിലെ 10 മണിക്കു ചേരുന്നതിനു നിശ്ചയിച്ചു പിരിഞ്ഞു.

31–5–64 ഞായറാഴ്ച രാവിലെ10മണിക്കു് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഹെഡ്ഓഫീസിൽ യോഗം വീണ്ടും കൂടി.

യോഗത്തിൽ തലേദിവസത്തെ അംഗങ്ങളെ കൂടാതെ മെ. ഏ. ജി. അഗസ്റ്റിൻ, എൻ. റ്റി. സേവ്യർ, എം. വി. വർക്കി, ഏ. മാരേട്ട്, സിറിയക്കു് ജെ. നിധിയിരി, കെ. എം. ജോസഫ് (ദീപിക) എന്നിവരും സംബന്ധിച്ചിരുന്നു.

1964 ജൂൺ 1–ാം തീയതി മുതൽ ടൈപ്പിസ്റ്റിനു ഇപ്പോഴുള്ള ശമ്പളത്തിനു പുറമേ 5 രൂ. കൂടി കൂട്ടിക്കൊടുക്കുന്നതിനു തീരുമാനം ചെയ്തു. അസി: സെക്രട്ടറി ശ്രീ. സക്കറിയാസ് കണ്ടത്തിപ്പറമ്പിലിനു പകരം ശ്രീ, കെ. സി. ജോസഫ് കളമ്പുകാട്ടുശ്ശേരിയെ താല്ക്കാലികമായി അസി: സെക്രട്ടറിയായി നിയമിച്ച വിവരം പ്രസിഡണ്ടു് യോഗത്തിൽ അറിയിക്കുകയും നിയമനം അംഗീകരിക്കുകയും ചെയ്തു.

യോഗം 11 മണിയോടുകൂടി അവസാനിച്ചു.

ജനറൽ സെക്രട്ടറി

കോട്ടയം,
28–6–'64

അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ പ്രസ്താവന

എറണാകുളം, 28–6–'64

കേരളത്തിൽ സംയുക്ത മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള സംഭവവികാസങ്ങൾ കത്തോലിക്കരെ കണ്ണു തുറപ്പിക്കേണ്ടതാണു്. കഴിഞ്ഞ നാലര കൊല്ലത്തെ ഭരണചരിത്രം വിശകലനം ചെയ്താൽ വളരെ പ്രകടമായി ആക്ഷം കാണാവുന്നതു് മുഖ്യമന്ത്രി പദത്തിനു വേണ്ടിയുള്ള വടംവലികൾ ആയിരുന്നുഎന്നു്. കോൺ:പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ നാലര കൊല്ലവും ഗ്രൂപ്പുകളും ക്ലിക്കുകളും അവരുടേതായ സ്വാർത്ഥതാല്പര്യത്തിനും അധികാരലബ്ധിക്കും വേണ്ടി നടത്തിയ ഒരു മത്സരത്തിന്റെ ചരിത്രമാണു്. അടുത്തു വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽകൂടി ഓരോ ഗ്രൂപ്പും, ക്ലിക്കും അധികാരത്തിൽ വരുന്നതിനുവേണ്ടി തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ നമുക്കുണ്ടായ വേദനാജനകങ്ങളായ അനുഭവങ്ങളെ അവലോകനം ചെയ്ത് അനന്തരനടപടികൾ നാം സ്വീകരിക്കേണ്ടതു് ഒരാവശ്യമായിത്തീർന്നിരിക്കുകയാണു്. എല്ലാക്കാലത്തും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ മാത്രം കാര്യമായി വിശ്വസിച്ചും സേവിച്ചും പോന്ന കത്തോലിക്കാസമുദായത്തിനു് ഐതിഹാസികമായ വിമോചനസമരത്തിനു ശേഷം ഉണ്ടായിട്ടുള്ള സാമൂഹ്യവും, സാമ്പത്തികവും, മതപരവുമായ ബുദ്ധിമുട്ടുകൾ നിരവധിയാണെന്നു് വേദനയോടുകൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

തൈയ്യൽ സിമിത്തേരിപ്രശ്നം ഒരൊത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ പര്യവസാനിച്ചിട്ടും 1964 മാർച്ച് മാസം 20—ാംനു- തൈയ്യൽ പള്ളിയും സെമിത്തേരിയും ആക്രമിക്കപ്പെട്ടു. വിശുദ്ധ വസ്തുക്കൾ നശിപ്പിക്കപ്പെടുകയും ഉണ്ടായി. ഇതേ തുടർന്ന് അസംബ്ളിയിൽ ഗവർമ്മെൻറ് ഭാഗത്തു നിന്നും പള്ളിആക്രമണത്തെ സംബന്ധിച്ചുണ്ടായ പ്രസ്താവന ഒരു ഞെട്ടലോടുകൂടിയാണ് എല്ലാ ജനാധിപത്യവിശ്വാസികളും പ്രത്യേകിച്ച് കത്തോലിക്കർ ശ്രവിച്ചതു്. പള്ളിആക്രമണം നടന്ന ദിവസം മഴ ഉണ്ടായിരുന്നതുകൊണ്ട് തെളിവുകൾ പലതും നശിച്ചു പോയി എന്നുള്ള പ്രസ്താവന ഒരു ഗവർമ്മെൻറിന്റെ അന്തസ്സിനും ചുമതലയ്ക്കും ചേർന്നതായിരുന്നില്ല.

മാർച്ച് 29—ാംനു- തൈയ്യൽ ദേവാലയധ്വംസനത്തിൽ പ്രതിഷേധിച്ച് പല യോഗങ്ങളും ചേർന്നു. ആലപ്പുഴയോഗം ഉൽഘാടനം ചെയ്തതു് ആലപ്പുഴ മെത്രാൻ തിരുമേനി തന്നെയായിരുന്നു. കത്തോലിക്കരുടെ തീവ്രമായ ഹൃദയവേദന മനസ്സിലാക്കിയിട്ടും കേരള ഗവർമ്മെൻറ് ദേവാലയധ്വംസനം സംബന്ധിച്ച് സത്വരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുപോലും പ്രഖ്യാപിക്കുവാൻ തയ്യാറായില്ല. ഏപ്രിൽ 5—ാംനു- കടയ്ക്കാവൂരിനടുത്ത് മാമ്പള്ളി ദേവാലയം ആക്രമിക്കപ്പെട്ടു. തുടരെത്തുടരെ മറ്റു സ്ഥലങ്ങളിലെ ദേവാലയങ്ങളും ആക്രമിക്കപ്പെട്ടിട്ടും ''ആരോടാണ് പ്രതിഷേധിക്കുന്നതെന്നറിയുന്നില്ല'' എന്ന പ്രസ്താവനയാണ് ഗവർമ്മെൻറുഭാഗത്തുനിന്നും ഉണ്ടായതു്. മറ്റു കടലാസ്സുകളുടെ കൂട്ടത്തിൽ ദേവാലയധ്വംസനത്തെ സംബന്ധിക്കുന്ന കടലാസ്സുകളും കാണുമെന്നു് ഏതാണ്ട് പരിഹാസ്യമായ വിധത്തിൽ മുഖ്യമന്ത്രി പറയുകയുണ്ടായി.

ദേവാലയങ്ങൾ ഭേദിക്കുന്നവരെ കണ്ടുപിടിക്കുന്നതിനു് ശരിയായ നടപടികളും സ്വീകരിച്ചില്ല. ജൂൺ 20—ാംനു- ദേവാലയാക്രമണം സംബന്ധിച്ചു മുഖ്യമന്ത്രി ചെയ്ത പ്രസ്താവനയിൽ ''രാഷ്ട്രീയ സ്വഭാവത്തോടുകൂടിയ സംഘടിതമായ ഒരാക്രമണമാണു് ദേവാലയങ്ങളുടെ നേരെ നടക്കുന്നതെന്നു'' വിശദമാക്കി. ഈ സാമൂഹ്യദ്രോഹികളെ കണ്ടുപിടിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഗവർമ്മെൻറു നടത്തുമെന്നു പ്രഖ്യാപിച്ചു.

അതിനു ശേഷം ദേവാലയങ്ങൾ തകർന്നില്ല. പക്ഷെ, ദേവാലയധ്വംസനം മോഷണത്തിനായിരുന്നു എന്നു വരുത്തിത്തീർക്കുവിധത്തിൽ ഭണ്ഡാരങ്ങൾ തകർത്തിട്ടുണ്ടു്. ഈ അടുത്ത ദിവസങ്ങളിൽ കേഡി ലിസ്റ്റിൽപ്പെട്ട ചിലർ ദേവാലയധ്വംസനത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ടതായി അറിയുന്നു. ഈ നടപടി പൊതുജനങ്ങളെ കബളിപ്പിക്കുവാനുള്ള ഒരു പ്രഹസനമായിട്ടേ വീക്ഷിക്കുവാൻ സാധിക്കയുള്ളൂ. സംഘടിതവും കുത്സിതവുമായ ഒരു ശക്തി (മാസ്റ്റർ ബ്രെയിൻ) ദേവാലയാക്രമണത്തിന്റെ പിന്നിൽ ഉണ്ടെന്നു സമ്മതിക്കുന്ന ഗവർമ്മെൻറിനു് ഇതുവരെ ഈ സംഘടിതശക്തി ഏതെന്നു പുറത്തു കൊണ്ടുവരുന്നതിനോ, ദേവാലയാക്രമണം നടത്തിയ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കുവാനോ സാധിച്ചില്ലെന്നുള്ളതു് ആശ്ചര്യകരമാണു്. ദേവാലയാക്രമണങ്ങളും കോൺഗ്രസ്സ് പാർട്ടിയിലെ ഗ്രൂപ്പുമത്സരവുമായി ബന്ധപ്പെടുത്തുന്നതിനുള്ള ചില കേന്ദ്രങ്ങളിലെ ശ്രമം ദുരുപദിഷ്ടവും പ്രതിഷേധാർഹവുമാണു്. ഈ മത്സരത്തിൽ കത്തോലിക്കാ സമുദായത്തിനു യാതൊരു താല്പര്യവുമില്ല.

വിശുദ്ധ കുർബ്ബാനയോടു ചെയ്യുന്ന നിന്ദയും, അവഹേളനവും ഒരു കത്തോലിക്കനും സഹിക്കുവാനോ പൊറുക്കുവാനോ സാധിക്കുന്നതല്ല. എന്നിട്ടും വൈദികനേതൃത്വവും അൽമായ നേതൃത്വവും സമുദായൈക്യത്തിനു് വിരുദ്ധമായ പ്രവൃത്തികളും ഒന്നും ചെയ്യരുതെന്നു് നൽകിയ ഉപദേശം അനുസരിച്ചു് കേരളത്തിലെ കത്തോലിക്കർ തികഞ്ഞ അച്ചടക്കത്തോടുകൂടി പ്രവർത്തിക്കുകയാണു് ചെയ്തിട്ടുള്ളതു്.

ദേവാലയധ്വംസനം ആരംഭിച്ച കാലത്തു് ഭരിക്കുന്ന പാർട്ടി അവരുടെ നേതാക്കൾക്കു് ചേരിതിരിഞ്ഞു് സ്വീകരണങ്ങളും നൽകിയതല്ലാതെ ഇക്കാര്യത്തെപ്പറ്റി ഒരക്ഷരം ഉരിയാടുകപോലുംചെയ്തിട്ടില്ല. നേരെ മറിച്ചു് തീവ്രമായി വ്രണപ്പെട്ട കത്തോലിക്കരുടെ മതവികാരങ്ങളെ കൂടുതൽകൂടുതൽ വേദനപ്പെടുത്തുന്ന ഒരു നയമാണു് ഗവർമ്മെൻറും ഭരണകക്ഷിയായ കോൺഗ്രസ്സിന്റെ നേതൃത്വവും സ്വീകരിക്കുകയുണ്ടായതു്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒരു ഘടകമായ യൂത്തുകോൺഗ്രസ്സും യൂത്തുകോൺഗ്രസിന്റെ മുഖപത്രമായ ''യൂത്തും'' ദേവാലയാക്രമണങ്ങളുടെ ഉത്തരവാദിത്വം കത്തോലിക്കാ വൈദികരിലേയ്ക്കും കത്തോലിക്കാ നേതൃത്വത്തിലേയ്ക്കും പകർന്നുകൊടുക്കുവാൻ ഇപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ക്രൈസ്തവരായ എം. എൽ. എ. മാർ ഒന്നിച്ചുകൂടി ചർച്ചചെയ്യുന്നതിനെപ്പോലും കെ.പി. സി. സി. പ്രസിഡണ്ടു് അപലപിക്കുകയുണ്ടായി. ഇതിനിടയ്ക്കു് പള്ളി ധ്വംസനങ്ങൾക്കു് സാമുദായിക ചായ നൽകുന്നതിനു് ചില പത്രങ്ങളും വ്യക്തികളും പരിശ്രമം നടത്തി ''ശങ്കർ ഭരണത്തിൽ ഈഴവർ തികച്ചും സംതൃപ്തരാണെന്നും'' ഒരു സമുദായികരാഷ്ട്രീയനേതാവു് പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടു്.

കമ്മ്യൂണിസ്റ്റുപാർട്ടിയിൽ വ്യക്തമായ രണ്ടു ചേരികളാണു് ഉള്ളതെങ്കിൽ കേരള പ്രദേശ് കോൺഗ്രസ്സിൽ പൊരുത്തപ്പെടാൻ സാധിക്കാത്ത ലക്ഷ്യങ്ങളോടുകൂടി രണ്ടിലധികം ഗ്രൂപ്പുകൾ ഇതിനകം സജീവമായി രംഗത്തുവന്നിട്ടുണ്ടു്. സംഘടനയിൽ പ്രാബല്യമുള്ള ഈ ഗ്രൂപ്പുകളിൽ ഒരു കൂട്ടം ആളുകൾ കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു വിഭാഗക്കാരുമായി ധാരണയുണ്ടാക്കി അടുത്തുവരുന്ന പൊതുതിരഞ്ഞെടുപ്പിനെ നേരിടാൻ തയ്യാറാകുന്നുണ്ടെന്നും കോൺഗ്രസ്സിന്റെ കേരളശാഖയിലെ പ്രബലന്മാരായ വ്യക്തികളും തന്നെ പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

കേരളത്തിൽ നടന്നിട്ടുള്ള എല്ലാ തെരഞ്ഞെടുപ്പുകളിലും കോ

ൺഗ്രസ്സിനു് താങ്ങും തണലുമായി നിന്നിട്ടുള്ള കത്തോലിക്കാ സമുദായത്തെ കോൺഗ്രസിൽനിന്നും അകറ്റി കമ്മ്യൂണിസ്റ്റുകാരുടെ സഹായത്തോടുകൂടി അടുത്ത തിരഞ്ഞെടുപ്പിനുശേഷം മന്ത്രിസഭ രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ലക്ഷ്യത്തിന്റെ ഒരു ഭാഗമല്ലേ ക്രൈസ്തവദേവാലയങ്ങളോടുള്ള ആക്രമണമെന്നു് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ദേവാലയങ്ങൾ ഒന്നിനു പുറകെ ഓരോന്നായി ആക്രമിക്കപ്പെടുമ്പോൾ കമ്മ്യൂണിസ്റ്റുകാരും ഒരു വിഭാഗം കോൺഗ്രസ്സുകാരും തമ്മിൽ കൂടുതൽ കൂടുതൽ ഐക്യം പുലർത്തുന്ന ഒരു കാഴ്ചയാണു് നാം കണ്ടുകൊണ്ടിരിക്കുന്നതു്.

ഈ വിധത്തിലുള്ള രാഷ്ട്രീയനീക്കങ്ങൾ തുടരുകയാണെങ്കിൽ കേരളാ കോൺഗ്രസ്സിൽ കമ്മ്യൂണിസ്റ്റുകാക്കായിരിക്കും കൂടുതൽ പ്രാബല്യം സിദ്ധിക്കുക. കോൺഗ്രസ്സിന്റെ നാമത്തിൽ കമ്മ്യൂണിസ്റ്റുപ്രത്യയശാസ്ത്രം അടിസ്ഥാനമാക്കിയുള്ള ഒരു ഭരണവും അടുത്തകൊല്ലം ഉണ്ടാകുവാനുള്ള സാദ്ധ്യതകളും വളരെ തെളിഞ്ഞുവരികയാണു്. ഈ പരിതസ്ഥിതിയിൽ കത്തോലിക്കാസമുദായം അടുത്തു വരുന്ന ഏഴെട്ടു മാസക്കാലം വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

കോൺഗ്രസ്സു് പാർട്ടിയിലെ കത്തോലിക്കരായ എം. എൽ. എ. മാർക്കു് 'കൂടിയിറക്കു്' 'ദേവാലയധ്വംസനം' തുടങ്ങിയ അതിപ്രധാനവും ഗൗരവങ്ങളുമായ കാര്യങ്ങളിൽ പോലും ഒന്നിച്ചുനിന്നു പ്രവർത്തിക്കുവാനോ ഇവ സംബന്ധിച്ചു് ഒരു തീരുമാനമെടുക്കുവാനോ സാധിക്കാതെ പോയതു് കത്തോലിക്കരെ സംബന്ധിച്ചിടത്തോളം നിർഭാഗ്യകരമായ ഒരവസ്ഥയാണു്. ഈ ചുറ്റുപാടിൽ ഈ എം. എൽ. എ. മാരിൽ പലർക്കും സമുദായത്തിന്റെ പിന്തുണ തുടർന്നു ലഭിക്കുമോ എന്നു സംശയമുണ്ടു്.

നിരവധി മതങ്ങളും സമുദായങ്ങളും ഉള്ള നമ്മുടെ രാജ്യത്തു് ഒരു മതന്യൂനപക്ഷത്തിനു് സാരമായ അംഗീകാരം സിദ്ധിക്കുന്നതിനും അതിനേറെയായ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനും ഒരു സാമുദായികസംഘടന ശക്തിമത്തായി പ്രവർത്തിച്ചാൽ മാത്രമേ മതിയാവുകയുള്ളു എന്നുള്ളതു് ഇതിനകം വളരെ സ്പഷ്ടമായിക്കഴിഞ്ഞിട്ടുണ്ടു്.

നമ്മുടെ രാജ്യത്തു് ഉണ്ടായിട്ടുള്ള എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും മുൻകൈ എടുത്തു് പ്രവർത്തിച്ചതു കത്തോലിക്കാസമുദായസംഘടനകളാണു്. ആപൽഘട്ടങ്ങളിൽ ജീവൻ പോലും ബലികൊടുത്തും പ്രശ്നങ്ങളെ നേരിട്ടു് വിജയം കൈവരിച്ചിട്ടുള്ള ഈ സമുദായം ഓരോ പ്രശ്നവും വിജയകരമായി പരിഹരിച്ചതിനുശേഷം മൗനം ദീക്ഷിക്കുകയും ബാക്കി കാര്യങ്ങളെ ജനാധിപത്യപാർട്ടിയായ കോൺഗ്രസ്സിനു് ഉഴിഞ്ഞുകൊടുക്കുകയുമാണു് ഉണ്ടായിട്ടുള്ളതു്.

പക്ഷെ സമുദായത്തെ ദൈനംദിനം അഭിമുഖീകരിക്കുന്ന സാമ്പത്തികവും, സാമൂഹ്യവും, മതപരവും, രാഷ്ട്രീയവുമായ എല്ലാ കാര്യങ്ങളും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യണമെങ്കിൽ കത്തോലിക്കാ സമുദായത്തിന്റെ വ്യാപകമായ പ്രാതിനിധ്യമുള്ള ഒരു സംഘടന സജീവമായി പ്രവർത്തിക്കുകയും ഇപ്പോൾ ശാഖകൾ ഇല്ലാത്ത സ്ഥലങ്ങളിൽ സംഘടനയുടെ ശാഖകൾ സ്ഥാപിച്ചു് പ്രവർത്തിക്കുകയും ചെയ്യണം. ദേശീയപ്രബുദ്ധരും നിസ്വാർത്ഥരും സമുദായപ്രേമികളുമായ യുവജനങ്ങൾ ഈ സംഘടനയുടെ മുന്നണിപ്രവർത്തകരാകുകയും വേണം. കത്തോലിക്കാസമുദായത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ ക്രോഡീകരിച്ചു് ജനാധിപത്യപരമായ രീതിയിലും ദേശീയാടിസ്ഥാനത്തിലും അവയെ വീക്ഷിച്ചു കൈകാര്യം ചെയ്യേണ്ടുന്ന നയങ്ങൾ സമുദായത്തിലെ അംഗങ്ങൾക്കു് എത്തിച്ചുകൊടുക്കുന്നതിനും പര്യാപ്തമായ ഒരു പ്രസിദ്ധീകരണവും സംഘടനയുടെ വകയായി ഉണ്ടാകേണ്ടിയിരിക്കുന്നു. അടുത്ത കാലത്തു് എ. കെ. സി. സി. ബുള്ളറ്റിൻ കുറച്ചൊന്നു പരിഷ്കരിച്ചു് പ്രസിദ്ധീകരിക്കുന്നുണ്ടു്. ഈ ബുള്ളറ്റിൻ ഏറ്റവും ചെറിയ ഇടവകയിൽ ചുരുങ്ങിയതു് 25 എണ്ണമെങ്കിലും പ്രചരിപ്പിക്കുവാനുള്ള സന്നദ്ധത നമ്മുടെ സമുദായത്തിലെ അംഗങ്ങൾക്കു് ഉണ്ടാകുന്നില്ലെങ്കിൽ സമുദായത്തെ പുഷ്ടമാക്കുന്നതിനും ദൈനംദിന സംഭവവികാസങ്ങളെ മനസ്സിലാക്കുന്നതിനും ഏതു വിധത്തിൽ സാധിക്കുമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

പലവിധത്തിലുള്ള ക്ലേശങ്ങളും ബുദ്ധിമുട്ടുകളും എല്ലാ തുറകളിലുമുള്ള സമുദായാംഗങ്ങൾക്കു് സക്കാർ അധികൃതരിൽനിന്നും മറ്റും ഉണ്ടാകുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഈ വിധമുള്ള ദുർഘടങ്ങളെ തരണം ചെയ്യുന്നതിനു് കത്തോലിക്കാകോൺഗ്രസ്സിന്റെ ശാഖാപ്രവർത്തകർ അതതു സ്ഥലങ്ങളിൽ നേതൃത്വവും സഹായസഹകരണങ്ങളും നൽകിയേ മതിയാകൂ.

ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്നും കത്തോലിക്കരെ ഒറ്റപ്പെടുത്തിക്കൊണ്ടുള്ള ഒരു തെരഞ്ഞെടുപ്പു സംരംഭമാണു് അടുത്തു നടക്കാനിരിക്കുന്നതെങ്കിൽ ഈ ദുർവാസനയ്ക്കെതിരായി വേണ്ട പദ്ധതികളും ആസൂത്രണം ചെയ്തു സമുദായത്തിനു് കേരളാസംബന്ധിയിൽ അർഹമായ പ്രാതിനിധ്യം സിദ്ധിക്കുന്നതിനായി കാലോചിതമായി പ്രവർത്തിക്കുന്നതിനു് താമസംവിനാ എല്ലാ ഇടവകകളിലും കത്തോലിക്കാ കോൺഗ്രസിന്റെ ശാഖകൾ സംഘടിപ്പിച്ചു് സാമുദായികകാര്യങ്ങളെ സംബന്ധിച്ചു് ഓരോ ഇടവകയിലെയും ജനങ്ങൾ വസ്തുനിഷ്ഠമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഇങ്ങനെ കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ ഇടവകാടിസ്ഥാനത്തിൽ നമ്മുടെ സംഘടനയുടെ ശാഖകൾ സ്ഥാപിച്ചു്, സജീവമായി പ്രവർത്തിക്കുമെങ്കിൽ ഒന്നാംതരം മതവിശ്വാസികളും സമുദായസ്നേഹികളും പൊതുക്കാര്യതല്പരരുമായ ജനപ്രതിനിധികളെ നമുക്കു സ്വീകാര്യമായ രാഷ്ട്രീയപാർട്ടികളിൽകൂടി വിജയിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതു് സംശയരഹിതമായ ഒരു വസ്തുതയാണു്.

ഏതെങ്കിലും സമുദായത്തേc

ടോ രാഷ്ട്രീയപാർട്ടിയോടോ ഉള്ള വിദ്വേഷമല്ല ഈ വിധത്തിൽ നമുക്കു പ്രചോദനവും ആത്മധൈര്യവും നൽകേണ്ടതു്. ദേശീയോൽഗ്രഥനവും സാമുദായികമായ ഐക്യവും രാഷ്ട്രത്തിന്റെ കെട്ടുറപ്പും കൈവരുത്തുന്നതിനും രാഷ്ട്രത്തെ കൂടുതൽ ശക്തമാക്കുന്നതിനും ഓരോ കത്തോലിക്കനും അവനേറ്റതായ പങ്കു നിർവഹിക്കുന്നതിനു് ദൃഢപ്രതിജ്ഞ ചെയ്തു മുൻപോട്ടുവരികയാണു് വേണ്ടതു്.

ജൂലൈ 9—ാംനു- വ്യാഴാഴ്ച ദേവാലയാക്രമണപ്രതിഷേധദിനമായി കേരളമാകെ ആചരിക്കുവാൻ കത്തോലിക്കാകോൺഗ്രസ്സു് വക്കിംഗ് കമ്മറ്റി തീരുമാനിക്കുന്നു. കത്തോലിക്കാകോൺഗ്രസ്സു് ശാഖകളും പ്രസ്തുതദിനത്തിൽ യോഗങ്ങളും സംഘടിപ്പിച്ചു് പ്രമേയങ്ങളും പാസ്സാക്കി അധികൃതസ്ഥാനങ്ങളിൽ എത്തിച്ചുകൊടുക്കണമെന്നും സമുദായത്തോടു് ആഹ്വാനം ചെയ്യുന്നു.

കെ. എം. ജോസഫു്
ബി. എ. ബി. എൽ.
എ.കെ.സി.സി. ജന: സെക്രട്ടറി.

ശാഖാവാർത്തകൾ

തലയോലപ്പറമ്പു്

തലയോലപ്പറമ്പു് 9—ാംനമ്പർ ശാഖയുടെ ആഭിമുഖ്യത്തിൽ ജൂലൈ 3—നു് ജാതീയദിനം സാഘോഷം കൊണ്ടാടുകയുണ്ടായി. അന്നേദിവസം രാവിലെ 10മണിക്കു് സ്ഥലം പാരിഷ് ഹാളിൽവച്ചു് റവ. ഫാദർ കെ. എം., പീറ്റർ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളനം നടത്തപ്പെട്ടു. യോഗത്തിൽ കേരളത്തിൽ തോമ്മ ശ്ലീഹാ പ്രേഷിതവേല നടത്തിയ രംഗം വളരെ ഹൃദയസ്പൃക്കായ രീതിയിൽ വിശദീകരിച്ചുകൊണ്ടു് അദ്ധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. തുടർന്നു് ശ്രീമാന്മാരായ പി. എം. മാത്യു, പി. കെ. മാത്യു, ബി. എസ്. ജോസഫു്, എൻ. വി ജോസഫു്, കുമാരി പി. എ. തങ്കമ്മ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിനിടയ്ക്കു് ബാലികാബാലന്മാരുടെ വിവിധ കലാപരിപാടികളുമുണ്ടായിരുന്നു. ജൂലൈ 3 പൊതു ഒഴിവുദിനമായി കേരളാ ഗവണ്മെന്റു് പ്രഖ്യാപിക്കണം എന്ന ഒരു പ്രമേയം പാസ്സാക്കി. ശ്രീ എ. യു. ജോർജ്ജു് സ്വാഗതവും, ശ്രീ കെ. ജെ. ജോസഫു് കൃതജ്ഞതയും പ്രകടിപ്പിക്കയുണ്ടായി.

ജൂലൈ 9 ദേവാലയാക്രമണപ്രതിഷേധദിനമായി ആചരിക്കണമെന്ന എ. കെ. സി. സി.യുടെ നിർദ്ദേശമനുസരിച്ചു് തലയോലപ്പറമ്പു ശാഖയുടെ ആഭിമുഖ്യത്തിൽ സ്ഥലത്തെയും പരിസരങ്ങളിലെയും കച്ചവടസ്ഥലങ്ങളും വ്യവസായശാലകളും അടച്ചു് പരിപൂർണ്ണഹർത്താൽ ആചരിക്കുകയുണ്ടായി. വൈകുന്നേരം 6 മണിക്കു് സ്ഥലം പാരിഷ് ഹാളിൽവച്ചു് ശ്രീ എൻ നാരായണപിള്ള ബി. എ. ബി. എൽ.—ന്റെ അദ്ധ്യക്ഷതയിൽ പ്രതിഷേധയോഗം നടത്തപ്പെട്ടു. സെക്രട്ടറി ശ്രീ കെ ജെ ജോസഫ് സ്വാഗതപ്രസംഗം നടത്തി. ഉപക്രമപ്രസംഗത്തിൽ ദേവാലയാക്രമണങ്ങളുടെ പട്ടിക നിരത്തിവച്ചുകൊണ്ടു് ഗവണ്മെൻറിന്റെ അനാസ്ഥയെവിശദീകരിച്ചു്, ഈ ശ്വരവിശ്വാസികളായഎല്ലാവരും ഈ നീചകൃത്യത്തിനെതിരായി ഒത്തുചേരണമെന്നു് ആഹ്വാനം ചെയ്തു. മെസ്സേഴ്സ് ടി.എ.കുര്യൻ എ. യു. ജോർജ്, പി. കെ. മാത്യു എൻ. വി. ജോസഫു്, പി. എം. മാത്യു എന്നിവർ മുഖ്യമന്ത്രിയുടെ മന്ത്രി തൊമ്മന്റെയും പ്രസ്താവനകളെയും അവഹേളനാപരമായ പ്രസ്കോൺഫറൻസുകളെയും വിശദീകരിച്ചുപ്രസംഗിച്ചു. പ്രധാനമന്ത്രിക്കും, മുഖ്യമന്ത്രിക്കും അയച്ചുകൊടുക്കുന്നതിനു് ഓരോ പ്രമേയവും പാസാക്കി. 9.30—നു് യോഗം സമാപിച്ചു.

പൂഞ്ഞാർ

കേരളത്തിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന ദേവാലയാക്രമണങ്ങളിൽ പ്രതിഷേധിക്കുന്നതിനു്, അ. കേ. കത്തോലിക്കാകോൺഗ്രസ് ജ. സെക്രട്ടറിയുടെ ആഹ്വാനമനുസരിച്ചു് സ്ഥലം പള്ളിമൈതാനത്തു് റവ. ഫാ. മൈക്കിളം പനച്ചിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. യോഗത്തിൽ മെസ്സേഴ്സ് വി. സി. ജോസഫ് വടക്കാത്തു്, ദേവസ്യാ ജെ. മറ്റം, എൻ. എം. സ്കറിയാ, ബി. എസ്സി., ജോസഫ് സി. തെള്ളി ബി. എ. ബി. എൽ., ബേബി മാത്യു ബി. എ. തുടങ്ങിയവർ പ്രസംഗിച്ചു.

കേരളത്തിലെ കത്തോലിക്കരുടെ ആരാധനാകേന്ദ്രങ്ങളായ ദേവാലയങ്ങളുടെനേക്കു് തുടരെത്തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളിൽ പ്രതിഷേധിക്കുന്നതും, അക്രമികളെ കണ്ടുപിടിക്കുന്നതിലും അക്രമങ്ങൾക്കു് അറുതി വരുത്തുന്നതിലും കേരളസർക്കാർ സ്വീകരിച്ചിരിക്കുന്ന നിരുത്തരവാദപരവും നിന്ദ്യവുമായ നിലപാടിൽ ഉൽക്കണ്ഠ രേഖപ്പെടുത്തുന്നതും, കേരളത്തിൽ നടന്നിട്ടുള്ള ദേവാലയാക്രമണങ്ങളെ സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറിൽനിന്നും ഒരു ഉന്നതാധികാരക്കമ്മീഷനെ നിയമിച്ചു് എത്രയുംവേഗം അന്വേഷണം നടത്തണമെന്നു് കേന്ദ്രഗവണ്മെൻറിനോടു ആവശ്യപ്പെടുന്നതുമായ പ്രമേയങ്ങൾ യോഗം പാസ്സാക്കി.

ദേവാലയാക്രമണം തുടങ്ങിയ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽപോലും, സമുദായത്തിന്റെപേരിൽ വോട്ടുവാങ്ങി അധികാരത്തിൽകയറിയ കേരളത്തിലെ കത്തോലിക്കാ എം. എൽ. എ.മാക്കും മന്ത്രിക്കും ഏകസ്വരത്തിൽ സംസാരിക്കുന്നതിനും സമുദായത്തിനും സഭയ്ക്കുംവേണ്ടി നിലകൊള്ളുന്നതിനും കഴിയാതെവരുന്നതിൽ ശ്രക്ഷമായ അമർഷവും ആഴമായ ഉൽക്കണ്ഠയും രേഖപ്പെടുത്തുന്ന മറ്റൊരു പ്രമേയവും യോഗം പാസ്സാക്കി.

കൊടകര

ജൂ: 30

കത്തോലിക്കാകോൺഗ്രസ്സ് തൃശ്ശൂർരൂപതാ കൗൺസലിന്റെ ഒരു യോഗം പ്രസിഡൻറ് ശ്രീ. ലോനപ്പൻ നമ്പാടന്റെ അദ്ധ്യക്ഷതയിൽ രൂപതാസംഘം ഓഫീസിൽ വച്ചു് കൂടി. ആദ്യമായി പ്രധാനമന്ത്രി നെഹ്രുവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

എ കെ സി സി ബുള്ളറ്റിൻ

കേരളത്തിലുടനീളംഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രൈസ്തവദേവാലയാക്രമണങ്ങളിൽ ശരിയായ കുറ്റക്കാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുന്നതിന് കേരള ഗവണ്മെൻറ് കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ യോഗത്തിനുള്ള ശക്തിയായ പ്രതിഷേധവും അമർഷവും ഉൽക്കണ്ഠയും പ്രകടിപ്പിക്കുകയുണ്ടായി. കേന്ദ്രഗവണ്മെണ്ടിൻെറ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് തിരിയേണ്ടതിനായി തൃശ്ശൂർ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമായി 3 ലക്ഷം കയ്യൊപ്പുകൾ ശേഖരിച്ച് ഇന്ത്യൻ പ്രധാനമന്ത്രിശാസ്ത്രിക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കുവാൻ തീരുമാനിച്ചു.

കുരിശു തകർത്തു് തൽസ്ഥാനത്തു് അമ്പലം പണിതതിനെ തുടർന്നുളവായിട്ടുള്ള സംഭവവികാസങ്ങളിൽ ഗവണ്മേൻറു് അനുവർത്തിച്ചുവരുന്ന തെറ്റായ നടപടിയിലും പ്രതിഷേധിച്ചു.

ദേവാലയാക്രമണങ്ങളിൽ പ്രതിഷേധിച്ചും, കേന്ദ്രഗവ. ഉടനടി ഇടപെടുവാൻ അഭ്യർത്ഥിച്ചുകൊണ്ടുമുള്ള കത്തുകളും കമ്പികളും പ്രമേയങ്ങളും തുരുതുരെ കേന്ദ്രത്തിലേയ്ക്കു് അയയ്ക്കുവാനും, ജാഥകളും പൊതുയോഗങ്ങളും സംഘടിപ്പിക്കുവാനും കീഴ്ഘടകങ്ങളോടും ഇതര സംഘടനകളോടും അഭ്യർത്ഥിച്ചിട്ടുണ്ടു്.

ചെമ്മലമറ്റം

ജൂലൈ 9–ാം തീയതി ദേവാലയാക്രമണ പ്രതിഷേധ ദിനമായി ആചരിച്ചുകൊണ്ടു് ബ. വികാരിയച്ചൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ. നെഹ്രുവിൻെറ നിര്യാണത്തിലുള്ള അനുശോചന പ്രമേയം അദ്ധ്യക്ഷസ്ഥാനത്തുനിന്നും അവതരിപ്പിച്ചു. സദസ്യർ രണ്ടുമിനിട്ടുനേരം മൌനമായി എഴുനേറ്റുനിന്നു് പരേതനോടുള്ള ബഹുമാനം രേഖപ്പെടുത്തി.

ദേവാലയാക്രമണത്തിലുള്ള പ്രതിഷേധവും ഉൽക്കണ്ഠയും രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയം സെക്രട്ടറി അവതരിപ്പിക്കുകയും ആയതു പാസ്സാക്കുകയും അധികാരസ്ഥാനങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനു സെക്രറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

കൂടാതെ പ്രസ്തുത ശാഖയുടെ മുൻ പ്രസിഡൻറായിരുന്ന ശ്രീ. വി. റ്റി. ജോർജ്ജ് വെള്ളൂക്കുന്നേൽ അവർകളുടെ അകാലചരമത്തിലനുശോചിച്ചുകൊണ്ടുള്ള പ്രമേയവും പാസ്സാക്കപ്പെട്ടു.

വൈസ്സും

ദേവാലയാക്രമണങ്ങളെ പ്രതിഷേധിക്കുന്നതിനും; കത്തോലിക്കാകോൺഗ്രസ് വൈസ്സും ശാഖ പുനഃരുദ്ധീകരിയ്ക്കുന്നതിനുമായി 12–7–64 ഞായറാഴ്ച പകൽ മൂന്നുമണിയ്ക്ക് വൈസ്സും കോൺവെൻറ് സ്കൂൾഹാളിൽവച്ചു് ഒരു മഹാസമ്മേളനം Very: Rev:Fr: John പയ്യപ്പള്ളി അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽകൂടി.പോത്തംജെ. കൊണത്താപ്പള്ളി (അതിരൂപതാസംഘം സെക്രട്ടറി) അവർകൾ സ്വാഗതപ്രസംഗംചെയ്തു.ശ്രീ ഈ. പി. വറുഗീസ്സ് എം.എ ബി.എൽ സമ്മേളനം ഉൽഘാടനം ചെയ്തു് സമുദായത്തിനു് ഇന്നു് നേരിട്ടിരിക്കുന്ന മതപീഡന നടപടികളെയും; ആയതിനു് പരിഹാരം കാണേണ്ട വിവരങ്ങളേയും മറ്റും പ്രതിപാദിച്ചു് പ്രസംഗിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തെ തുടർന്നു് ശ്രീ.വി.ഓ.ജോൺ BSc:BL (എറണാകുളം അതിരൂപതാസംഘം പ്രസിഡണ്ടു്) കത്തോലിസ്സാകോൺഗ്രസ് ശാഖകളെ സുസംഘടിതമായി പ്രവർത്തിയ്ക്കേണ്ടതിൻെറ ആവശ്യകതയേയുംമറ്റും പുരസ്കരിച്ചു് പ്രസംഗിച്ചു. തുടർന്നു് ശ്രീ. ഏ. ജെ. അഗസ്റ്റീൻ ബി. ഏ. ബി. എൽ ഒരു സുദീർഘ പ്രസംഗം ചെയ്തു. ശ്രീ. വക്കീ വക്കീൽ അവതരിപ്പിച്ച പ്രതിഷേധപ്രമേയം അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുവാൻ പ്രസിഡൻറിനെ ചുമതലപ്പെടുത്തി. ഇതേ തുടർന്നു് ഈ ഇടവകയിലെ ഊർജ്ജിതമായ പ്രവർത്തനത്തിനു് 21 പേർ അടങ്ങിയ ഒരു താൽക്കാലിക കമ്മറിയെ തെരഞ്ഞെടുത്തു. ഉപസംഹാരം കൃതജ്ഞതാപ്രകടനം ഇവയോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

കത്തോലിക്കാകോൺഗ്രസ്സിൻെറ ആഹ്വാനം അനുസരിച്ചു് ജൂലൈ 9–ാംനു വ്യാഴാഴ്ച റവ.വി. പുരം ചന്തയിലും പരിസരത്തുമുള്ള മിക്കവാറും എല്ലാ കടകളുംതന്നെ അടച്ചു് ഹർത്താലാചരിക്കുകയും; അന്നു് വൈകിട്ടു് അഞ്ചുമണിക്കു് സ്ഥലം തിരുഹൃദയപ്പള്ളി അങ്കണത്തിൽ കൂടിയ പള്ളിആക്രമണ പ്രതിഷേധ യോഗത്തിൽ ശ്രീ. സിറിയക്കു് കൊറാരമ്പത്തു് അദ്ധ്യക്ഷം വഹിച്ചു. റവ: ഫാ: ഫ്രാൻസിസ്സ്തച്ചിൽ അവർകൾ സമ്മേളനം ഉൽഘാടനംചെയ്തു പ്രസംഗിച്ചു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗത്തെതുടർന്നു് ശ്രീ.പോത്തംജെ. കൊണത്താപ്പള്ളി കത്തോലിക്കർ ഒറക്കെട്ടായി ഉണർന്നു് പ്രവർത്തിക്കേണ്ടതിൻെറ ആവശ്യകതയെയും; സ്ഥലം 418–ാം നമ്പർ കത്തോലിക്കാകോൺഗ്രസ്സ് ശാഖയുടെ ഊർജ്ജിതമായ പ്രവർത്തനങ്ങളേയും, ഇന്നത്തെ ഹർത്താലും; മഹായോഗവും വിജയിപ്പിച്ചതിലും തൽഭാരവാഹികളെ വർക്കിംഗ്കമ്മറി മെമ്പർ എന്നുള്ള നിലയിൽ അനുമോദിച്ചും പ്രസംഗിച്ചു. തുടർന്നു് പ്രതിഷേധ പ്രമേയം അവതരിപ്പിച്ചതു് പാസ്സാക്കിയ ഥാസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുവാൻ പ്രസിഡണ്ടിനെ ചുമതലപ്പെടുത്തി. യോഗം സമംഗളം 6–30 നു് പര്യവസാനിച്ചു.

സെക്രറി
എ.കെ.സി.സി എറണാകുളം
അതിരൂപത.

ആനിക്കാട്

അഖില കേരള കത്തോലിക്കാകോൺഗ്രസ് 44–ാം നമ്പർ ആനിക്കാട് ശാഖയുടെ ഒരു പൊതുയോഗം 9–7–64 വ്യാഴാഴ്ച 5 മണിക്കു് റവ: ഫാ: തോമസ് പാറേൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി പാസ്സാക്കിയ പ്രമേയം.

ഏതാനും മാസങ്ങളായി കേരളത്തിൽ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദൈവാലയധ്വംസനത്തെയും, വിശുദ്ധ വസ്തുക്കളോടുള്ള നിന്ദ്യമായ പെരുമാറ്റത്തെയും ഈ യോഗം ഉത്കണ്ഠയോടെ വീക്ഷിക്കുകയും, കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനും ആക്രമണകാരികളെ മാതൃകാപരമായി ശിക്ഷിച്ചു വിശുദ്ധവസ്തുക്കളോടുള്ള അവഹേളനം അവസാനിപ്പിക്കുന്നതി

ന്നും ഗവണ്മെന്റ് ശക്തിയായ നടപടികളും സ്വീകരിക്കാത്തതിൽ ഈ യോഗത്തിനുള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു.

അവതാരകൻ കെ. ജെ. ചാക്കോ ബി എ

അനുവാദകൻ കെ. ഇസഡ്. പീലിപ്പോസ്. ബി. എ; ബി. എഡ്.

ഇരിഞ്ഞാലക്കുട

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 395–ാം നമ്പ്ര് ഇരിഞ്ഞാലക്കുട ശാഖയുടെ 1963–ലെ വാർഷിക റിപ്പോർട്ട്

ടി ശാഖ 1952 ഫെബ്രുവരിയിൽ സ്ഥാപിക്കുകയും 152 സാധാരണ അംഗങ്ങളും ടി കൊല്ലവസാനത്തോടുകൂടി ഉണ്ടാക്കുകയും ചെയ്തു. ടി കൊല്ലത്തിൽ തന്നെ ശാഖയുടെ ആഭിമുഖ്യത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, വിശുദ്ധ ശൗരിയാർ പുണ്യവാന്റെയും ശതാബ്ദജൂബിലി ആഘോഷിക്കുകയുണ്ടായി. ശാഖയ്ക്ക് ഒരു വയസ്സ് പൂർത്തിയാകുന്നതോടുകൂടി 1953-ൽ ഒരു സമ്മേളനം അതിഗംഭീരമായ നിലയിൽ നടത്തുന്നതിന് സാധിച്ച എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. ടി മൂ മ്മേളനം ഉൽഘാടനംചെയ്തതു അന്നത്തെ ഇൻറർനൻഷിയോ മോസ്റ്റ് റവ. മാർട്ടിൻ ലൂക്കോസ്സ് തിരുമനസ്സുകൊണ്ടാണ്, ടി സമ്മേളനത്തിന്റെ ഓമ്മസ്സായിട്ടാണ് സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന ദൈവപരിപാലനഭവനത്തോടുകൂടി അനുബന്ധിച്ചുള്ള ചാപ്പൽ പണിതീർത്തിട്ടുള്ളതു. കോൺഗ്രസ്സ് ശാഖകളിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു കേന്ദ്രത്തിൽ നിന്നും കൊടുക്കാറുള്ള 1953 ലേക്കുള്ള ഷീൽഡ് ഈ ശാഖയ്ക്ക് ലഭിക്കുന്നതിനുള്ള ഭാഗ്യമുണ്ടായി. എന്നാൽ 1956 ൽ ടി ശാഖ ഒരു സ്തംഭനാവസ്ഥയിൽ എത്തുന്നതിനുള്ള സാഹചര്യങ്ങളും വന്നുകൂടി. ഉദ്ദേശം ഏഴുകൊല്ലത്തോളം ടി സ്തംഭനാവസ്ഥയിൽ തുടർന്നതിനു ശേഷം 1962 ജൂണിൽ ടി ശാഖ പുതുക്കുകയും ചെയ്തു. കോൺഗ്രസ്സിന്റെ നിയമാവലി അനുസരിച്ചു ഒരു ശാഖ നിലനില്ക്കുന്നതിനു ചുരുങ്ങിയതു 25 അംഗങ്ങളും വേണമെന്നുള്ളതുകൊണ്ടു ചുരുങ്ങിയതു 25 ആയുഷ്ക്കാല അംഗങ്ങളെ ചേർക്കണമെന്നു നിശ്ചയിക്കുകയും അതനുസരിച്ചു ഒരു സ്ത്രീ മെമ്പർ ഉൾപ്പെടെ ഇപ്പോൾ 29 ആയുഷ്ക്കാല സമാജികരെ ചേർത്തിട്ടുള്ളതിനും പുറമെ 66 സ്ത്രീകളടക്കം 200 സാധാരണ സാമാജികന്മാരോടുകൂടി ആകെ 229 അംഗങ്ങളും ഈ ശാഖയിൽ ഉണ്ട്.

കത്തോലിക്ക കോൺഗ്രസ്സിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനു ഇപ്പോടെ നടന്ന നടപടിയനുസരിച്ച് മുകുന്ദപുരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ എന്നീ താലൂക്കുകളും ഉൾപ്പെടുന്ന ഇരിഞ്ഞാലക്കുട മേഖലയിൽ കൂടുതൽ അംഗങ്ങളെ ചേർത്തിട്ടുള്ള ഈ ശാഖയ്ക്കു മേഖലാ ഓർഗനൈസരുടെ വക കപ്പും കരസ്ഥമാക്കുന്നതിനു സാധിച്ചിട്ടുണ്ട്.

ശാഖയുടെ ധനശേഖരണാർത്ഥം 'ഫാദർ ഡാമിയൻ' എന്ന സംഗീതനാടകം നടത്തുകയും അതിൽ നിന്നും ഗണ്യമായ ഒരു സംഖ്യ ലഭിച്ചിട്ടുണ്ടെന്നുള്ളതും ചാരിതാർത്ഥ്യജനകമാണ്.

1963 ൽ ഒരു ജനറൽ ബോഡിയോഗവും 11 കമ്മറ്റിമീറ്റിംഗും കൂടിയിട്ടുണ്ട്.

1963 ൽ അവസാനം ശാഖയ്ക്ക് 910 ക. 38 പൈ. യുടെ ഒരു ഫണ്ടുണ്ടെന്നു പ്രസ്താവിച്ചുകൊണ്ടു ഈ റിപ്പോർട്ടിനെ ഉപസംഹരിച്ചുകൊള്ളുന്നു.

എന്നു", സിക്രട്ടറി.

എ. റ്റി ജോസഫ്, അക്കരക്കാരൻ,

ഒല്ലൂർ

ജൂ. 9, ദേവാലയാക്രമണങ്ങളിൽ പ്രതിഷേധിക്കുന്നതിനു ഒല്ലൂർ ഫൊറോനാപ്പള്ളിയുടെ ആഭിമുഖ്യത്തിൽ ജൂലായ് 5–ാംനു- ഞായറാഴ്ച വമ്പിച്ച പരിഹാരപ്രദക്ഷിണവും സമ്മേളനവും നടത്തപ്പെട്ടിരിക്കുന്നു.

ഒല്ലൂർ ഫൊറോനാപ്പള്ളിയുടെകീഴിലുള്ള 20 പള്ളികളിൽനിന്നായിപതിനായിരക്കണക്കിനാളുകളും പരിഹാരപ്രദക്ഷിണത്തിൽ പങ്കെടുത്തു. കോരിച്ചൊരിയുന്ന പേമാരിയെ വകവയ്ക്കാതെ കുരിശും ജപമാലയുമേന്തിയ സ്ത്രീകളും കുട്ടികളും അടങ്ങിയ പരിഹാരപ്രദക്ഷിണത്തിനു ഫൊറോനാപ്പള്ളി വികാരി വെ: റവ: ഫാ: ജോൺ ചിറയത്തു നേതൃത്വം നൽകി.

പ്രദക്ഷിണം ക്രിസ്തുരാജ നഗറിൽ എത്തിച്ചേർന്നതിനെത്തുടർന്നു തൃശ്ശൂർ രൂപതാ വികാരി ജനറൽ ഡോ: സക്കറിയാസു വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ സമ്മേളനം നടത്തപ്പെട്ടു.

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സു ജനറൽ സിക്രട്ടറി അഡ്വക്കേറ്റു കെ. എം. ജോസഫ്, തൃപതാസംഘം പ്രസിഡണ്ടു ലോനപ്പൻ നമ്പാടൻ, പി. എം. ഷാഹുൽഹമീദു എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാകോൺഗ്രസ്സ് പ്രസിഡണ്ടിന്റെ പ്രസംഗം ഫ്രാൻസുസ് അക്കര വായിച്ചു. ശ്രീ ജെ. പി. ഒല്ലൂർ നന്ദിപറഞ്ഞു. ദേവാലയാക്രമണങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയവും സമ്മേളനം പാസ്സാക്കി.

കത്തോലിക്കാ കോൺഗ്രസ്സ് ഒല്ലൂർ ഫൊറോന ശാഖയുടെ ആഭിമുഖ്യത്തിലാണു സമ്മേളനം നടത്തപ്പെട്ടതു.

പുതുക്കാട്ട്

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 9–ാംനു- നടത്തപ്പെട്ട "ദേവാലയാക്രമണ പ്രതിഷേധ" സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടു ശ്രീ ജോസു കോക്കാടൻ ചെയ്ത പ്രസംഗത്തിൽ, കേരളത്തിലെ ദേവാലയധ്വംസനങ്ങളെക്കുറിച്ചു ഒരു പരസ്യാന്വേഷണം നടത്താൻ കേന്ദ്രസക്കാരിനോടു ആവശ്യപ്പെട്ടിരിക്കുന്നു. ദേവാലയധ്വംസനകേസ്സുകളും അന്വേഷണം നടത്തി കുറക്കാരെ കണ്ടുപിടിക്കുന്നതിൽ പോലീസ് അവലംബിക്കാൻ നിർബന്ധിതമായി തീർന്ന 'നിഷ്ക്രിയത്വമാണു", അതു സംസ്ഥാനവ്യാപകമായി വളരാനും, ഇന്നത്തെ അന്തരീക്ഷം സൃഷ്ടിക്കുവാനും കാരണമെന്നു കേന്ദ്ര ഇൻറ

ലിജൻസ് വകുപ്പിലെ ഒരു സീനിയർ ഓഫീസറായ മി: ഷെഡ്ഡി പറഞ്ഞിരിക്കുന്നതു കൊണ്ട് ഇതിന്റെ പിന്നിൽ ഒരു സംഘടിതശക്തി പ്രവർത്തിച്ചിട്ടുണ്ടെന്നു മനസ്സിലാകുന്നു. അതുകൊണ്ട് പഞ്ചാബിൽ ചെയ്തതുപോലെ തന്നെ ഒരു കമ്മീഷനെ നിയമിച്ച് പരസ്യാന്വേഷണം നടത്തി സത്യം വെളിച്ചത്തുകൊണ്ടുവരുവാൻ കേന്ദ്രസർക്കാർ മടിക്കരുതെന്നാണു കേരളത്തിലെ ജനങ്ങളുടെ പ്രത്യേകിച്ചും ദൈവവിശ്വാസികളുടെ അപേക്ഷ എന്നുള്ളതാണു വസ്തുത.

ഒരു മതേതരരാഷ്ട്രത്തിൽ ഇമ്മാതിരിയുള്ള പൈശാചികപ്രവണതകളും വെച്ചുപുലർത്താൻ ഒരു ജനകീയ ഗവണ്മെണ്ടിനും സാധിക്കുകയില്ല എന്നുള്ളതാണു വസ്തുത.

അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കുന്നതിൽ പോലീസ് മന്ത്രി പരാജയപ്പെട്ടിരിക്കുകൊണ്ട്, പ്രസ്തുത സ്ഥാനത്തു തുടർന്നുപോകുവാൻ അർഹതയില്ലാത്തതുകൊണ്ട്, അദ്ദേഹത്തെ ഈ സ്ഥാനത്തുനിന്നും മാറ്റി, 'കലവറ' യില്ലാത്തൊരു പരസ്യാന്വേഷണം നടത്തണമെന്നു കേന്ദ്രസർക്കാരിനോടു ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം യോഗം പാസ്സാക്കി.

തീലൂർ

ദേവാലയാക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള ഒരു യോഗം ചേരുകയും പ്രമേയം പാസ്സാക്കുകയും ചെയ്തു. കൂടാതെ ജൂലൈ 9–ാംതീയതി പ്രതിഷേധദിനമായി ആചരിക്കുകയും 12–ാം തീയതി ശ്രീ ജേക്കബ് മണ്ണനാൽ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും പലരും ഗവണ്മെണ്ടിന്റെ അനാസ്ഥയിൽ നിശിതമായി വിമർശിച്ച് പ്രസംഗിക്കുകയും ചെയ്തു. പ്രമേയം പാസ്സാക്കി അധികാരസ്ഥാനങ്ങളിൽ അയയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

വെച്ചൂർ

ജൂലൈ 9–ാംനു- ദേവാലയാക്രമണ പ്രതിഷേധ ദിനമായി ഇന്നാട്ടിലെ കത്തോലിക്കർ വ്യവസായസ്ഥാപനങ്ങളും മറ്റെല്ലാ കടകളും അടച്ച് ഹർത്താൽ ആചരിച്ചു.

കുറുവനാൽ

12-7–1964–ൽ രാവിലെ 8.30 നു കത്തോലിക്കാകോൺഗ്രസ് കുറുവനാൽ ശാഖയുടെ ആഭിമുഖ്യത്തിൽ കുറുവനാൽപള്ളിമേടയിൽവച്ച് ഒരു യോഗംകൂടി. യോഗത്തിൽ റവ, ഫാ: ജോസഫ് മാടപ്പള്ളിമറ്റം അദ്ധ്യക്ഷം വഹിച്ചു. ശ്രീ ജോസഫ് കക്കാട്ടിൽ പ്രസംഗിച്ചു. ശ്രീ റവി. ജെ. ജോസഫ് തച്ചേട്ട് താഴെ കാണുന്ന പ്രമേയം അവതരിപ്പിച്ചു. യോഗം ഐകകണ്ഠ്യേന പാസ്സാക്കി.

അടുത്തകാലത്തായി കേരളത്തിൽ നടക്കുന്ന പള്ളി ആക്രമണത്തിലും, പരിശുദ്ധകുർബാനയോടും വിശുദ്ധ വസ്തുക്കളോടുമുള്ള കയ്യേറ്റത്തിലും ഈ യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തുകയും, ക്രിസ്ത്യാനികളുടെ മതവികാരത്തെ വ്രണപ്പെടുത്തുന്ന ഇത്തരം സംഭവങ്ങളിൽ കുറ്റക്കാരെ കണ്ടുപിടിക്കുന്നതിലും, മാതൃകാപരമായി ശിക്ഷിക്കുന്നതിലും, കേരള ഗവണ്മെൻറു കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ ഈ യോഗം പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു.

പ്രമേയം ഇൻഡ്യൻ പ്രധാനമന്ത്രിക്കും ഇൻഡ്യൻ ആഭ്യന്തരമന്ത്രിക്കും, കേരളഗവണ്മെൻറിനും, അയച്ചുകൊടുക്കുന്നതിനു തീരുമാനിച്ചു.

പള്ളിത്തോട്ട്

കേരളത്തിൽ ആവർത്തിച്ചാവർത്തിച്ച് നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവദേവാലയ ധ്വംസനവും വിശുദ്ധ വസ്തുക്കളുടെമേലുള്ള അവഹേളനവും ഇന്നാട്ടിൽ ഗുരുതരമായ സംഭവവികാസങ്ങൾ ഉണ്ടാകുന്നതിനു മതിയായ കാരണങ്ങളാണു്. ഈ വിഷയത്തിൽ കേരളഗവണ്മെൻറു് അനുവർത്തിക്കുന്ന നയത്തോടു് ഈ യോഗത്തിനുള്ള അതിരറ്റ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ ശരിയായ കുറ്റക്കാരെ കണ്ടുപിടിച്ചു് മാതൃകാപരമായ ശിക്ഷ നൽകി ഈ വിധത്തിലുള്ള ഗ്രൂപ്പ്സാവഹമായ പ്രവൃത്തികൾ മേലിൽ ആവർത്തിക്കാതിരിക്കുന്നതിനു് ആവശ്യമായനടപടികൾ ഉടനടി സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ഇതിന്റെ ഒരു പ്രതി കേരളാ മുഖ്യമന്ത്രിക്കയച്ചുകൊടുത്തിട്ടുണ്ടു്.

ആനന്ദപുരം

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 424-ാം നമ്പർ ആനന്ദപുരം ശാഖയുടെ വാർഷികപൊതുയോഗം സ്ഥലം ആത്മീയോപദേഷ്ടാവു് റവ. ഫാ. ജയിക്കബ് എളങ്കുന്നപ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ10–5–64–ൽ കൂടി. യോഗത്തിൽ സെക്രട്ടറി ഐ ടി കുഞ്ഞിപൊറിഞ്ചു റിപ്പോർട്ടു വായിച്ചു.

അടുത്തകൊല്ലത്തെ ഭാരവാഹികളായി ഐ. ജെ. പൗലോസ് പ്രസിഡൻറു്, ഐ. ടി. കുഞ്ഞിപൊറിഞ്ചു സെക്രട്ടറി, ഐ. ഒ. അന്തോനി ഖജാൻജി, ടി പി അന്തോണി, എൻ. കെ. കൊച്ചുവറിയതു്. പ്രതിനിധികളായി 11പേരടങ്ങുന്ന ഒരു വർക്കിംഗ്കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

തൃശ്ശൂർ രൂപതാസംഘം സ്ഥാപിക്കുന്നതിനു് സഹകരിക്കുകയും ശ്രീ ലോനപ്പൻ നമ്പാടനെ രൂപതാസംഘം പ്രസിഡണ്ടായി തിരഞ്ഞെടുക്കുന്നതിനു് ഐ. ടി. കുഞ്ഞിപൊറിഞ്ചു നിർദ്ദേശിക്കുകയും ആ നിർദ്ദേശം യോഗം അംഗീകരിക്കുകയും ചെയ്തു.

കൂടാതെ തൈക്കൽ സംഭവം, ക്രിസ്ത്യൻ വിവാഹബിൽ, സിമിറ്റി പ്രശ്നം, ദേവാലയധ്വംസനം മുതലായതിൽ പ്രതിഷേധിച്ചു് യോഗങ്ങൾ കൂടുകയും പ്രമേയങ്ങൾ പാസ്സാക്കുകയും, അധികൃത സ്ഥാനങ്ങളിലേയ്ക്കു് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടു്.

കേരളത്തിലുടനീളം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദേവാലയ ധ്വംസനങ്ങളിൽ പ്രതിഷേധിച്ചു് 21–6–64–ൽ ചെറുപുഷ്പദേവാലയങ്കണത്തിൽവച്ചു് വമ്പിച്ച ഒരു യോഗം ചേർന്നു. യോഗത്തിൽ റവ. ഫാ. ജയിക്കബ് എളങ്കുന്നപ്പുഴ അവർകൾ അദ്ധ്യക്ഷം വഹിച്ചു. മെ. ഐ. ടി. കുഞ്ഞിപൊറിഞ്ചു, ഇ. എൽ. ഫ്റാൻസീസ്

ബനഡിക്ടൻസഭ കേരളത്തിൽ

Rev. Dom. Ephrem, O. S. B.

ലോക പ്രസിദ്ധിയാർജ്ജിച്ച വി. ബനഡിക്ടിനേയും, സ്വവ്യാപകമായ അദ്ദേഹത്തിന്റെ സന്യാസസഭയേയുംകുറിച്ച് കേട്ടിട്ടില്ലാത്തവരായി ഇന്നാരുംതന്നെ ക്രൈസ്തവലോകത്തിൽ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. വി. ബനഡിക്ടോസിന്റെ ജീവിതകാലത്തുതന്നെ അനന്യസാധാരണമായി വളർന്നുപടർന്ന ആ താപസവൃന്ദം അത്ഭുതാവഹമായി യൂറോപ്യൻ രാജ്യങ്ങളിലെല്ലാം വ്യാപിച്ചു. മാത്രമല്ല പാശ്ചാത്യദേശങ്ങളിലെങ്ങും സത്യവിശ്വാസത്തിന്റെ വെളിച്ചം പരത്തുന്നതിനും, തദനുസരണമായ ക്രൈസ്തവ സംസ്ക്കാരവും, അത്യൽകൃഷ്ടങ്ങളായ

ബി എ; പി. പി. ലോനപ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

ശ്രീ ഐ. ടി. കുഞ്ഞിപൊറിഞ്ചു അവതരിപ്പിച്ച പ്രതിഷേധപ്രമേയം ടി. പി. ആൻറണി പിൻതാങ്ങുകയും സമ്മേളനം ആയത് സർവ്വസമ്മതമായി പാസ്സാക്കുകയും ചെയ്തു. യോഗത്തിനു മുമ്പ് ഒരു പരിഹാരപ്രദിക്ഷണം നടത്തി. പരിഹാരപ്രദിക്ഷണത്തിലും, യോഗത്തിലും ആയിരകണക്കിനു് ആളുകൾ സംബന്ധിച്ചിരുന്നു.

കളത്തുക്കാവു്

കെ. കോൺഗ്രസ് കളത്തുക്കാവു ശാഖയുടെ ആഭിമുഖ്യത്തിൽ ജൂലൈ 9—പ്രതിഷേധദിനമായി ആചരിച്ചു. ഒരുമണിമുതൽ ആരാധന നടത്തി. അതിനുശേഷം ചേർന്ന പൊതുയോഗത്തിൽ റവ. ഫാ. സബാസ്റ്റ്യൻ ഐക്കരക്കുന്നേൽ അദ്ധ്യക്ഷം വഹിച്ചു. പ്രസിഡണ്ട് ശ്രീ പി. കെ. ജയിംസ് ബി. എ, ബി. എഡ് പ്രസംഗിച്ചു. ദേവാലയാക്രമണത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയവും അവതരിപ്പിച്ചു പാസ്സാക്കി.

—0—

വിദ്യാപീഠങ്ങളും, സാർവ്വദേശീയമായി പ്രതിഷ്ഠ പ്രാപിക്കുന്നതിനും ഈ ബനഡിക്ടൻ സന്യാസികൾ ഹേതുഭൂതരായി.

വംശങ്ങൾ

ബനഡിക്ടിന്റെ ശിഷ്യഗണങ്ങളും സഹസ്രക്കണക്കിനു് വർദ്ധിക്കുകയും, അവർ വിശ്വപ്രിഖ്യാതങ്ങളായ സർവ്വകലാശാലകളും ആതുരമന്ദിരങ്ങളും ഗംഭീരമായ ബസ്സിക്കാകളും, അത്യന്നത മണിമാളികകളും, അനേകശതം മനോഹരദേവാലയങ്ങളും, കെട്ടിപ്പടുക്കുകയും, പരിഷ്കൃതനീതിയിലുള്ള കൃഷിസമ്പ്രദായങ്ങളും മനുഷ്യരെ മനസ്സിലാക്കി അവരെ സമ്പൽസമൃദ്ധിയിലേയ്ക്കു് ആനയിക്കുകയും ചെയ്തു. സർവ്വോപരി അവിശ്വാസികളായിരുന്ന അനേകരെ ഒന്നടങ്കം സത്യമതത്തിലേയ്ക്കാകർഷിക്കുകയും വിദ്യാവിഹീനരെ ഭാഷാകോവിദരും വിദ്വൽശിരോമണികളുമാക്കിത്തീർക്കുകയും ചെയ്തു. അങ്ങനെ മദ്ധ്യശതകത്തിൽ പാശ്ചാത്യലോകം മുഴുവനും ഒരു നവീനയുഗത്തിലെത്തിച്ചേർന്നു. ബനഡിക്ടൻസഭ വിശ്വവിശ്രുതമാവുകയും തദ്വാരാ അനേകായിരങ്ങൾ ഈ പ്രേഷിതവര്യന്മാരുടെ സമൂഹത്തിലഭയംതേടുകയും ചെയ്തു. അതോടെ ലോകത്തിനു് അനന്യസാധാരണവും, അവർണ്ണനീയവുമായ ആത്മീയ പ്രബുദ്ധതയും, ഉൽകൃഷ്ടവും ഉളവായി.

ഉറച്ച വിശ്വാസത്തിന്റേയും സുകൃതസമ്പന്നമായ ക്രിസ്തീയസംസ്ക്കാരത്തിന്റേയും ഉറവിടമായ ബനഡിക്ടൻസഭ, സുദീർഘമായ 1500വർഷങ്ങൾക്കുശേഷമെങ്കിലും, നമ്മുടെ മാതൃഭൂമിയിലും വേരുന്നുവാനിടയായതു് ചാരിതാർത്ഥ്യജനകംതന്നെ.

കേരള ശാഖ

വി. ബനഡിക്ടിന്റെ സന്താനപരമ്പരകളും ഇതാ നമ്മുടെ കേരളഭൂമിയിലും കാലുകുത്തിയിരിക്കുന്നു. ബനഡിക്ടൻ സഭാംഗങ്ങൾ കുറേകാലങ്ങൾക്കു മുമ്പു് ബാംഗ്ലൂരിൽ ആശ്രമവും, സിസ്റ്റേഷ്യർ പൂഞ്ഞാറിലെ കുരിശുമലയിലും ആസ്ഥാനം ഉറപ്പിച്ചിട്ടുണ്ടു്. എന്നാൽ ഇതുപര്യന്തം മിഷ്യൻപ്രവർത്തനത്തിലേർപ്പെട്ടിരുന്നതിൽ വെസ്റ്റിയൻസ് ഈ അടുത്തകാലത്താണു് വടക്കെ വയനാട്ടിൽ മാനന്തവാടിക്കടുത്തു് തൊണ്ടർനാടു് എന്ന സ്ഥലത്തു് അവരുടെ പ്രഥമ ഇൻഡ്യൻ ശാഖ സ്ഥാപിച്ചതു്.

ഒരു സവിശേഷത

ഞങ്ങളുടെ കേരളശാഖയുടെ ഒരു പ്രത്യേകത ഞങ്ങൾ സിലോണിൽ മിഷ്യൻപ്രവർത്തനത്തിലായിരുന്നു എന്നതാണു്: ഞങ്ങൾ Quasi Contemplatines ആണു്. അതായതു് സ്ഥായിയായിട്ടു് ആവൃതിയുള്ളിൽ ധ്യാനനിരതമാണു് ഞങ്ങളുടെ ജീവിതചര്യയെങ്കിലും തിരുസഭയുടെ ആവശ്യങ്ങളെയാദരിച്ചു് ഏതുതരത്തിലുള്ള പ്രേഷിതരംഗങ്ങളിലും പ്രവർത്തനത്തിനും ഞങ്ങളുടെ സഭാനിയമം ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയ കാർമേഘം:—

ഒരു നൂറാണ്ടുകാലത്തിലധികമായി സിൽവെസ്ട്രോ ബനഡിക്ടയിൻ സന്യാസികൾ സിലോണിൽ പ്രേഷിതജോലി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണു്. ഇന്നു കാണ്മിരുപതയുടെരേണകർത്തവ്യം അവർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

എന്നാൽ ഈ അടുത്തകാലത്തു് സിലോൺഗവർമ്മെണ്ടു് വിദേശിയരുടെമേൽ അപ്രതീക്ഷിതമായി ആരംഭിച്ച നിർദ്ദാക്ഷിണ്യനയത്താൽ, മിഷ്യനറിമാരുൾപ്പടെ വിദേശികളും എല്ലാവരും സ്ഥലം വിടേണ്ടതായി വന്നിരിക്കുന്നു. തന്മൂലം ഞങ്ങളുടെ സന്യാസികളിൽ ഇറാലിക്കാർ ഇറാലിയിലേ

ക്കും ഇൻഡ്യാക്കാർ ഭാരതത്തിലേക്കും യാത്രയായി.

റോമായിലുള്ള മാതൃഭവനത്തിലെ ആബട്ട് ജനറലിന്റെ ആജ്ഞാനുസരണം ഞങ്ങൾ 1961 നവംബർ മാസത്തിൽ സിലോണിൽനിന്നും കേരളത്തിലെത്തുകയും, 1962 ഏപ്രിൽമാസത്തിൽ ഈ പുതിയ ശാഖ സ്ഥാപിക്കുകയും ചെയ്തു.

ഒരു കുടിയേറ്റം

അങ്ങനെ കുടിയേറ്റക്കാരാൽ സുപ്രസിദ്ധമായ മലബാറിലേയ്ക്ക് ബനഡിക്ടൻ സന്യാസികളും രംഗപ്രവേശം ചെയ്തു. കുടിയേറ്റക്കാരുമായി ഞങ്ങൾക്കും പലേ സാമ്യതകളുമുണ്ട്. ഒന്നാമതായി ഞങ്ങൾക്കും കിട്ടിയതു് കാടുംമേടുമായിരുന്നിടത്തെ തരിശുഭൂമിയാണു്. രണ്ടാമതായി അവരെപ്പോലെതന്നെ ഞങ്ങളും കൃഷിതുടങ്ങി. യഥാർത്ഥ ബനഡിക്ടൻ പാരമ്പര്യമനുസരിച്ച് ഞങ്ങളും കാടുവെട്ടും, തീയിടീലും, കിളയും, കല്ലിളക്കും, ഭവനനിർമ്മാണവും ആരംഭിച്ചു. ''അച്ചന്മാരുടെ'' ഇത്തരത്തിലുള്ള സാഹസം കണ്ടു് അത്ഭുതപരതന്ത്രരായി പലരും ഞങ്ങളെ ഒരല്പം സംശയദൃഷ്ടിയോടെ വീക്ഷിച്ചുതുടങ്ങി. അയൽവാസികളായ ചില ഗിരിവർഗ്ഗക്കാരും, മുസ്ലീംങ്ങളും ഇതിനിടയ്ക്ക് 'ഇവരും' ''ചേട്ടന്മാരുടെ'' ഒരു വകഭേദമാണെന്നു് തട്ടിവിടുന്നതുകേട്ട്. കൂടാതെ ഞങ്ങൾതന്നെ കല്പണിയും കുമ്മായം കൂട്ടുകയും തടിവെട്ടും സിമിൻറിടീലും മരപ്പണിയും മറ്റും തുടങ്ങിയപ്പോൾ അവർ അത്ഭുതപ്പെട്ടുതുടങ്ങി. മാത്രവുമല്ല കുശിനിയും കുളിമുറിയും അതിനോടനുബന്ധമായി നിത്യാവശ്യത്തിനുവേണ്ട മറ്റു ചില മുറികളും വളരെ മനോഹരമായി സിമിൻറും ചൈനായും, കഴലുകളും മറ്റും ഉപയോഗിച്ച് പണിയുന്നതു കണ്ടപ്പോൾ അയൽ പ്രദേശത്തുള്ളവരുടെ ജിജ്ഞാസ അത്യുച്ചയിലെത്തി. ''ഇതെന്തിനാണപ്പടാ''? എന്നായി ചോദ്യം. ഇത്ര ബലിഷ്ഠവും, മനോഹരവുമായ ടാങ്കുകളും, പൈപ്പുകളും, കോൺക്രീറ്റ് പണിയും മറ്റും എന്തിനാണെന്നും അതെങ്ങനെ ഉപയോഗിക്കുന്നു എന്നും മറ്റും കണ്ടറിയുന്നതിനു് അവർ എന്നുംതന്നെ സന്ദർശനമാരംഭിച്ചു. അവരുടെ അടങ്ങാത്ത ജിജ്ഞാസയെ സ്നേഹപൂർവ്വം ശമിപ്പിക്കുന്നതിനും കുറേനാൾ വേണ്ടിവന്നു.

ബനഡിക്ടനിസം:–

ആധുനികയുഗം ''ഇസ്സു''ങ്ങളുടെ കാലമാണല്ലൊ. 'Ora et Labora' വേലയും പ്രാർത്ഥനയും എന്നതാണു് ബനഡിക്ടൻ മുദ്രാവാക്യം. അതെ! ''നിന്റെ നെറ്റിയിലെ വിയർപ്പാലെ നീ അപ്പം ഭക്ഷിക്കുക'' എന്നു് നമ്മുടെ ആദിപിതാവായ ആദത്തിനോടു് ദൈവം അരുളിച്ചെയ്തതു് ഇന്നും ബനഡിക്ടൻസഭക്കാർ അക്ഷരാർത്ഥം പരിപാലിക്കുന്നു.

പ്രാർത്ഥനയ്ക്കൊഴിച്ചുള്ള സമയം മുഴുവൻ അവർ വേലക്കായി പൂന്തോട്ടം, പച്ചക്കറിത്തോട്ടം, കാലിത്തൊഴുത്തു് എന്നിവിടെയും, കോഴിവളർത്തൽ, നാടൻകൃഷികൾ, ഗ്രന്ഥരചനം, സ്റ്റാമ്പുശേഖരണം, ലേഖനമെഴുത്തു്, വിദ്യാഭ്യാസം, ധ്യാനപ്രസംഗങ്ങൾ, മിഷ്യൻ പ്രവർത്തനം, ബുക്കു് ബയൻറിംഗ് എന്നിത്യാദികളിലും ചിലവഴിക്കുന്നു. പഠനത്തിനും പാരായണത്തിനും പ്രത്യേകസമയം ക്രിഷ്ടപ്പെടുത്തിയിട്ടുണ്ടു്.

ആധുനികലോകത്തിലെ പേരെടുത്ത എഴുത്തുകാരിൽ പലരും ബനഡിക്ടൻ സന്യാസികളാണു്.

കീർത്തികേട്ട പല പ്രാസംഗികരും ധ്യാനഗുരുക്കന്മാരും അവരിലുണ്ടു്. ഇത്തരത്തിലുള്ള എല്ലാ തുറകളിലും സിൽവെസ്ട്രോ ബനഡിക്ടൻസു് ജാഗരൂകരായിക്കഴിയുന്നു. ഇതിനാണു് ഞങ്ങൾ ''ബനഡിക്ടനീസ്സം'' എന്ന വിവക്ഷനൽകിയിരിക്കുന്നതു്. പ്രാർത്ഥനയും പ്രവൃത്തിയും മുഖേന ആത്മാക്കളെ വിശുദ്ധിയിലേക്കും, പുണ്യസാംഗോപാംഗത്തിലേക്കു. ഉയർത്തുന്നു.

പുരോഗമനം

1962 മാർച്ചു് 19–ാംതീയതിയാണു് ഈ പുതിയ സ്ഥലത്തു പ്രവേശിച്ചതു്. അന്നാണല്ലൊ തിരുസഭാമാതാവു് വേലക്കാരുടെ മദ്ധ്യസ്ഥനും, തിരുകുടുംബനാഥനും, സന്യാസജീവിതക്കാരുടെ മാർഗ്ഗദർശിയുമായ വി. യൗസേപ്പിന്റെ തിരുനാൾ ആഘോഷിക്കുന്നതു്. യാദൃശ്ചികമായിരുന്നെങ്കിലും ഞങ്ങളുടെ ആ കാൽവെപ്പു് ദൈവപരിപാലനയുടെ ഒരു പ്രത്യക്ഷ

പരസ്യം

കേരള കത്തോലിക്കാ സമുദായം കുറെ മാസങ്ങളായി സാമൂഹ്യവും, മതപരവും, രാഷ്ട്രീയവുമായ രംഗങ്ങളിൽ നിരവധി ഞെരുക്കങ്ങളും അവശതകളും അനുഭവിക്കുന്നുണ്ടെന്നും, സമുദായം സംഘടിതമായ ശക്തി ആർജ്ജിക്കാത്തപക്ഷം സമുദായത്തിന്റെ ഭാവി അപകടത്തിലാകുമെന്നും ഇതിനകം പലരും വ്യക്തമാക്കിയിട്ടുണ്ടു്. 1965 ഫെബ്രുവരിയിൽ കേരളത്തിൽ പൊതുതിരഞ്ഞെടുപ്പു് നടന്നേക്കാം. ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുകളുമായി ചില ധാരണകളും ഉണ്ടാകുമെന്നും കത്തോലിക്കരെ രാഷ്ട്രീയമായി നിർവ്വീര്യമാക്കുമെന്നും റിപ്പോർട്ടുകളുണ്ടു്.

കത്തോലിക്കാ സമുദായത്തിന്റേയും രാജ്യത്തിന്റേയും ഉത്തമതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിലേക്കു് പ്രായോഗികപരിപാടികൾ സ്വീകരിക്കേണ്ടതാണെന്നു വിശ്വസിക്കുന്നവർ, അവരുടെ നിർദ്ദേശങ്ങളും മേൽവിലാസവും ഈ പരസ്യത്തിൽ ചേർത്തിരിക്കുന്ന വിലാസത്തിൽ അയച്ചുതന്നാൽ കെ. കോ. വ. കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി കോട്ടയം, എറണാകുളം, കോഴിക്കോടു്, തുടങ്ങിയ ഏതാനും കേന്ദ്രങ്ങളിൽ യോഗങ്ങൾ വിളിച്ചുകൂട്ടാവുന്നതാണു്.

ജനറൽ സെക്രട്ടറി
എ. കെ. സി. സി.
നാഗമ്പടം, കോട്ടയം.

സ്നേഹവും കാരുണ്യവും

— മാത്യു ജെ മളയ്ക്കൽ —

സർവ്വസൃഷ്ടികളേയുമൊന്നുപോൽ സ്നേഹിച്ചൊരു
പൂർവ്വപുണ്യവാനല്ലോ ഫ്രാൻസീസാകുമസീസ്സി
ജീവകാരുണ്യംമൂലം ജീവികളാകമാനം
ജീവനിൽ കൊതിപൂണ്ടു വന്നു തന്നന്തികത്തിൽ
കാട്ടിൽനിന്നായിരിക്കും വന്നൊരു വേട്ടക്കാരൻ
കാട്ടുപ്രാവുകളുമായ്, ചന്തയിൽ വില്പുവാനായ്
കണ്ടമാത്രയിൽത്തന്നെ കിട്ടിയാൽ കൊള്ളാമെന്നായ്
പണ്ഡിതവര്യനാകും നമ്മുടെ നായകനു
സമ്മോദാൽ സമ്മാനിച്ച കാട്ടുപ്രാവുകളുമായ്
സദ്രിസം സംഭാഷിച്ച ജീവകാരുണ്യത്തോടെ
''ഹാ, സഹോദരികളെ, നിങ്ങളെ പിടിക്കുവാൻ
ഹാസ്യമല്ലെന്നാകിലുമെന്തിനിന്നിടം നൽകി''
സുന്ദരവിഹായസ്സിൽ മന്ദമായ് പറക്കുവാൻ
സന്തോഷത്തോടുകൂടി വിട്ടയച്ചനന്തരം
മറെറാരു സന്ദർഭത്തിൽ വഞ്ചിയാത്രയിലൊരു
മത്സ്യത്തെസമ്മാനിച്ച മുക്കുവനസീസ്സിക്കു്
മെഴുപ്പും കൊഴുപ്പുമുള്ളാക്കരിമീനും കൂട്ടി
മുഴുവീര്യത്തോടന്നൊന്നുണ്ണുവാൻ വേണ്ടിമാത്രം
പക്ഷേ,യാപുണ്യശ്രേഷ്ഠൻ ചെയ്തതെന്തായിരുന്നു?
തൽക്ഷണം 'സഹോദരാ'യെന്നൊന്നു വിളിച്ചിട്ട
തലോടി മോദത്തോടെ മത്സ്യത്തെ മന്ദംമന്ദം
തടാകത്തിലേയ്ക്കുടൻ വിട്ടുതാൻ വിസ്മയമേ!
തന്നുടെ കൃതജ്ഞത കാണിക്കുവാനെന്നോണം
തത്തിക്കളിച്ച മത്സ്യം വഞ്ചിതന്നു പാന്തത്തിൽ
നോക്കുകാ കാരുണ്യത്തിൻ പാരമ്യം! പാവനത്വം!
നോക്കുകാസ്നേഹസീമ നിസ്തുലം! നിർലേഖിതം!
കാരുണ്യദീപനാളം നിർലജ്ജം നിർഹേതുകം
ലോകമായണയ്ക്കുവാൻ പോരുന്ന മാനുഷ്യ
മാതൃകാപുരുഷനായ് ജീവിച്ച മഹാത്മാവേ
മാമകാത്മാവിലുള്ളേ കാരുണ്യം ചൊരിയണേ
അങ്ങയേപ്പോലുള്ളോരീക്കാലത്തു ജീവിച്ചെങ്കിൽ
മങ്ങാത്തതേജസ്സോടെ മായാതെ ലസിച്ചെങ്കിൽ
കാരുണ്യസ്നേഹാദികം മാനവഹൃത്തടത്തിൽ
പാരിനെനാകമാക്കാൻ പേമാരി പെയ്യിക്കണം
മർത്ത്യനേ നിൻ ചേതസ്സു സ്നേഹത്താൽ ജ്വലിപ്പിക്കു
മുഗ്ദ്ധമായ് പ്രകാശിക്കും കാരുണ്യപ്രവൃതികളും
ഞാനിഷ്ടപ്പെടുന്നില്ല സ്നേഹവും കാരുണ്യവും
മാനിക്കാതിരിക്കുന്ന മാനവകീടങ്ങളെ.

പ്രകടനമായിരുന്നുവെന്നു് പിന്നാലെ കാണാവുന്നതാണു്. ഏതുദാരാ ഞങ്ങളുടെ ഈ ശാഖയ്ക്കു് ''സെൻറു് ജോസഫ്സ് മോണാസ്ട്രി'' എന്നു് നാമധേയം നൽകി.

ഇതിനകം കേരളത്തിലെ വർഷകാലം കോപിച്ചുതുടങ്ങി. എങ്കിലും ദൈവാനുഗ്രഹമെന്നേ പറയേണ്ടതു അപ്രതീക്ഷിതമായി ചിലർ ഞങ്ങളുടെ സഹായത്തിനോടിയെത്തുകയാൽ മഴയ്ക്കിടയ്ക്കു് തറയും ഭിത്തിയും കെട്ടി ചിലാന്തിയുംവച്ചു് ഒരു ഷെഡ് നിർബാധം തീർക്കുന്നതിനു സാധിച്ചു. ഇന്നു കാണുന്നനിലയിൽ അടവാക്കിയെടുക്കുന്നതിനു് ഒരു കൊല്ലക്കാലം വേണ്ടിവന്നു.

അങ്ങനെ ഒരു ഷെഡ്ഡിനകത്തു് ആശ്രമം ആസ്ഥാനമുറപ്പിച്ചു. പിന്നെ ജീവിതസന്ധാരണത്തിനാവശ്യമായ കൃഷികാര്യങ്ങളിലേക്കാണു് ശ്രദ്ധ പതിച്ചതു്. കാടും കാട്ടുപന്നിയും കടുവായും മുള്ളനും മുയലും എലിയും പുലിയുമായിക്കിടന്ന കാടുവെട്ടി ചുട്ടുകരിച്ചു് ചുറ്റും മുള്ളുകമ്പിയുമടിച്ചു് കപ്പയും ചേനയും വാഴയും പച്ചക്കറികളും കൃഷിചെയ്തു. നല്ല വിളവും ലഭിച്ചു. വന്യമൃഗങ്ങളുടെ ശല്യം അവണ്ണനീയമായിരുന്നെങ്കിലുംഞങ്ങൾക്കു് അവയുടെ ഉപദ്രവം, അത്ര സാരമായി സഹിക്കേണ്ടി വന്നില്ല.

മേൽപ്പറഞ്ഞ ഷെഡ്ഡു് കാലക്രമേണ ഒരു സ്കൂളായി മാറി. ഞങ്ങളുടെകൂടെ ചേരുന്നതിനു് അനേകം അപേക്ഷകരും ലഭിച്ചുവെങ്കിലും എല്ലാവരേയും സ്വീകരിക്കുന്നതിനു് സാഹചര്യം അനുവദനീയമായിരുന്നില്ല. സൗകര്യം അനുവദിച്ചിടത്തോളം കുട്ടികളെ സ്വീകരിച്ചു. 3—ാം ഫാറംവരെയെങ്കിലും പാസ്സായ കുട്ടികളെ ഞങ്ങളും സ്വീകരിക്കുന്നുണ്ടു്. ഇംഗ്ലീഷ് മീഡിയത്തിലാണു് ക്ലാസ്സുകളും നടത്തുന്നതു്.

ഇന്നത്തെ നില

ദൈവാനുഗ്രഹത്താലും വി. യൗസേപ്പിന്റെ പ്രത്യേക മദ്ധ്യസ്ഥതയാലും, ഇപ്പോൾ ഞങ്ങൾക്കു് വേണ്ടത്ര താമസസൗകര്യങ്ങളും ഉണ്ടായി. ഇനിയുടനടി തീരേണ്ടതു് നമ്മുടെ ദിവ്യനാഥനനുയോജ്യമായ ഒരു ചാപ്പൽ ആണു്: അതും താമസിയാതെയുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഈ രണ്ടുകൊല്ലത്തിനുള്ളിൽ കൃഷിയും കെട്ടിടവും ഒന്നുപോലെ വളർന്നുകൊണ്ടിരുന്നു.

1962 ഓഗസ്റ്റ് 15—ാംതീയതി പുതിയ ആശ്രമക്കെട്ടിടത്തിന്റെ അടിസ്ഥാനക്കല്ലിട്ടു. അതിന്റെ ഏതാനും ഭാഗം തീർന്നു, അവിടെ കയറിപ്പാർക്കുകയും ചെയ്തു. ബാക്കിഭാഗം അടുത്ത പഞ്ചവത്സ

രപദ്ധതിയിൽത്തീരുമെന്നാശിക്കുന്നു.

ഇപ്പോൾ ഇവിടെ 6 വൈദികരും 1 തുണസഹോദരനും, ഠനോവീസസ്സും, 40 ഓളം അന്തേവാസികളും ഉണ്ട്.

ഭാവിപരിപാടി

ലോകത്തിന്റെ നാനാഭാഗത്തും അകത്തോലിക്കരുടെ മാനസാന്തരത്തിനുവേണ്ടി അശ്രാന്തപരിശ്രമം ചെയ്യുന്ന ഞങ്ങളുടെ ഇതര സഹോദരങ്ങളെപ്പോലെ ഇൻഡ്യയിൽ മറെറവിടെയെങ്കിലും മിഷ്യൻ പ്രവർത്തനം ആരംഭിക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ആയതിലേക്ക് ഇപ്പോൾതന്നെ സന്യാസാർത്ഥികൾക്ക് വേണ്ട പരിശീലനം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു.

അങ്ങനെ യൂറോപ്പിലും അമേരിക്കയിലും ആസ്ത്രേലിയായിലും സിലോണിലും കത്തോലിക്കാസഭയുടെ മാറണിപ്പതക്കമായി ശോഭിക്കുന്ന ബനഡിക്ടൻസഭ നമ്മുടെ മാതൃഭൂമിക്കും ഒരു വിശിഷ്ടഭൂഷണമാക്കിത്തീർക്കണമെന്നുള്ള മഹനീയോദ്ദേശത്തോടെയാണ് ഈ സംരംഭം. ആയതിലേക്ക് കേരളകത്തോലിക്കരുടെ ഉദാരമായ സഹായസഹകരണങ്ങളും അവശ്യാവശ്യമാണ്. അനുസ്യൂതമായ പ്രാർത്ഥനയും ഉദാരമായ ധനസഹായവും സർവ്വോപരി നല്ല ദൈവവിളികളും അത്യന്താപേക്ഷിതമത്രെ.

ആകയാൽ ബനഡിക്ടൻ സന്യാസികളായി ഭാരതത്തിൽ വേലചെയ്വാൻ അഭിലഷിക്കുന്ന ബാലകരേയും വിദ്യാസമ്പന്നരായ യുവാക്കന്മാരേയും ഞങ്ങൾ സാദരം ക്ഷണിക്കുന്നു. ദൈവവിളിയും സന്നദ്ധതയും സന്മനസ്സും ഉള്ള യുവത്തിടമ്പുകൾ മുന്നോട്ട വരട്ടെ. അവർക്ക് മൂന്നു ഗുണങ്ങൾ ഉണ്ടായിരുന്നാൽ മാത്രം മതി. Sanctity, Sanity, Science-നല്ല സ്വഭാവം, ആരോഗ്യം, പഠനസാമർത്ഥ്യം.

ഇങ്ങനെ ഞങ്ങൾ സ്വീകരിക്കുന്ന വൈദികവിദ്യാർത്ഥികളുടെ അദ്ധ്യയനത്തിന് സഹായിക്കുവാൻ നന്മനസ്സുള്ള ഔദാര്യമനസ്കരായ ഗുണകാംക്ഷികളേയും ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

കത്തോലിക്കാകോൺഗ്രസ് ശക്തിപ്പെടുത്തുവാൻ

(അഗസ്റ്റിൻ കുന്നേൽ)

ജൂൺ10–ാംനു-ബുധനാഴ്ചത്തെ ദീപികയിൽ ശ്രീ അപ്പി പാറേക്കാട്ട്, ''കേരളത്തിൽകത്തോലിക്കനുണ്ടോ?'' എന്ന ശീർഷകത്തിൽ എഴുതിയിരുന്ന ലേഖനം കത്തോലിക്കരെ ഇരുത്തി ചിന്തിപ്പിക്കുന്ന ഒന്നാണ്. ''ക്രിസ്ത്യാനി'' എന്നു പറയുന്നതൊരഭിമാനക്ഷതമായി കരുതുന്ന കത്തോലിക്കരാണധികവും. അല്ലാതെ ക്രിസ്തുവിനെ യാഥാർത്ഥമായി അനുകരിച്ച് ആകാലടികളെ പിന്തുടരുന്നവർ അംഗുലീപരിമിതമാണ്. ഉറങ്ങിക്കഴിഞ്ഞ ആദ്ധ്യാത്മിക ചൈതന്യത്തെ തട്ടിയുണർത്താതെ നമ്മുടെ സമുദായത്തിനു് ഇന്നത്തെ നിലപാടിൽനിന്നും യാതൊരു വ്യത്യാസവും വരുവാൻപോകുന്നില്ല. കേരളത്തിൽ കത്തോലിക്കർ ജീവനേക്കാൾ കാര്യമായി കരുതുന്ന വി. കുർബാനയും പള്ളിയും നശിപ്പിയ്ക്കപ്പെടുമ്പോൾ—അവഹേളിയ്ക്കപ്പെടുമ്പോൾ—വിശ്വാസികളായ കത്തോലിക്കർ ഹൃദയം നൊന്തു വേദനിക്കുമ്പോൾ—നാടൊട്ടുക്കു പരിഹാരപ്രദക്ഷിണവും പ്രതിഷേധയോഗങ്ങളും നടത്തപ്പെടുമ്പോൾ ഒരു വിഭാഗം കത്തോലിക്കർ ഇതുകണ്ടു ചിരിക്കുന്നില്ലേ? അവർ നമ്മേ പരിഹസിക്കുന്നില്ലേ? അവരാണു സമുദായദ്രോഹികൾ. ക്രിസ്തുനാഥനെ 30 വെള്ളിക്കാശിനു വേണ്ടി ഒറ്റിക്കൊടുത്ത, അവിടത്തെ 12 ശിഷ്യന്മാരിൽ ഒരുവനായിരുന്ന യൂദാസിന്റെ പിൻഗാമികളാണവർ! അവരുടെ കഴിവുകൾ സമുദായത്തിനു നേരേ പ്രയോഗിക്കപ്പെട്ടാൽ. സമുദായത്തെ ഒറ്റിക്കൊടുക്കാനവർ മടിക്കില്ലാ; ഈ പ്രതിസന്ധിഘട്ടത്തിലായിരുന്നു കേരളകത്തോലിക്കാ സമുദായം നേരിടുന്നതു്. ഇതിൽ നാം പരാജയപ്പെടാതെ പൂർവ്വോപരിശക്തിയാർജ്ജിച്ചു മുന്നേറണം! കത്തോലിക്കാസഭ അതിന്റെ രണ്ടായിരത്തിൽപരം വർഷത്തെ ചരിത്രത്തിനിടയിൽ വിവിധതരത്തിലുള്ള പീഡനങ്ങൾ അനുഭവിച്ചിട്ടുണ്ട്. എന്നാലും ഒരു ജനാധിപത്യവ്യവസ്ഥിതിയും മതേതരസ്വാതന്ത്ര്യവുമുള്ള കേരളത്തിൽ 22—ഓളം കത്തോലിക്കാ ദേവാലയങ്ങൾ ആക്രമിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇത്തരം ഒരനുഭവം ആദ്യമായിട്ടാണു സഭ നേരിടുന്നതു്. അതേ! കേരളകത്തോലിക്കരുടെ വിശ്വാസം പരീക്ഷിയ്ക്കപ്പെടുന്നു. അതിനാൽ കേരളകത്തോലിക്കർ ഉണർന്നു് ഈ ദുഃപ്രവർത്തനങ്ങൾക്കു പരിഹാരം കാണണം. പ്രായശ്ചിത്തം ചെയ്യണം. എങ്കിൽ ബാക്കികാര്യങ്ങൾ നന്നായി മുന്നോട്ടു നീങ്ങിക്കൊള്ളും.

സംഘടനയുടെ ആവശ്യം

കേരളകത്തോലിക്കരുടെ ഔദ്യോഗികസംഘടനയാണു് അഖിലകേരളകത്തോലിക്കാ കോൺഗ്രസ്സ്. എന്താണീ സംഘടന വളരാത്തതു്?. ലക്ഷക്കണക്കിനു കേരളകത്തോലിക്കരെ പ്രതിനിധീകരിക്കുന്ന ഈ സംഘടനയിലെ അംഗസംഖ്യ വെളിപ്പെടുത്തുവാൻ ലജ്ജയാവുന്നു. ഇതിനു ഞാനും നിങ്ങളും ഉത്തരവാദികളാണു്. ഞാനൊന്നു മറിഞ്ഞിരുന്നില്ലെന്ന മട്ടിൽ എല്ലാവരും കൈകഴുകിയാൽ പിന്നെങ്ങനെ സംഘടന വളരും? ഒരു സംഘടനയില്ലാതെ കേരളകത്തോലിക്കർ നിവർന്നു നില്ക്കുവാൻ

N. B. 1) വി. ബനഡിക്ടോസിന്റെ കാഷ്ഠരൂപമോ, ലഘുലേഖയോ വേണമെന്നുള്ളവർ, 15 പൈസാ സ്റ്റാമ്പുസഹിതം താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.

2) വി. ബനഡിക്ടിന്റെയും, ഞങ്ങളുടെ സഭയുടെയും സംക്ഷിപ്തചരിത്രം തയ്യാറായിവരുന്നു. അപേക്ഷകർക്ക് ഫ്രീ ആയി നൽകുന്നതാണു്.

Very Rev. Fr. Superior
Benedictine Monastery
Tondarnad P. O.
N. Wynad Kerala

മാത്തപ്പന്റെ മാനസാന്തരം

'മാതാവിന്റെ മാസവണക്കം' എന്ന പുസ്തകത്തിലെ ഒരു ദൃഷ്ടാന്തത്തെ ആസ്പദമാക്കി രചിച്ചതു്

പെല്ലൂസ് തെക്കത്തു്

രംഗം 1

(മാത്തപ്പന്റെ വീടു്. സമയം സന്ധ്യ. മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ മാത്തപ്പന്റെ ഭാര്യയും കുഞ്ഞുങ്ങളും മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കുന്നു. മൂക്കറ്റം മദ്യപിച്ച നിലയിൽ മാത്തപ്പൻ വേച്ചു വേച്ചു് പ്രവേശിക്കുന്നു).

മാത്തപ്പൻ:— (ഉറക്കെ) ''എടീ, കുഞ്ഞാളിച്ചി, നിന്റെ ഈ വേഷംകെട്ടു് നിർത്താനാണു പറഞ്ഞതു്. അമ്പടി കേമീ! അതുക്കായോ? ഇതു നേരത്തെ ഈവക ഇടപാടൊന്നും ഇവിടെ പാടില്ലെന്നു പറഞ്ഞിട്ടില്ലേ?''

(മാത്തപ്പന്റെ ഭാര്യയും കുഞ്ഞുങ്ങളും പരിഭ്രാന്തരായി വാതിൽപ്പാളികൾക്കിടയിൽ മറയുന്നു. മാത്തപ്പൻ അലക്ഷ്യമായി കയറുകട്ടിലിൽ ചെന്നു വീഴുന്നു.)

മാത്തപ്പൻ:— ''എടീ! ആ കാശത്തിലെപ്പോലെ ഭൂമിയിലുമാകണമെന്നു എത്ര ദിവസമായി നീ പ്രാർത്ഥിക്കാൻ തുടങ്ങിയിട്ടു്! എന്നിട്ടു ഇതുവരെ എവിടെയെങ്കിലും ശരിപ്പെട്ടോ?''

കുഞ്ഞാ:— (അസഹ്യ ഭാവത്തിൽ ചെവി പൊത്തിപ്പിടിച്ചിട്ടു്) ''എന്റെ മാതാവേ! എന്തൊക്കെ ദൈവദൂഷണമാണു ഈ പറഞ്ഞതു്? കള്ളു കുടിച്ചിട്ടുണ്ടെങ്കിൽ, വയറ്റിൽ കിടന്നാൽപ്പോരേ? ദൈവദൂഷണം പറഞ്ഞു കുടുംബശാപം വരുത്തിവെക്കണോ?''

മാത്തപ്പൻ:— ''നമ്മുടെ കർത്താവീശോ മിശിഹാ വേദപുസ്തകത്തിലെന്താണു പറഞ്ഞിട്ടുള്ളതു്?''

കുഞ്ഞ:— ''ചെകുത്താൻ വേദം പ്രസംഗിക്കുന്നുവെന്നു പറഞ്ഞതുപോലെയാണല്ലോ നിങ്ങളുടെ ഒരു പറച്ചിലു്?''

മാത്ത:— ''എടീ കാനായിലെ കല്യാണത്തിന്റെ അന്നു കർത്താവു് വെള്ളം വീഞ്ഞാക്കിയതിന്റെ പൊരുൾ എന്താണെന്നറിയോ നിനക്കു്?''

കുഞ്ഞ:— ''ഇല്ല''

മാത്ത:— ''എങ്കിൽ അതൊന്നു പോയി അന്വേഷിക്കു്! കള്ളു കുടിക്കുന്നതിലല്ല തകരാറു്! ഹൃദയം നന്നാവണം! അതാണു കാര്യം.''

കുഞ്ഞ:— ''അതുംപറഞ്ഞോണ്ടിരുന്നാൽ മതി പള്ളിയിലും പോകണ്ട. കുമ്പസാരിക്കേം വേണ്ട. നല്ല സുഖവഴി!!!''

മാത്ത:— ''എടീ ആളെ ബോധിപ്പിക്കാൽ ദിവസോം, ദിവസോം പള്ളിയിൽ പോണ നമ്മുടെ മൊതലാളിമാരൊക്കെ ഒടലോടെ മോഷത്തിൽ ക്കേറും. കാണാലോ അതിന്റെ ഒരു പൂരം! ഇവന്മാരൊക്കെ സൂചിക്കുമ്പിനി തൊടങ്ങാൻ പരക്കം പാഞ്ഞു നടക്കുവാ. നിനക്കറിയാമോ അതിന്റെ ''ഗ്രൂട്ടൻസു്?''

കുഞ്ഞ:—സൂചിക്കുമ്പനിയോ? എന്തിനാണു സൂചിക്കുമ്പനി?''

മാത്ത:—''കുഴ ഒരുപാടു വലുപ്പമുള്ള സൂചി ഒണ്ടാക്കിയാലേ രക്ഷയുള്ളു.''

കുഞ്ഞാ;— ''സൂചി കൊണ്ടു എന്തെടുക്കാനാണു്?''

മാത്ത:— ''മുതലാളിമാരു സ്വർഗ്ഗത്തിൽ കടക്കുന്നതിലും എളുപ്പമാണു ഒട്ടകം സൂചിക്കുഴയിൽക്കൂടി കടക്കണതു്. എന്നൊരു കാച്ചുകാച്ചിയിട്ടുണ്ടു് തമ്പുരാൻകർത്താവു്.''

കുഞ്ഞാ:— ''അതിനു് എന്തിനാണു സൂചി?''

മാത്ത:—''സൂചിയുടെ കുഴ തെല്ലു വലുതാക്കിയെടുത്താലു് പിന്നെ പിശകില്ലല്ലോ എന്നു്. സൂത്രം മനസ്സിലായോ?''

കുഞ്ഞാ:—(പൊരുൾ മനസ്സിലാക്കിയമട്ടിൽ) ''ഹതു ശരി. പക്ഷെ അതൊക്കെപ്പറഞ്ഞതുകൊണ്ടു നമുക്കു ഒരു രക്ഷയും ഇല്ല. കല്യാണക്കെട്ടിന്റെ അന്നു കുമ്പസാരിച്ചതല്ലേ നിങ്ങളു്? ഇരുപത്തെട്ടു കൊല്ലം കഴിഞ്ഞില്ലേ നമ്മുടെ കല്യാണം കഴിഞ്ഞിട്ടു്?''

മാത്ത:—''എടീ! നിനക്കു ഈ ഭൂമി—മലയാളത്തിലെ എന്തെങ്കിലും രാഷ്ട്രീയം'' അറിയാമോ?''

കുഞ്ഞാ:—''എനിക്കു ഒന്നും അറിഞ്ഞുകൂടാ. നിങ്ങളെങ്കിലും ഉണ്ടല്ലോ എല്ലാം അറിയുന്നവനായിട്ട്?''

എടീ:—''പുരോഗമനസാഹിത്യവും പേയ്പ്പറുകടലാസും മൊടങ്ങാതെ വാങ്ങിക്കണം.''

കുഞ്ഞാ:— അടുക്കളയിലെ ജോലിയൊഴിഞ്ഞിട്ടു നേരം കിട്ടണ്ടേ?''

മാത്തപ്പൻ:— ''പിന്നെ എങ്ങനെ ഗ്രണംപിടിക്കും?''

കുഞ്ഞാ:—നിങ്ങളുടെ മാതിരിയിലുള്ള അറിവ് തെല്ലു കുറച്ചായാലും മതി.''

മാത്ത;— ''എടീ! പുരോഗമനസാഹിത്യം വായിക്കാത്തവൻ തനി മാടാണ്! അറിയാമോ?''

കുഞ്ഞാ:— ''കമ്പസാരോം കർബ്ബാനേം വേണ്ടെന്നാണോ അവരൊക്കെപ്പറയുന്നതു?''

മാത്ത:—അതൊക്കെ എടുത്തുകളയാറായിയെന്നു അവരു പറഞ്ഞിട്ടുവേണോ? എടീ! ലോകത്തിലുള്ള എല്ലാറ്റിനും വേണം പുരോഗമനം! തറവാട്ടിൽ പൊട്ടിയ അസ്ഥിബലമുള്ള ചെറുപ്പക്കാരുണ്ട് ഞങ്ങളുടെ സംഘടനയിൽ!!!''

കുഞ്ഞാ:—(അസഹ്യമായി ചെവിപൊത്തിപ്പിടിച്ചിട്ട്)

''നില്ക്കുണ ഭ്രമിയും കൂടി നിലത്തേയ്ക്കു താണുപോകുമല്ലോ ഇത്തരം ആറ്റം ബോംബുപൊട്ടിച്ചാലു!!!''

മാത്ത;— ''അതാണു പറഞ്ഞതു നീ ഒരു ''കൺട്രഗ്രസ്'' ആണെന്നു! ആറ്റോംബോംബിന്റെ പണ്ടത്തെ മൂച്ചൊക്കെപ്പോയി. ഇപ്പോഴം സിനിമകളിക്കുന്നതും, പിള്ളേരു പടക്കംപൊട്ടിക്കുന്നതുംകൂടി ആറ്റംബോംബല്ലേ???''

കുഞ്ഞാ:—''കാലം പോയ പോക്കു! എന്റെ മാതാവേ! ഇതൊന്നും കാണാണ്ടും കേക്കാണ്ടും എന്നെ അങ്ങോട്ടെടുത്തേക്കണേ!!!''

മാത്ത:— ''എടീ! വെലയില്ലാത്ത വത്തമാനം മാതാവിനോടുപറഞ്ഞേക്കല്ലേ!!! നിന്നെ എടുക്കണമെങ്കിൽ എന്നോടു പറഞ്ഞാൽപ്പോരേ? എനിക്കറിയാമല്ലോ അതിനുള്ള വിദ്യയൊക്കെ!'' (ഉറക്കെ) ''എടീ! കൊച്ചുത്രേസ്യേ? നീ ഇന്നു വേദപദേശം പഠിക്കാൻപോയെന്നു കേട്ടല്ലോ. നേരാണോ അതു ? എല്ലാറ്റിനെയും ഞാൻ സൂപ്പുവയ്ക്കും പറഞ്ഞേക്കാം! അങ്ങനെ കുരുത്തദോഷക്കേടൊന്നും ഈ കുടുംബത്തു വേണ്ട. ഇതൊരു നസ്രസ്സ് ഭവനമാണടീ; അറിയാമോ?''

(പുറത്തു ആരോ വിളിക്കുന്ന സ്വരം കേൾക്കുന്ന മാത്തപ്പന്റെ അയൽവാസിയായ ചുമ്മാർ പ്രവേശിക്കുന്നു.)

ചുമ്മാർ:— (സുസ്മേരവദനനായി) ''എന്താണ മാത്തപ്പൻചേട്ടാ ഇവിടെ ചെറിയ ഒരു അരക്ഷിതം?''

മാത്ത;—''എടാ ചുമ്മാരേ! ഇവള ഒരു തനി കൺടിയാണെടാ. കർബ്ബാനേം കുമ്പസാരോം കാലഹരണം വന്നുവെന്നു ഞാൻ; ഇല്ലെന്നു ഇവള്!!!''

ചുമ്മാർ:— ''അതാണല്ലേ പ്രശ്നം?''

മാത്ത:—''നീ വന്നതു ഏതായാലും നന്നായി. നിന്റെ വിലയേറിയ അഭിപ്രായവുംകൂടി അറിയാമല്ലോ.''

ചുമ്മാ:—''എന്റെ അഭിപ്രായം തുറന്നുപറഞ്ഞാലു മാത്തപ്പൻചേട്ടനു എന്നോടു വിരോധം തോന്നുമൊ?''

മാത്ത:— ''നമ്മളു അയൽക്കാരല്ലേ? എനിക്കു നിന്നോടെന്താണടാ ഒരു വിരോധം?''

ചുമ്മാർ:—''ഞാൻ വന്ന കാര്യം പറയട്ടെ ആദ്യം. ഞങ്ങളുടെ അമ്മിണിക്കുട്ടിക്കു ആദ്യകുർബാന കൈക്കൊള്ളുവാനുള്ള നെറവും പാവാടേം ഒക്കെ എടുക്കാൻ തൃശ്ശൂക്കു പോകുന്നുണ്ട്. ഇവിടത്തെ കൊച്ചുത്രേസ്യക്കു പുതിയ തുണിത്തരമൊക്കെ വേണമെന്നു നിന്റെ ചേടത്ത്യാരു എന്റെ കെട്ടിയവളോടു ഇന്നലെ പറഞ്ഞാർന്നു.''

കുഞ്ഞാളി:— ''നല്ല ശുഭമുഹൂർത്തത്തിലാണു ചുമ്മാരിന്റെ വരവു'!!!''

മാത്ത:— .''എടീ. മാലാഖയേപ്പോലെയിരിക്കുന്ന എന്റെ കൊച്ചിനെ കുമ്പസാരിപ്പിക്കാൻമാത്രം എന്തു കടുംകൈയാണവം ചെയ്തതെന്നു അറിയട്ടെ; ആദ്യം.''

ചുമ്മാ;—''വല്യ വല്യ പുണ്യാളന്മാരും ശുദ്ധമാർപ്പാപ്പാ അച്ചനും കൂടെക്കൂടെ കുമ്പസാരിക്കുന്നതു പാപംചെയ്തിട്ടാണോ?''

മാത്ത:— ''അതിനു ഞാനും എന്റെ കുട്ടികളും എന്തു പിഴച്ചു?''

കുഞ്ഞാ:—''ചുമ്മാരു ഇപ്പോം പെയ്യോ. നാളെ രാവിലെ സംസാരിക്കാം നമുക്കു.''

മാത്ത:— ''എടാ ചുമ്മാരു പോകാൻ വരട്ടെ- ഇവള പറയുന്നതൊന്നും നീ അനുസരിക്കണ്ട കേട്ടോ ഈഴവരു മാർക്കംകൂടിയതാണു ഇവരു വർഗ്ഗം.''

(ചുമ്മാരു പോകുന്നു.)

(കർട്ടൻ)

(തുടരും)

ബോംബെയിലേക്കുള്ള തീർത്ഥാടനം

വിദേശങ്ങളിൽനിന്നുള്ള അപേക്ഷകർ— സ്വദേശികൾക്കും വിദേശികൾക്കുംവേണ്ടി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ

ഇന്ത്യയിലും പുറത്തുമുള്ള ട്രാവൽ ഏജൻസികളിൽ നിന്നു താമസസൗകര്യം ആവശ്യപ്പെട്ടുകൊണ്ട് 6708 അപേക്ഷകൾ ഇതിനകം ബോംബെ കോൺ: കമ്മറ്റിക്കു ലഭിച്ചിരിക്കുന്നു. ഇതിൽ 4605 അപേക്ഷകൾ സ്വീകരിച്ച് വേണ്ട ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞു. വിവിധ എയർലൈൻകാരിൽ നിന്നു 1619 പേരുടെ അപേക്ഷകൾ വേറെയും ഉണ്ട്.

ഫ്ളോട്ടിംഗ് ഹോട്ടൽ

ഇന്ത്യൻ ട്രാവൽ കോർപ്പറേഷൻ പ്രതിനിധികളെ കൊണ്ടുവരുന്നതിനു മുന്നു ലക്ഷ്വറി കപ്പലുകൾ ഏർപ്പാടു ചെയ്തതായി വിവരം ലഭിച്ചിരിക്കുന്നു. മിക്കവാറും ഒരു കപ്പൽകൂടി അവർ ഏർപ്പാടു ചെയ്യേക്കും. നാലു കപ്പലുകളുണ്ടെങ്കിൽ 4000 പേർ ഈ കപ്പലുകളിലായി (ഫ്ളോട്ടിംഗ് ഹോ

വിദ്യാഭ്യാസമുള്ള അമ്മമാർ ഇന്നത്തെ ആവശ്യം

— ജോർജ് വെളിയത്തിൽ —

സമുദായത്തിന്റെ നിലനില്പിലും കെട്ടുറപ്പിലും സ്ത്രീ വഹിക്കുന്ന പങ്ക് ഉന്നതമായിട്ടുള്ളതാ

ട്ടൽ) താമസിക്കാനുണ്ടാവും.

കത്തോലിക്കാ സ്ഥാപനങ്ങളിൽ

ബോംബെയിലും പരിസരങ്ങളിലുമുള്ള കത്തോലിക്കാസ്ഥാപനങ്ങളിലായി വിദേശികളായ 5000 പേർ താമസസൗകര്യം ഏർപ്പാട് ചെയ്തുകഴിഞ്ഞു. സ്വകാര്യ വസതികളിൽ ആയിരം പേർ സ്ഥലം ഏർപ്പാട് ചെയ്തിരിക്കുന്നു. ബോംബെ ഹോട്ടലുകളിൽ 1500 പേർ മുറി ഏർപ്പാട് ചെയ്തിരിക്കുന്നു. ചുരുങ്ങിയതു് 12000–ൽ പരം വിദേശികൾക്കു കൂടിയെങ്കിലും താമസസൗകര്യം ഇനി ഉണ്ടാക്കേണ്ടതായി വരും.

ഇന്ത്യയിൽ നിന്നുതന്നെ വരുന്ന വൈദികർ കന്യാസ്ത്രീകൾ തുടങ്ങിയവരെ കൂടാതെയുള്ള അടങ്കലുകളാണു് ഇതു്.

താമസസൗകര്യം ആഗ്രഹിക്കുന്നവരും അതു ഏർപ്പാട് ചെയ്തിട്ടില്ലാത്തവരും ഇനിയും കാലം വൈകാതെ ചെയർമാൻ സെൻട്രൽ അക്കൊമൊഡേഷൻ കമ്മിറ്റി, യുക്കറിസ്റ്റിക്കു് കോൺ: ഓഫീസ്, 5 കോൺവൻറ് സ്ട്രീറ്റ്, ഫോർട്ട്, ബോംബെ 1. എന്ന വിലാസത്തിൽ എഴുതണം.

ഗോവയിലേയ്ക്കു്

ബോംബെ കോൺഗ്രസ് സംബന്ധിച്ചു് വി. ശൗര്യാരിന്റെ തിരുശരീരപ്രദർശനവും നടത്തുന്നതു മൂലം ഗോവാ സന്ദർശനത്തിനു തീർത്ഥകർ വളരെ ഉണ്ടാവും. ട്രെയിനും കപ്പലും ബസ്സും വഴിയുള്ള സൗകര്യത്തിനു പുറമേ കൂടുതൽ വിമാനസർവ്വീസുകൾക്കും ഏർപ്പാട് ചെയ്യുന്നുണ്ടു്. ആറു ഡക്കോട്ടാകളും എങ്കിലും ഇതിനു പ്രത്യേകമായി ഉണ്ടാവും.

സ്ത്രീ പുരുഷന്മാർ തുല്യരാണു്. ഭാര്യയായും മാതാവായും ഒരോ സ്ത്രീക്കും പലതും സമുദായത്തിൽ പ്രവർത്തിക്കുവാനുണ്ടു്. വളരുന്ന ലോകത്തിന്റെ ചിന്താഗതിയുമായി പൊരുത്തപ്പെടുവാൻ സ്ത്രീക്കു് സാധിക്കണം. എങ്കിലേ ആ ജീവിതം ധന്യമാകൂ. കാരണം അത്രത്തോളം മഹത്തരമായ കൃത്യങ്ങളാണു് അവൾക്കു് നിർവ്വഹിക്കുവാനുള്ളതു്. ലോകത്തിന്റെ നിലനില്പിനാധാരമായ മനുഷ്യവർഗ്ഗത്തിന്റെ 'വളർത്തമ്മ'യെന്ന ഉന്നതമായ സ്ഥാനമാണു് സ്ത്രീ അലങ്കരിക്കുന്നതു്. തലമുറതലമുറയായി സ്ത്രീ നിർവ്വഹിക്കുന്ന സേവനം അതുമാത്രമാണു്. അതുകൊണ്ടുതന്നെയാണു് വളരുന്നലോത്തിന്റെ ചിന്താഗതിയുമായി പൊരുത്തപ്പെട്ടുകഴിയുവാൻ അവൾക്കു് സാധിക്കണമെന്നു് പറയുന്നതു്.

വിലക്കപ്പെട്ടകനി

ഏറെ പുറകോട്ട് പോകുന്നില്ല. ഒരു അൻപതുവർഷങ്ങൾക്കപ്പുറത്തു് നമ്മുടെ സാമൂഹ്യവേദിയിൽ സ്ത്രീക്കുള്ളസ്ഥാനം എന്തായിരുന്നു? വളരെ പരിതാപകരമായിരുന്നു. അടുക്കള മുറിയാകുന്ന നാലുകെട്ടിനുള്ളിൽ അവൾ അറിയപ്പെടാതെ കഴിഞ്ഞുകൂടിയിരുന്നു. വിദ്യാഭ്യാസരംഗം— സാമൂഹ്യവേദി രാഷ്ട്രീയകാര്യങ്ങൾ ഇവയിലൊന്നും അവൾ ശ്രദ്ധിച്ചിരുന്നില്ല. അല്ലെങ്കിൽ അവയെല്ലാം അവൾക്കു് വിലക്കപ്പെട്ട ''കനി''കളായിരുന്നു. അന്നു് പെൺപിള്ളേരെ വിദ്യാലയങ്ങളിലേക്കു് പറഞ്ഞയക്കുവാൻ മാതാപിതാക്കന്മാർ ഭയപ്പെട്ടിരുന്നു. കാരണം, ആഭിജാത്യത്തിനു് കോട്ടം തട്ടുംപോലും!

സ്ത്രീയും പുരുഷനും തുല്യനിലയിൽ

സമത്വത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന ഒരു യുഗത്തിലാണു് നാമിന്നു് ജീവിക്കുന്നതു്. മനുഷ്യനെ മനുഷ്യൻ ഒന്നുകൊണ്ടും വേർതിരിക്കുവാൻ സമ്മതിക്കുകയില്ലാത്ത ഒരു കാലഘട്ടമാണിതു്. ജീവിതത്തിന്റെ നാനാതുറകളിലും സ്ത്രീയും പുരുഷനും ഇന്നു് തുല്യയോഗ്യത അനുഭവിക്കുന്നുണ്ടു്. ജനായത്ത രാഷ്ട്രങ്ങളിൽ ജനങ്ങളെ പ്രതിനിധീകരിക്കുന്ന സഭകളിൽ, ഒരു കാലത്തു് സ്ത്രീയെ പ്രതിനിധീകരിച്ചിരുന്നതു് പുരുഷനാണെങ്കിൽ, ഇന്നതു് പാടെ മാറിക്കഴിഞ്ഞു. സ്ത്രീയെ പ്രതിനിധീകരിക്കുവാൻ സ്ത്രീക്കു് പ്രാപ്തിയുണ്ടെന്നു് അവർ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണു്. അങ്ങിനെ എല്ലാ നിലക്കും എല്ലാ രംഗത്തും സ്ത്രീയും പുരുഷനും തുല്യനിലയിൽ എത്തിക്കഴിഞ്ഞു. എന്നാൽ ചില വിഭാഗങ്ങളിൽ സ്ത്രീകൾ ഇന്നു് തരം താഴ്ത്തപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുള്ള ഒരേ ഒരു കാരണം വിദ്യാഭ്യാസപരമായ പിന്നോക്കനിലമാത്രമാണു്.

പുതിയലോകത്തിന്റെ ശിൽപ്പികൾ

ഒരു പുതിയ ലോകത്തിന്റെ ശില്പികളാണു് സ്ത്രീകൾ. നാളത്തെ തലമുറയുടെ എല്ലാ പ്രതീക്ഷകളും സ്ത്രീയിലാണു് നിലകൊള്ളുന്നതു്. അങ്ങനെയുള്ള സ്ത്രീക്കു് അവളുടെ മനസ്സിനെ ശൂന്യമാക്കുക സാദ്ധ്യമല്ല. അവളുടെ മസ്തിഷ്കത്തിനു് പ്രകാശവും ജീവിതത്തിനർത്ഥവും കൈവരണമെങ്കിൽ വിദ്യാഭ്യാസംകൂടിയേ കഴിയൂ. അതില്ലെങ്കിൽ മഹത്തായകൃത്യങ്ങൾ നിർവഹിക്കുവാനുള്ള സ്ത്രീയുടെ ജീവിതം ഒരു തരത്തിൽ ഒരു പരാജയമായി തീരുകയേയുള്ളൂ.

ഇന്നും ചിലർ തിരിഞ്ഞു ചിന്താഗതിയുള്ള പഴമയിലും പാരമ്പര്യങ്ങളിലും മാത്രം വിശ്വസിക്കുന്നു— ആൾകൂടി സ്ത്രീവിദ്യാഭ്യാസത്തിനെതിരാണു്. ''പെണ്ണുപഠിച്ചാൽ പെഴച്ചു'' എന്നൊരു ദയനീയമായ ചിന്താഗതി!

തുല്യയോഗ്യത

ഒരു ഭവനത്തിന്റെ കാലു

കും തുല്യബലമുള്ളവയല്ലെങ്കിൽ ഏതു വിധത്തിലുള്ള ബലഹീനത ആ ഭവനത്തിനുണ്ടാകുമോ, അത്തരത്തിലുള്ള ഒരു പതനമാണ് സ്ത്രീക്ക് വിദ്യാഭ്യാസമില്ലെങ്കിൽ സമുദായമാകുന്ന ബഹുത്തായ സൗധത്തിനും ഉണ്ടാകുന്നതു്. കാരണം സ്ത്രീയും പുരുഷനുമാകുന്ന രണ്ടു കാലുകളാണ് സമുദായസൗധത്തെ ബലവത്താക്കി നിലനിർത്തുന്നതു്. അതിലൊന്നിന് ബലക്ഷയമുണ്ടായാൽ തീർച്ചയായും ഫലം നാശം ആയിരിക്കും. ഇക്കാരണത്താൽ തന്നെ വിദ്യാഭ്യാസപരമായി പുരുഷനുള്ള യോഗ്യത തുല്യമായി അനുഭവിക്കുവാൻ അവകാശവും അർഹതയും സ്ത്രീക്കുണ്ട്. ഇതിൽനിന്ന് സ്ത്രീയെ മാറ്റിനിർത്തുവാൻ ആഗ്രഹിക്കുന്നതു് അതിരുകടന്ന സ്വാർത്ഥലാഭം മാത്രമാണ്.

സ്ത്രീവിദ്യാഭ്യാസത്തിന് വിലങ്ങുതടിയായി നിൽക്കുന്നതു് കുറെയെല്ലാം നമ്മുടെ കുടുംബസാഹചര്യങ്ങളും, ഏറെ പഴഞ്ചൻ പ്രമാണങ്ങളുമാണ്. ചിലർ പറയുന്നതു് കേൾക്കാം, ''അവൾക്ക് വയസ്സ്....ഇത്രയായില്ലേ, എഴുതാനും വായിക്കുവാനുമൊക്കെ പഠിച്ചു. ഇനിവല്ലവന്റേയുംകൂടെ അങ്ങ് പറഞ്ഞയയ്ക്കാം'' എന്ന്.

പഴഞ്ചൻചിന്താഗതി

വിവാഹ ജീവിതത്തിലൂടെ സമുദായത്തിന്റേയും ലോകത്തിന്റേയും ഏറ്റവും കീഴ്ഘടകമായ കുടുംബത്തിന് രൂപം കൊടുക്കേണ്ട— തന്റെ ജീവിതമാതൃകകളിലൂടെ, ശിക്ഷണത്തിലൂടെ, നേതൃത്വത്തിലൂടെ കുഞ്ഞുങ്ങളെ ലോകത്തിന് ഉപകാരമുള്ള ഉത്തമപൗരന്മാരായി വളർത്തിയെടുക്കേണ്ട കുടുംബമാകുന്ന ആദ്യ പാഠശാലയിലെ പ്രധാനാദ്ധ്യാപികക്ക് ചിലർകൊടുക്കുന്ന ഡിപ്ലോമയാണ് മൻപറഞ്ഞ വാചകം.

പരിഷ്കൃത ലോകത്തിന്റെ പുത്തൻ ചിന്തകളുമായി ബന്ധപ്പെടുവാൻ കൊതിക്കുന്ന നമ്മുടെ യുവ സഹോദരിമാരെ വിദ്യാഭ്യാസരംഗത്തു് പ്രോത്സാഹിപ്പിക്കേണ്ട കടമ സമുദായമേന്മ കാംക്ഷിക്കുന്ന സകലരുടേതുമാണ്. പെണ്ണുപഠിച്ചാൽ 'പെഴപ്പെട്ട'മെന്നും, തറവാടിന്റെ മുഖത്തു് കരിതേക്കുമെന്നും, ആഭിജാത്യത്തിനു് കോട്ടം തട്ടുമെന്നും, പഴയ വിശ്വാസത്തിനു് വാട്ടം നേരിടുമെന്നും, പൗരാണികമാമൂലുകൾക്കു് പതനം സംഭവിക്കുമെന്നുമുള്ള ചിന്താഗതി നമ്മുടെ സമുദായത്തിൽ കുറെയൊക്കെ ഇന്നും നിലവിലുണ്ട്. അതവസാനിപ്പിക്കേണ്ടകാലം കടന്നു കഴിഞ്ഞിരിക്കുകയാണ്.

വേണ്ടാത്തവേലിക്കെട്ടുകൾ

സമുദായത്തിന്റെ താണപടിയിൽ സ്ത്രീയെ താഴ്ത്തിക്കെട്ടിയിരുന്ന കാലം എന്നേക്കുമായി അവസാനിച്ചിരിക്കുകയാണ്. സമുദായ സാമ്രാജ്യത്തിൽ പുരുഷന്റെ സർവ്വാധിപത്യത്തിന്റെ വിജയക്കൊടി ഇനിയും ഏറെക്കാലം ഒറക്കു് പാറുവാൻ അനുവദിക്കരുതു്. പുരുഷനോടൊത്തു് ജീവിതത്തിന്റെ വിവിധരംഗങ്ങളിൽ വിജയകരമായി പ്രവർത്തിക്കുവാൻ സാധിക്കുമെന്നു് ആധുനികവനിതകൾ വ്യക്തമാക്കിക്കഴിഞ്ഞു ഐക്യരാഷ്ട്രസംഘടനയിൽ ആധിപത്യം വഹിക്കുവാൻ മഹത്തായ ഒരു രാഷ്ട്രത്തിന്റെ റാണിപദം വഹിക്കുവാൻ— സ്വന്തം ഭർത്താവിന്റെ വിരിനെഞ്ചിൽ നിറതോക്കു് ചൂണ്ടിയ കശ്മലന്മാരായ ജനതതിയെ ധീരമായി അഭിമുഖീകരിക്കുവാൻ— ആ രാഷ്ട്രത്തിന്റെ പ്രധാനമന്ത്രിപദം വഹിക്കുവാൻ, ഉന്നതമായ ന്യായാധിപപീഠത്തിലിരുന്നു് തന്റെ യജമാനനെന്നു് ഭാവിച്ചിരുന്ന പുരുഷനെപോലും നീതിയുടെ ത്രാസ്സിലിട്ടു് തൂക്കുവാൻ സ്ത്രീക്കു കഴിഞ്ഞെങ്കിൽ എന്തുകൊണ്ടു്, ഏതുകൊണ്ടു് സ്ത്രീ പിന്നോക്കം മാറി നിൽക്കണം? ചുരുക്കത്തിൽ ചില വേണ്ടാത്തവേലിക്കെട്ടുകളാണ് സ്ത്രീയെ അധ:പ്പതിപ്പിക്കുന്നതെന്നു് വ്യക്തം. ആ വേലിക്കെട്ടുകൾ തകർക്കുകയും സുഗമമായ മറ്റു ചില മാർഗ്ഗങ്ങൾ തുറക്കുകയും ചെയ്യേണ്ടതു് സമുദായക്ഷേമത്തിന് ആവശ്യമാണ്.

അമ്മമാർ യത്നിക്കട്ടെ.

വിദ്യാഭ്യാസമുള്ള അമ്മമാരെ ഈ കാലഘട്ടം ആവശ്യപ്പെടുകയാണ്. അവരിൽനിന്നു് വളരുന്ന സുശിക്ഷിതമായ നേതൃത്വത്തിൻ കീഴ് വളരുന്ന— കുഞ്ഞുങ്ങളാണ് നാളത്തെ ലോകത്തിനാവശ്യം, നാളത്തെ തലമുറക്കു് വിളക്കും വിജ്ഞാനവുമായിവർത്തിക്കേണ്ട ഇന്നത്തെ സ്ത്രീകൾ വിദ്യാഭ്യാസകാര്യത്തിൽ ഇനിയും മുന്നേറേണ്ടതായിട്ടുണ്ട്.

പുരോഗതിയുടെ പൂപ്പന്തലിലേക്കു് പ്രയാണം ചെയ്യുന്നതെന്നു് പറയപ്പെടുന്ന ഇന്നത്തെ ലോകത്തിൽ— സദാചാരവും സന്മാർഗ്ഗവും ബലികഴിക്കപ്പെടുന്ന ഇന്നത്തെ ലോകത്തിൽ ദൈവവും ദൈവികനിയമങ്ങളും ക്രൂശിക്കപ്പെടുന്ന ഇന്നത്തെ ലോകത്തിൽ, ഒരു പുതിയ തലമുറക്കു് ജന്മംകൊടുക്കേണ്ട ചുമതലമാതാക്കൾക്കു് മാത്രമാണ്, അടുക്കളയാകുന്ന ആകുടിപ്പള്ളിക്കുടത്തിൽ വെച്ചു തന്നെ തങ്ങളുടെ കുഞ്ഞുങ്ങളുടെ മാറുരച്ചുനോക്കുവാൻ— കലർപ്പില്ലാത്തതാക്കുവാൻ അമ്മമാർ യത്നിക്കട്ടെ.

ത്യാഗവും സഹനവും വഴിവളർത്തിയെടുത്ത തങ്ങളുടെ പുന്നാരമക്കൾ 'പിഴപ്പെട്ട്' പോകാത്ത നിലയിൽ വളർത്തുവാൻശ്രേഷ്ഠങ്ങളായ പുസ്തകങ്ങളും കത്തോലിക്കാദിനപ്പത്രങ്ങളും മാസികകളും വായിച്ച് വിജ്ഞാനം കൈവരുത്തുന്നതിനു് അമ്മമാർ ശ്രമിക്കുകയും മക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

അങ്ങനെ കുടുംബത്തിനു് രൂപം കൊടുക്കുന്ന, സമുദായത്തിനു് ജീവൻ നൽകുന്ന, സഭക്കു് ചൈതന്യം പകരുന്ന, ലോകത്തിനു് ഉപകാരിണികളായ മാതാക്കളെക്കൊണ്ടു്— ഉത്തമസന്താനങ്ങളെക്കൊണ്ടു് ലോകം നിറയട്ടെ. സഭ വളരട്ടെ. സമുദായം നിലനിൽക്കട്ടെ.

ബുള്ളറ്റിൻവരിസംഖ്യ

ഒരു വർത്തേയ്ക്ക്. 3. രൂ
സിങ്കിംകോപ്പി 25പൈ.
(വരിസംഖ്യ എപ്പോഴും മുൻകൂർ അയച്ചിരിക്കണം.)

എഡിറ്റർ

സഹ്യന്റെ മാർവിൽ തല ചായ്ച്ചു തളർന്നുറങ്ങുകയായിരുന്നു. കേരളം! അറബിക്കടലിലെ അലമാലകൾ അവളുടെ പാദങ്ങളിൽ ചുംബിച്ചുകൊണ്ടിരുന്നു....

മാനം മുട്ടുന്ന മല, മാനം ചേർക്കുന്ന കല, പൊട്ടിച്ചിരിക്കുന്ന കാട്ടാറ്, പുഞ്ചിരിക്കുന്ന പൂക്കാട്ട് കളകളം പെയ്യുന്ന പുന്നാരക്കിളികൾ, കരളുകുളിർപ്പിക്കുന്ന വിളകൾ എല്ലാംഎല്ലാം തികഞ്ഞ കേരളത്തിൽ....പാലും തേനുംപരന്നൊഴുകുന്ന മലയാളത്തിൽ....

ക്രിസ്തുവിന്റെ പ്രേഷ്ഠശിഷ്യനിൽനിന്നും വിശ്വാസദീപംകൊളുത്തിയ മാമലനാട്ടിൽ, സെന്റ് തോമസിന്റെ പാവന പാദസ്പർശത്താൽ പാവപ്പെട്ട മണൽത്തരികൾപോലും പുളകപ്പൂഞ്ചാർത്തണിഞ്ഞ മലയാൺമയിൽ....

ഫ്രാൻസീസ് സേവ്യറും അനുയായികളും സുവിശേഷ വേലയെടുത്ത മലയാളക്കരയിൽ, അനേകമനേകം വൈദീകരുടെയും കന്യാസ്ത്രീകളുടെയും ജന്മംകൊണ്ടനുഗ്രഹീതയായ കേരളനാട്ടിൽ....

പുണ്യത്തിന്റെ ഒരു പൂങ്കോകിലം ഗാനാലാപം ചെയ്തിട്ടില്ല!

വിശുദ്ധിയുടെ ഒരു പൂന്തിങ്കൾ ഉദയം ചെയ്തിട്ടില്ല!!

ഹതഭാഗ്യയായ കേരളം!

വിശുദ്ധിയുടെ മഞ്ജുമണ്ഡപത്തിൽ കാഴ്ചയർപ്പിക്കുവാൻ അവളൊരു വിശുദ്ധനേയോ വിശുദ്ധയേയോ പ്രസവിച്ചിട്ടില്ല! പുണ്യപ്രസൂനങ്ങളുടെ നിത്യമലർവാടിയിൽ അവളുടേതായി ഒരു നറുമലർപോലും വികസിച്ചിട്ടില്ല!

ഒരു പുണ്യവാന്റേയോ, പുണ്യവതിയുടെയോ ജന്മംകൊണ്ടനുഗ്രഹീതയാകുവാൻ പാവം കേരളത്തിനു ഭാഗ്യം സിദ്ധിച്ചിട്ടില്ല!

അവമാനത്തിന്റെ ആ കനത്ത കദനഭാരവുംപേറി കേരളാംബ തളർന്നുറങ്ങുകയായിരുന്നു, നീലാകാശത്തിനു താഴെ, സഹ്യന്റെ താഴ്വരയിൽ, അറബിക്കടലിന്റെ തീരത്ത്....!

''അൽഫോൻസാ'' മന്ദ്രമധുരമായ മനോഹരനാദം!

''അൽഫോൻസാ അനുഗ്രഹത്തിന്റെ പുത്രീ!!'' അനേകായിരങ്ങളുടെ ആർപ്പുവിളി!

കേരളാംബ ഞെട്ടിയുണർന്നു----- ആനന്ദാരവങ്ങൾക്കിടയിൽ അവൾ പിടഞ്ഞെണീറ്റു....

സിസ്റ്റർ അൽഫോൻസാ

അഭിമാനത്തിന്റെ അലമാലകൾ കേരളാംബയുടെ വദനസരോജത്തിൽ അരുണാഭചൊരിഞ്ഞു!

നീലാംബരത്തിനു താഴെ, സഹ്യന്റെ താഴ്വാരത്തു്, തിരമാലകളുടെ തീരത്തു്— പച്ചവിരിച്ച മാമലനാട്ടിൽ.... പുണ്യത്തിന്റെ ഒരു പൂന്തിങ്കൾ....!

മരതകപ്പച്ചയണിഞ്ഞ മലനാടും, പുഞ്ചപ്പാടങ്ങൾ നിറഞ്ഞ ഇടനാടും, അലമാലകൾ നിതരാം ചുംബിക്കുന്ന തീരതലവും ചേർന്ന കേരളനാട്ടിൽ....

വിശുദ്ധിയുടെ ഒരു പൊൻകിനാവുവിടരുന്നു!

അനുഗ്രഹത്തിന്റെ പുത്രി

(ജോസ് വാക്കയിൽപറമ്പിൽ B.A.B.L.)

പുണ്യത്തിന്റെ പൂന്തിങ്കൾ ഉദിച്ചുയരുന്നു!!

അൽഫോൻസാ! അനുഗ്രഹത്തിന്റെ പുത്രി!

അവളൊരു കവിതയായിരുന്നു. കരഞ്ഞുവരുന്ന കമനീയ കവിത!

വൃത്തവും പ്രാസവുംമൊത്തിണങ്ങിയ പൊന്നോമനക്കവിത!

അനശ്വരനായ മണവാളന്റെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന പുണ്യപ്പെട്ടകവിത!

അൽഫോൻസാ! അവളൊരു പൂന്തിങ്കളായിരുന്നു. പുണ്യത്തിന്റെ പൂന്തിങ്കൾ! കദനത്തിന്റെ കാറും കറുപ്പും ആ പൂന്തിങ്കളിൽ കളങ്കം ചാർത്തിയപ്പോഴും അതുപ്രകാശിച്ച സഹനത്തിന്റേതായ തങ്കപ്രഭയോടുകൂടി!....

അൽഫോൻസാ! അവളൊരു പനിനീർക്കുസുമമായിരുന്നു. പരിശുദ്ധിയുടെ പാടലാഭയേണിഞ്ഞ പരമകോമളമായ പനിനീർക്കുസുമം! കന്യാകാലയത്തിന്റെ കരിങ്കൽക്കെട്ടിനുള്ളിൽ അതുവിടർന്നു വികസിച്ചുനിന്നു. ലോകം അതിന്റെ പരിമളം ആസ്വദിച്ചില്ല! ഭൗതീകത്വത്തിന്റെ കരാളകാളിമ അതിനെ സ്പർശിച്ചുമില്ല! വിശുദ്ധിയുടെ ആ വദുപുഷ്പം ഇറുത്തെടുത്തപ്പോഴാണു് അതിന്റെ പരിമളധോരണി വിശ്വമെങ്ങും പരന്നൊഴുകിയതു്. സ്വർല്ലോകനാഥന്റെ നിത്യമലർവാടിയിൽ ആ പുണ്യപ്രസൂനം ഇന്നു സാനന്ദം ലാലസിക്കുന്നു.

അൽഫോൻസാ! അവൾ സഹനത്തിന്റെ പുത്രിയായിരുന്നു. സഹനത്തിനു ദൈവസ്നേഹത്തേക്കുറിച്ചുള്ള മനഃപൂർവ്വമായ സഹനത്തിനു തനിത്തങ്കത്തേക്കാൾ വിലയുണ്ടെന്നവൾ വിശ്വത്തിനു കാട്ടിക്കൊടുത്തു. വേദനയുടെ വേലിയേറ്റങ്ങൾ തനിക്കുചുറ്റും ആർത്തിരമ്പി ക്കൊണ്ടിരുന്നപ്പോഴും, കഷ്ടപ്പാടുകളുടെ കാരമുൾപ്പടർപ്പുകളിൽ അമർത്തിച്ചവുട്ടിക്കൊണ്ടിരുന്നപ്പോഴും അവൾ വിശ്വാസം കൈവെടിഞ്ഞില്ല.എല്ലാം തന്റെ ഹൃദയനാഥനുവേണ്ടിയാണെന്നുള്ള എല്ലാം തന്റെ നല്ല ദൈവത്തിനു വേണ്ടിയാണെന്നുള്ള ആനന്ദചിന്ത അവൾക്കാശ്വാസം നൽകി.... ആവേശം നൽകി.... കാലത്തിന്റെ പരിപൂർത്തിയിൽ വിശുദ്ധിയുടെ സുവർണ്ണകിരീടം കന്യകകളുടെ നിത്യമണവാളൻ അവളെ അണിയിച്ചനുഗ്രഹിക്കുകയും ചെയ്തു....

അൽഫോൻസാ! അവൾ മറെറാരു ''ചെറുപുഷ്പ''മാണു്. ഭരണങ്ങാനത്തെ ക്രൂരമാത്തിൽ വിരിഞ്ഞു വികസിച്ചുനിന്ന പുണ്യപുഷ്പം! വിശുദ്ധിയുടേതായ കുറുക്കുവഴിയിലൂടെ അവളും സ്വർഗ്ഗീയ മലർവാടിയിൽ പറന്നെത്തി.

അൽഫോൻസാ! അനുഗ്രഹത്തിന്റെ പുത്രീ! പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. ഞങ്ങൾ നഷ്ടധൈര്യരും വിശ്വാസം ക്ഷയിച്ചവരുമാകുന്നു.... കണ്ണുനീരിന്റെ താഴ്വരയായ ഈ ഭൂതലത്തിൽ അലഞ്ഞുഴലുന്ന ''ഹാവാ''യുടെ മക്കളായ ഈ നിർഭാഗ്യരുടെമേൽ അനുഗ്രഹത്തിന്റെ പനിനീർക്കുസുമങ്ങൾ വർഷിക്കുക!

അൽഫോൻസാ! അനുഗ്രഹത്തിന്റെ പുത്രീ! പാപികളായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.

എ കെ സി സി ബുള്ളറിൻ



നമ്പൂതിരി ഒരു ഭരണിവാങ്ങാനായി കടയിൽക്കയറി. നിലത്തു് വരിവരിയായി കമഴ്ത്തിവച്ചിരുന്ന ഭരണി കടക്കാരനു കാണിച്ചുകൊടുത്തു.

''ആവൂ!! ഇതിനൊന്നും വായില്ലല്ലോ!! നമ്പൂതിരിപറഞ്ഞു. അയാൾ ഒരു ഭരണി എടുത്തു മറിച്ചുനോക്കി'' ആവൂ! ഇതിനു മൂടും ഇല്ലല്ലോ?!!

o o o

പരിഷ്കാരിയായ പാരീസിലെ ഒരു പട്ടണയുവതിയോടു് കാമുകൻ ചോദിച്ചു: അപ്പോൾ നമ്മുടെ വിവാഹക്കാര്യം അച്ഛനോടു പറയേണ്ടേ?

''അച്ഛന്റെ വിവാഹം നമ്മോടു പറഞ്ഞിരുന്നോ?!!

o o o

പത്രം വായിച്ചുകൊണ്ടിരുന്ന ഭാര്യ ഭർത്താവിനോടു്:— കേട്ടില്ലേ ഇരുപത്തേഴായിരം അടി ഉയരമുള്ള 'മാജുനാ' പർവ്വതശിഖരത്തിലേയ്ക്കു് ഒരു സംഘം സ്ത്രീകൾ കയറാൻ തുടങ്ങിയിരിയ്ക്കുന്നെന്നു്.

''അവിടെ ആരോ വല്ലപുതിയ സ്വർണ്ണക്കടയും തുടങ്ങിക്കാണും,

o o o

ഹോട്ടലിൽ കാപ്പികുടിച്ചിരുന്ന ഒരുവൻ ഹോട്ടൽമാനേജരെ തട്ടിക്കയറി, ഹേ, കണ്ടില്ലേ, ഞാൻ കാപ്പികുടിച്ച കഴിഞ്ഞപ്പോൾ ഗ്ലാസ്സിന്റെ അടിയിൽ ഒരു ചത്ത ഈച്ച പറ്റിപ്പിടിച്ചിരിയ്ക്കുന്നു. എന്താണിതിന്റെ അർത്ഥം?!!

''അതിന്റെ അർത്ഥം നിങ്ങളൊരു മഹാ ദരിദ്രവാസിയാണെന്നു്. ഇന്നുവരെ ഇവിടെ വന്ന കാപ്പികുടിച്ചിട്ടുള്ളവരാരുംതന്നെ ഗ്ലാസ്സിന്റെ അടി കാണത്തക്കവണ്ണം മട്ടുകൂടി ഊറ്റിക്കുടിച്ചിട്ടില്ല.

സണ്ണിയും, ജോണിയും തമ്മിൽ ക്ലാസ്സിൽവച്ചു് ഒരു അടിപിടി നടന്നു. സണ്ണികരഞ്ഞുകൊണ്ടു് ഹെഡ്മാസ്റ്ററുടെ മുമ്പിൽ പരാതി ബോധിപ്പിച്ചു. ഹെഡ്മാസ്റ്റർ കേസുവിസ്താരം തുടർന്നു.

സണ്ണി പറഞ്ഞുതുടങ്ങി:— വഴക്കുതുടങ്ങി രണ്ടു സെക്കൻറിനകം ആദ്യത്തെ അടി ഇങ്ങോട്ടുവന്നു. ആദ്യത്തെ അടികഴിഞ്ഞു് പിന്നീടു മൂന്നാമത്തെ അടി ഇങ്ങോട്ടു വന്നു.

''ആദ്യത്തെകഴിഞ്ഞു് രണ്ടാമത്തേതെന്നു പറ. മൂന്നാമത്തേതല്ല''.

''അല്ലസാർ, രണ്ടാമത്തെ അടി ഞാൻ അങ്ങോട്ടാകൊടുത്തതു്.''

o o o

ഹിറ്റ്ലർക്കു് ആദ്യമായി ഒരമളിപറ്റിയതു് ഒരു ഭ്രാന്താലയത്തിൽ വച്ചായിരുന്നു. ഭ്രാന്താലയം സന്ദർശിയ്ക്കാനെത്തിയ ഹിറ്റ്ലറെ, മൻകൂട്ടി പരിശീലിപ്പിച്ച തന്നുസരിച്ചു് ഭ്രാന്തന്മാരെല്ലാം വരിവരിയായിനിന്നു് നാസിമട്ടിൽ കൈകളുയർത്തി അഭിവാദ്യം ചെയ്തു. വരിയുടെ ഒരറ്റത്തായി അല്പം മാറിനിന്ന ഒരാൾ മാത്രം അതു ചെയ്തില്ല. ഹിറ്റ്ലർ അയാളുടെ അടുത്തു ചെന്നിട്ടു സൗമ്യനായിട്ടു ചോദിച്ചു. ''എന്താ നിങ്ങൾ മാത്രം എന്നെ അഭിവാദ്യം ചെയ്യാതെ മാറിനിൽക്കുന്നതു്.?

''അതിനു ഞാൻ ഭ്രാന്തനല്ല. ഇവിടുത്തെ സൂപ്രണ്ടാണു്.''

o o o

ഒരുവൻ:— പത്രത്തിൽ പരസ്യം കണ്ടതനുസരിച്ചു് വയറ്റിവേദന മാറാൻ ഞാൻ ആറുരൂപാ കൊടുത്തൊരു മരുന്നു വാങ്ങി.

''എന്നിട്ടു കുറഞ്ഞോ?

''ആറുരൂപാ കുറഞ്ഞു.''

o o o

ചോദിച്ചു ''മൊട്ടസൂചിയുണ്ടോ ഇവിടെ?''

''ഇല്ല'' വില്പനക്കാരൻ പറഞ്ഞു. അയാൾ പോയിക്കഴിഞ്ഞപ്പോൾ കടമുതലാളിപറഞ്ഞു. ആരെന്തുചോദിച്ചാലും ഉടൻ ഇല്ല, എന്നങ്ങു പറയരുതു്. മൊട്ടസൂചി ചോദിച്ചാൽ പകരം സെഫ്റ്റി പിൻ ഉണ്ടു് അതു മതിയാകുമോന്നു ചോദിയ്ക്കണം.

കുറെക്കഴിഞ്ഞു് ഒരുവൻ വന്നു ചോദിച്ചു ''ബ്ലയിഡുണ്ടോ ഇവിടെ?''

''ഇല്ല, (അല്പം ആലോചിച്ചിട്ടു്) കോടാലിയുണ്ടു്. അതു മതിയാകുമോ?''

o o o

രോഗികളെ പരിശോധിച്ചുകൊണ്ടിരുന്ന ഡാക്ടരുടെ മുറിയിലേയ്ക്കു ഒരുവൻ കടന്നുവന്നു.

''തനിയ്ക്കെന്താണസുഖക്കേടു്.

''സാർ ഏതു സമയത്തും അതിരു കടന്ന വിശപ്പാണു്. വിശപ്പും പരവേശവും തന്നെ. തിന്നാനിരുന്നാൽ ഒരു പറ അരീടെ തിന്നാലും മതിയാവുല്ല.''

''ആട്ടെ മരുന്നിനു കൂപ്പി കൊണ്ടുവന്നിട്ടുണ്ടോ?''

''ഇല്ല, കുട്ടകം കൊണ്ടുവന്നിട്ടുണ്ടു്.''

o o o

അച്ചാ പള്ളിക്കുടത്തിലെ ആനിവേഴ്സറിയ്ക്കു് ''പുകവലിയും അതിന്റെ ദൂഷ്യങ്ങളും എന്ന വിഷയത്തെപ്പറ്റി നടത്തിയ എന്റെ പ്രസംഗത്തിനു് ഒന്നാംസമ്മാനം കിട്ടി.

''എന്താ മകനേ സമ്മാനം?

''വെള്ളികൊണ്ടുള്ള ഒരു ''ആ

ജൂലൈ 12 ശനിയാഴ്ച രാവിലെ 9 മണിക്ക് സമ്മേളനം ആരംഭിച്ചപ്പോൾ പ്രതിനിധികളും നിരീക്ഷകരും സന്നിഹിതരായിരുന്നു. ഫോട്ടോ: കെ. ജി. ജോസഫ്

Edited, Printed and Published for the Working Committee of the All Kerala Catholic Congress by Joseph Kalampukattussery, at Deepika Press, Kottayam.